KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

# കുട്ടികളുടെ അവകാശ സംരക്ഷണം

- ബാലനീതി ആക്ട് 2015
- പോക്സോ ആക്ട് 2012
- ആർ.റ്റി.ഇ. ആക്ട് 2009



# കുട്ടികളുടെ അവകാശ സംരക്ഷണം

ബാലനീതി ആക്റ്റ്, 2015
പോക്സോ ആക്റ്റ്, 2012
ആർ.റ്റി.ഇ. ആക്റ്റ്, 2009

| | | |
|---|---|---|
| സെക്രട്ടറി | : | ശ്രീമതി. ജയശ്രീ. റ്റി.കെ |
| ചീഫ് എഡിറ്റർ | : | ശ്രീമതി. മിനി ഭാസ്കർ. എസ്<br>രജിസ്ട്രാർ |
| എഡിറ്റർ | : | ശ്രീ. ശ്യാംകുമാർ. പി<br>പബ്ലിക് റിലേഷൻസ് ഓഫീസർ |
| അസിസ്റ്റന്റ് എഡിറ്റർ | : | ശ്രീമതി. ദേവി പി.ബാലൻ |
| ഉള്ളടക്കം | : | ജെ.ജെ. സെൽ |
| | : | പോക്സോ സെൽ |
| | : | ആർ.റ്റി.ഇ സെൽ |
| ഡി.റ്റി.പി. | : | അരുൺ എം.വി |
| പ്രിന്റ് & പബ്ലിഷർ | : | കേരള സംസ്ഥാന ബാലാവകാശ<br>സംരക്ഷണ കമ്മീഷൻ<br>2023 ഡിസംബർ |
| കോപ്പികൾ | : | 10000<br>സൗജന്യ വിതരണത്തിന് |


**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**

റ്റി.സി.14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ.,
തിരുവനന്തപുരം - 695034 ഫോൺ : 0471-2326603, 2326604, 2326605
ഇ-മെയിൽ: childrights.cpcr@kerala.gov.in
വെബ്: www.kescpcr.kerala.gov.in

## ഉള്ളടക്കം

### I ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015


| | |
|---|---|
| ബാലനീതി ആക്റ്റ്, 2015 | 15 |
| ബാലനീതി ആക്റ്റ് പ്രകാരം പൊതുവായി അനുവർത്തിക്കേണ്ട തത്ത്വങ്ങൾ | 17 |
| **ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ** | 20 |
| ചൈൽഡ് വെൽഫെയർ കമ്മിറ്റി | 21 |
| ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവാദിത്തങ്ങൾ | 22 |
| ചൈൽഡ് വെൽഫെയർ കമ്മിറ്റി സ്വീകരിക്കുന്ന നടപടികൾ | 23 |
| കുട്ടികളുടെ വിഷയങ്ങളിൽ കർത്തവ്യവാഹക രുടെ പങ്ക് | 24 |
| പോലീസ് (സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU)/ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (CWPO)) | 24 |
| ചൈൽഡ് വെൽഫെയർ കമ്മിറ്റി | 25 |
| ജില്ല ശിശുസംരക്ഷണ യൂണിറ്റ് | 28 |
| സന്നദ്ധ സംഘടനകൾ | 31 |
| ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ പുനരധിവാസം | 32 |

| | |
|---|---|
| **നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ** | 33 |
| ജുവനൈൽ ജസ്റ്റിസ് ബോർഡ് | 33 |
| ജുവനൈൽ ജസ്റ്റിസ് ബോർഡ് കൈകൊള്ളുന്ന നിയമനടപടികൾ | 34 |
| കുട്ടികളുടെ വിഷയങ്ങളിൽ കർത്തവ്യവാഹകർ സ്വീകരിക്കേണ്ട നടപടികൾ | 37 |
| ജുവനൈൽ ജസ്റ്റിസ് ബോർഡ് | 37 |
| പോലീസ് | 39 |
| ചൈൽഡ് വെൽഫെയർ കമ്മിറ്റി | 42 |
| ജില്ല ശിശുസംരക്ഷണ യൂണിറ്റ് | 42 |
| പ്രോബേഷൻ ഓഫീസർ | 45 |
| സർക്കാരിതര സംഘടനകൾ | 48 |
| **പ്രാഥമിക വിലയിരുത്തലിനുശേഷമുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ തീരുമാനങ്ങൾ** | 48 |
| കുട്ടികളുടെ പുനരധിവാസം | 50 |
| ദത്തെടുക്കൽ | 50 |
| സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി (CARA) | 51 |
| സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA) | 51 |
| സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA) | 53 |
| **ദത്തെടുക്കുന്ന മാതാപിതാക്കളുടെ യോഗ്യത** | 53 |
| ബാലനീതി ആക്റ്റ്, 2015 പ്രകാരമുള്ള കുറ്റവും ശിക്ഷയും | 54 |

| | |
|---|---|
| ജില്ലാ മജിസ്ട്രേറ്റ്/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും | 56 |
| **ബാലവിവാഹ നിരോധന ആക്റ്റ്, 2006** | 60 |
| ബാലവിവാഹത്തിൽ പിറന്ന കുഞ്ഞിന്റെ സംരക്ഷണം | 61 |
| കുറ്റകൃത്യങ്ങളും ശിക്ഷകളും | 62 |
| നിരോധന ഉത്തരവുകൾ | 63 |
| ബാലവിവാഹ നിരോധന ഉദ്യോഗസ്ഥന്റെ ചുമതലകൾ | 63 |
| **ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1986** | 65 |
| കുറ്റവും ശിക്ഷയും | 66 |
| കർത്തവ്യവാഹകരുടെ ചുമതലകൾ | 67 |
| ശിശു സംരക്ഷണ സ്ഥാപനങ്ങൾ കുട്ടിയെ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട നടപടികൾ | 72 |
| ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കുട്ടികൾക്കായി ഉറപ്പാക്കേണ്ട സജ്ജീകരണങ്ങൾ | 73 |
| ദേശീയ കമ്മീഷന്റെയും സംസ്ഥാന കമ്മീഷനുകളുടെയും നിരീക്ഷണ ചുമതലകൾ | 73 |
| **II പോക്സോ ആക്റ്റ്, 2012** | |
| ലൈംഗികാതിക്രമം – കുട്ടികളിൽ കാണുന്ന ലക്ഷണങ്ങൾ | 77 |
| അതിജീവിതർക്ക് ശാരീരികമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ | 78 |

| | |
|---|---|
| ലൈംഗിക കുറ്റകൃത്യവുമായി ബന്ധപ്പെട്ട കേസുകളിൽ കർത്തവ്യവാഹകർ സ്വീകരിക്കേണ്ട നടപടികൾ | 79 |
| പോലീസ് | 79 |
| ചൈൽഡ് വെൽഫെയർ കമ്മിറ്റി | 82 |
| ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് | 84 |
| സപ്പോർട്ട് പേഴ്സൺ | 86 |
| പ്രത്യേക കോടതി | 88 |
| സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ | 89 |
| ഡോക്ടേഴ്സ് (വൈദ്യപരിശോധന) | 90 |
| കേരള നിയമസേവന അതോറിറ്റി | 92 |
| മാധ്യമങ്ങൾ | 93 |
| കുട്ടികളെ ഉപയോഗിച്ച് അശ്ലീല സന്ദേശങ്ങളും വീഡിയോകളും പ്രചരിപ്പിക്കുന്നതിനെതിരെയുള്ള നിയമ നടപടികൾ | 94 |
| ലൈംഗിക കുറ്റകൃത്യങ്ങളും ശിക്ഷയും | 96 |
| കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ – പോക്സോ ആക്റ്റിന്റെ നിരീക്ഷണ സംവിധാനങ്ങൾ | 99 |
| **III ആർ.റ്റി.ഇ.ആക്റ്റ്, 2009** | |
| ആക്റ്റിലെ പ്രധാന വ്യവസ്ഥകൾ | 103 |
| ആക്റ്റിന്റെ പ്രാസക്തി | 104 |
| കർത്തവ്യവാഹകരുടെ ചുമതലകൾ | 106 |
| സ്കൂളുകളുടെ ഉത്തരവാദിത്തങ്ങൾ | 106 |
| അധ്യാപകരുടെ ഉത്തരവാദിത്തങ്ങൾ | 108 |

| | |
|---|---|
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങൾ | 109 |
| രക്ഷിതാക്കളുടെ ഉത്തരവാദിത്തങ്ങൾ | 112 |
| സർക്കാരിന്റെ ഉത്തരവാദിത്തങ്ങൾ | 112 |
| ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പങ്ക് | 114 |
| **കുട്ടിയുടെ നിർവചനം** | **125** |
| **കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ** | **126** |
| **അടിയന്തര സഹായത്തിന് ബന്ധപ്പെടേണ്ട നമ്പറുകൾ** | **128** |

# ആമുഖം

കുട്ടികൾ നമ്മുടെ രാജ്യത്തിന്റെ സമ്പത്താണ്. രാഷ്ട്രത്തിന്റെ പുരോഗതിയും വികസനവും നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിലൊന്നാണ് കുട്ടികൾ. കുട്ടികളുടെ സമഗ്ര വികസനവും സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ പ്രഥമ കർത്തവ്യമാണ്. കുട്ടികളെ ശാരീരികമായും മാനസികമായും ലൈംഗികമായും ചൂഷണം ചെയ്യുന്നതും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി കേന്ദ്ര സർക്കാർ 2005 ൽ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് പാസാക്കുകയുണ്ടായി. അതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന തലങ്ങളിൽ ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ സ്ഥാപിതമായി. 2013 ജൂൺ 3 ന് കേരള സംസ്ഥാന ബാലാകവാശ സംരക്ഷണ കമ്മീഷൻ നിലവിൽ വന്നു. 18 വയസ്സിൽ താഴെയുള്ള ഏതൊരാളേയും കുട്ടികളുടെ ഗണത്തിലാണ് നിയമം പരിഗണിക്കുന്നത്.

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ.ആക്റ്റ്) സംസ്ഥാനത്ത് നടപ്പാക്കുക എന്നത് ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവാദിത്തമാണ്. കൂടാതെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ.ആക്റ്റ്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നിവ നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനിൽ നിക്ഷിപ്തമാണ്. സി.പി.സി.ആർ ആക്റ്റ്, വകുപ്പ് 14 പ്രകാരം കമ്മീഷൻ ഏതെങ്കിലും പരാതികളിൽമേൽ അന്വേഷണവിചാരണ നടത്തുമ്പോൾ, 1908-ലെ സിവിൽ നടപടി നിയമ സംഹിത അനുസരിച്ച് സിവിൽ കോടതിയുടെ എല്ലാവിധ അധികാരങ്ങളും ബാലാവകാശ സംരക്ഷണ കമ്മീഷനുണ്ട്.

ഒരു സമൂഹത്തിന്റെ നിലനിൽപ്പിന്റെയും വികാസത്തിന്റെയും അടിസ്ഥാനമാണ് വിദ്യാഭ്യാസം. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള എല്ലാ സേവനങ്ങളും കുട്ടികൾക്ക് ലഭ്യമാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തം ആണ്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം, ലൈംഗിക പീഡനം, കുട്ടികളെ അശ്ലീലചിത്രങ്ങൾ കാണിക്കൽ, അവരെ ഉപയോഗിച്ച് അശ്ലീലചിത്രം എടുക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനാണ് പോക്സോ നിയമം. കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുക, പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുക, കേസന്വേഷണവും വിചാരണയും ബാലസൗഹാർദപരമാക്കുക, കുട്ടികളുടെ പുനരധിവാസം, ശാരീരിക, മാനസിക, ആരോഗ്യ, സാമൂഹിക വികാസത്തിനുവേണ്ടി കുട്ടികളുടെ ഉത്തമതാല്പര്യം മുൻനിർത്തി നടപടികൾ സ്വീകരിക്കുക തുടങ്ങിയവ പോക്സോ നിയമത്തിന്റെ ലക്ഷ്യങ്ങളാണ്. കുറ്റവാളികൾക്ക് ശിക്ഷയോടൊപ്പം കുറ്റകൃത്യങ്ങൾക്ക് വിധേയരായവർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും പോക്സോ ആക്റ്റ് നിഷ്കർഷിക്കുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും, ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെയും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ളതാണ് ബാലനീതി ആക്റ്റ്, 2015. കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച്, കുട്ടികൾക്കും,അധ്യാപകർക്കും മറ്റ് കർത്തവ്യവാഹകർക്കും,പൊതുസമൂഹത്തിനും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഈ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

**അഡ്വ. കെ.വി. മനോജ്കുമാർ**
ചെയർപേഴ്സൺ,
കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

# കുട്ടികളുടെ അവകാശങ്ങൾ

രാജ്യത്തിന്റെ അമൂല്യമായ സമ്പത്തും വാഗ്ദാനങ്ങളുമാണ് കുട്ടികൾ. കുട്ടികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഒട്ടനവധി പദ്ധതികളും പരിപാടികളുമാണ് ഓരോ രാജ്യങ്ങളും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. സുരക്ഷിതമായ ബാല്യം ഓരോ കുട്ടിയുടെയും അവകാശമാണ്. 1989–ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച സാർവ്വലൗകിക അവകാശ ഉടമ്പടിയിൽ കുട്ടികളുടെ സുരക്ഷിത ബാല്യത്തിനു വേണ്ട അവകാശങ്ങളെ പറ്റി പ്രതിപാദിച്ചിരിക്കുന്നു. ഉടമ്പടിയിൽ 1992–ൽ ഇന്ത്യ ഒപ്പ് വെയ്ക്കുകയും ചെയ്തു.

### ആരാണ് കുട്ടി?

1989–ൽ ഐക്യരാഷ്ട്രസഭ രൂപം നൽകിയ കുട്ടികളുടെ അവകാശ ഉടമ്പടിപ്രകാരം 18 വയസ്സിന് താഴെയുള്ള ഏതൊരാളെയും കുട്ടിയെന്ന് നിർവചിച്ചിരിക്കുന്നു.

### കുട്ടിയുടെ പ്രധാന അവകാശങ്ങൾ

സുരക്ഷിത ബാല്യത്തിന് ഓരോ രാജ്യവും ഉറപ്പുവരുത്തേണ്ട അവകാശങ്ങളെ ക്കുറിച്ച് സാർവ്വലൗകിക അവകാശ ഉടമ്പടിയിൽ വ്യക്തമാക്കുന്നു. ഈ ഉടമ്പടി പ്രകാരം കുട്ടികളുടെ അവകാശങ്ങളെ നാലായി തരംതരിച്ചിരിക്കുന്നു.

1) അതിജീവനം (Survival)
2) ഉന്നമനം (Development)
3) സംരക്ഷണം (Protection)
4) പങ്കാളിത്തം (Participation)

### അതിജീവനം

ജീവിക്കാനുള്ള അവകാശം, മികച്ച പോഷകാഹാരത്തിനുള്ള അവകാശം, വളർച്ചയ്ക്ക് ആവശ്യമായ ജീവിത സാഹചര്യങ്ങൾ ലഭിക്കാനുള്ള അവകാശം, ആരോഗ്യകരമായ ജീവിതം നയിക്കുവാനുള്ള അവകാശം, തനിമയ്ക്കും ദേശീയതയ്ക്കുമുള്ള അവകാശം.

### ഉന്നമനം

വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ, പരിചരണം, വികാസം, വിശ്രമം, വിനോദം, സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം തുടങ്ങിയവയ്ക്കുള്ള അവകാശം.

### സംരക്ഷണം

ചൂഷണം, ദുരുപയോഗം, അവഗണന, മനുഷ്യരഹിതമായ പെരുമാറ്റം, യുദ്ധം, അടിയന്തരാവസ്ഥ തുടങ്ങിയവയിൽ നിന്നുമുള്ള സംരക്ഷണം.

**പങ്കാളിത്തം**

അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം, ആവിശ്യമുള്ള അറിവ് ലഭിക്കൽ, കാഴ്ചപ്പാടുകൾ വേണ്ട രീതിയിൽ പരിഗണിക്കുക, മതപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യം അനുവദിക്കുക എന്നിവ പങ്കാളിത്തത്തിൽ ഉൾപ്പെടുന്നു.

**ഭരണഘടനയും - അനുച്ഛേദങ്ങൾ**

കുട്ടികളെ സംരക്ഷിക്കപ്പെടാനുള്ള അവകാശങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് തയാറാക്കപ്പെട്ടതാണ് നമ്മുടെ ഭരണഘടനയിലെ കുട്ടികൾക്കായുള്ള വ്യവസ്ഥകൾ. ഭരണഘടനയിൽ കുട്ടികളുടെ സംരക്ഷണത്തിനായി അനുശാസിക്കുന്ന പ്രധാന അനുച്ഛേദങ്ങൾ ചുവടെ ചേർക്കുന്നു.

| അനുച്ഛേദങ്ങൾ | വിശദീകരണം |
|---|---|
| 14 | നിയമത്തിനു മുന്നിൽ തുല്യതയും നിയമ സംരക്ഷണവും |
| 15 | വിവേചനങ്ങളിൽ നിന്ന് സംരക്ഷണം |
| 15 (3) | സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേകം വ്യവസ്ഥകൾ |
| 19 (1) (എ) | അഭിപ്രായ സ്വാതന്ത്ര്യം |
| 21 | ജീവിക്കാനുള്ള അവകാശം |
| 21 (എ) | 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം |
| 23 | ബാലവേലയിൽ നിന്നും ബാലഭിക്ഷാടനത്തിൽ നിന്നും സംരക്ഷണം |
| 24 | 14 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ബാലവേലയിൽ നിന്ന് സംരക്ഷണം |
| 39 (ഇ) | പ്രായത്തിനും ശേഷിക്കും ചേരാത്ത തൊഴിലുകളിൽ നിന്നുള്ള സംരക്ഷണം |
| 39 (എഫ്) | നല്ല ജീവിത സാഹചര്യവും ചൂഷണത്തിൽ നിന്നും അനാഥത്വത്തിൽ നിന്നുമുള്ള സംരക്ഷണവും |
| 45 | 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിചരണവും വിദ്യാഭ്യാസവും |
| 32, 226 | മൗലികാവകാശങ്ങൾ സ്ഥാപിച്ച് കിട്ടുവാൻ റിട്ടുകൾ നൽകുന്നതിനുള്ള അവകാശം |

കുട്ടികളുടെ അവകാശ സംരക്ഷണത്തിനു വേണ്ടി ദേശീയ നിയമങ്ങൾ, ദേശീയ/സംസ്ഥാന ചട്ടങ്ങൾ, ദേശീയ/സംസ്ഥാനനയങ്ങൾ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്.

# I

# ബാലനീതി
# (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും)
# ആക്റ്റ്, 2015

ഇന്ത്യൻ ഭരണഘടനയുടെ 14, 15, 19, 21, 23, 24, 45 അനുച്ഛേദങ്ങൾ സുരക്ഷിത ബാല്യത്തിനായി നിയമങ്ങളും, വ്യവസ്ഥകളും, സംവിധാനങ്ങളും അനുശാസിക്കുന്ന ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച 'കുട്ടികളുടെ അവകാശ ഉടമ്പടി' 1992-ൽഭാരതം ഒപ്പുവച്ചു. രാജ്യത്തെ ഓരോ കുട്ടിക്കും സുരക്ഷിതമായ ബാല്യം നൽകുക എന്നത് ഭാരതത്തിന്റെ കടമയാണ്. കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങൾ അവലോകനം ചെയ്തും അന്താരാഷ്ട്ര നിയമങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുമാണ് സുരക്ഷിത ബാല്യത്തിന് സമഗ്രമായ നിയമം ഇന്ത്യ നടപ്പിലാക്കിയത്.

## ബാലനീതി ആക്റ്റ് 2015

| വകുപ്പുകൾ | വിശദീകരണം |
|---|---|
| 3 | കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവുമായി ബന്ധപ്പെട്ട പൊതുതത്ത്വങ്ങൾ |
| 4-9 | ജുവനൈൽ ജസ്റ്റിസ് ബോർഡ് |
| 10-26 | നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ |
| 27-30 | ചൈൽഡ് വെൽഫെയർ കമ്മിറ്റി |
| 31-38 | ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ |
| 39-55 | പുനരധിവാസം |
| 56-73 | ദത്തെടുക്കൽ |

| | |
|---|---|
| 74–89 | കുട്ടികൾക്കെതിരെയുള്ള മറ്റു കുറ്റകൃത്യങ്ങൾ |
| 90–112 | മറ്റിനങ്ങൾ (Miscellaneous) |

ബാലനീതി ആക്റ്റിന്റെ വകുപ്പ് 2 (12) പ്രകാരം 0 മുതൽ 18 വയസ്സ് വരെയുള്ള ഏതൊരാളെയും കുട്ടി എന്ന് നിർവചിക്കുന്നു.

കുട്ടിയുടെ പ്രായം തെളിയിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ് ഇവ രണ്ടും ലഭ്യമല്ലെങ്കിൽ മെഡിക്കൽ ബോർഡിന്റെ ബോൺ ഓസിഫിക്കേഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റ് സ്വീകരിക്കാവുന്നതാണ്. കൂടാതെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (Child in Conflict with Law-CCL) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (Child in Need of Care & Protection-CNCP) എന്നിങ്ങനെ കുട്ടികളെ രണ്ടായി തരംതിരിക്കുകയും ചെയ്യുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് വേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡും (JJB), ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി ചൈൽഡ് വെൽഫെയർ കമ്മിറ്റിയും (CWC) എല്ലാ ജില്ലകളിലും രൂപീകരിക്കുവാൻ ആക്റ്റ് നിർദ്ദേശിക്കുന്നു.

**സംരക്ഷണത്തിനും പുനരധിവാസത്തിനും**

നിയമം ഉറപ്പാക്കുന്ന ദത്തെടുക്കലിന് വേണ്ടി CARA (Central Adoption Resource Authority), കുട്ടികളുടെ സുരക്ഷിതത്ത്വത്തിനായി സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU), ജില്ല ശിശുസംരക്ഷണ യൂണിറ്റുകൾ (DCPU), സ്പെഷ്യൽ ഹോം, ചിൽഡ്രൻസ്ഹോം, ഒബ്സർവേഷൻ ഹോം തുടങ്ങിയവ സ്ഥാപിക്കുന്നതിനും ബാലനീതി ആക്റ്റ് നിർദ്ദേശിക്കുന്നു.

# ബാലനീതി ആക്റ്റ് പ്രകാരം പൊതുവായി അനുവർത്തിക്കേണ്ട തത്ത്വങ്ങൾ

**i. നിരപരാധിയായി അനുമാനിക്കുക;**

ഏതൊരു കുട്ടിയും 18 വയസ്സ് വരെ, ഏതൊരു ദുരുദ്ദേശത്തിലോ ക്രിമിനൽ ലക്ഷ്യത്തിലോ നിരപരാധിയാണെന്ന് അനുമാനിക്കേണ്ടതാണ്.

**ii. അന്തസ്സും മൂല്യവും;**

എല്ലാ മനുഷ്യരോടും തുല്യ മാന്യതയോടും അവകാശങ്ങളോടും കൂടി പെരുമാറണം.

**iii. പങ്കാളിത്തം;**

കുട്ടിയുടെ താല്പര്യത്തെ ബാധിക്കുന്ന എല്ലാ നടപടികളിലും തീരുമാനങ്ങളിലും അവനെ/അവളെ കേൾക്കുവാനും ഉൾപ്പെടുത്തുവാനും, കുട്ടിയുടെ പ്രായത്തിനും പക്വതയ്ക്കും ഉചിതമായ പ്രാധാന്യം നൽകിക്കൊണ്ട് കുട്ടിയുടെ അഭിപ്രായം പരിഗണിക്കപ്പെടുവാനും ഉള്ള അവകാശം ഓരോ കുട്ടിക്കും ഉണ്ടായിരിക്കും.

**iv. ഉത്തമതാല്പര്യം;**

കുട്ടിയെ സംബന്ധിച്ചുള്ള എല്ലാ തീരുമാനങ്ങളും കുട്ടിയുടെ ഉത്തമതാല്പര്യത്തിലുള്ളതാണെന്നും കുട്ടിയുടെ പൂർണ്ണമായ കഴിവുകൾ വികസിപ്പിക്കാൻ സഹായിക്കുന്നതിന് പ്രാഥമിക പരിഗണന നല്കുന്നതുമായിരിക്കും.

**v. കുടുംബത്തിന്റെ ഉത്തരവാദിത്തം;**

കുട്ടിയുടെ പരിപാലനത്തിനും പരിപോഷണത്തിനും സംരക്ഷണത്തിനുമുള്ള ഉത്തരവാദിത്തം, കുടുംബത്തിന്റെയോ ദത്തെടുത്തതോ പോറ്റി വളർത്തുന്നതോ ആയ മാതാപിതാക്കളുടെയോ ആയിരിക്കും.

**vi. സുരക്ഷ;**

പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും സംവിധാനവുമായി ബന്ധപ്പെടുമ്പോഴും അതിനുശേഷവും, കുട്ടി സുരക്ഷിതനാണെന്നും യാതൊരുതരത്തിലുള്ള ഉപദ്രവത്തിനോ ദുരുപയോഗത്തിനോ മോശം പെരുമാറ്റത്തിനോ വിധേയനാവുന്നില്ലെന്നും ഉറപ്പു വരുത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

**vii. മാതൃകാപരമായ നടപടിക്രമങ്ങൾ;**

കുട്ടിയുടെ വ്യക്തിഗത വളർച്ചയുമായി ബന്ധപ്പെട്ട എല്ലാ പ്രക്രിയകളിലും പുരോഗതി കൈവരിക്കാനും, ഈ ആക്റ്റിന് കീഴിലുള്ള ഇടപെടലിന്റെ ആവശ്യകതയ്ക്കും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉൾപ്പെടെ എല്ലാ വിഭവങ്ങളും സമാഹരിക്കേണ്ടതുണ്ട്.

**viii. കളങ്കപ്പെടുത്തുന്ന പദപ്രയോഗങ്ങൾ പാടില്ല;**

കുട്ടിയെ സംബന്ധിക്കുന്ന നടപടികൾക്കിടയിൽ പ്രതികൂലമോ കുറ്റപ്പെടുത്തുന്നതോ ആയ തരത്തിലുള്ള പദങ്ങൾ ഉപയോഗിക്കരുത്.

**ix. അവകാശങ്ങൾ ത്യജിക്കാതിരിക്കുക;**

കുട്ടിയുടെ യാതൊരു അവകാശവും ത്യജിക്കുന്നത് അനുവദനീയമല്ലാത്തതും സാധുതയില്ലാത്തതുമാണ്.

**x. തുല്യതയും വിവേചനാരഹിതവും ഉറപ്പുവരുത്തുക;**

ലിംഗമോ, ജാതിയോ വംശമോ ജന്മസ്ഥലമോ അടക്കം യാതൊരു കാരണത്താലും ഒരു കുട്ടിക്കെതിരെ വിവേചനം നടത്താൻ പാടില്ലാത്തതും, എല്ലാ കുട്ടികൾക്കും തുല്യമായ പ്രാപ്തിയും അവസരവും പരിഗണനയും നൽകണം.

**xi. സ്വകാര്യതയും രഹസ്യാത്മകതയും കാത്തുസൂക്ഷിക്കുക;**

ഏതൊരു കുട്ടിക്കും എല്ലാ വിധത്തിലും നിയമപ്രക്രിയയിലുടനീളവും അവന്റെ/ അവളുടെ സ്വകാര്യതയും രഹസ്യാത്മകതയും സംരക്ഷിക്കാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

**xii. സ്ഥാപനവൽക്കരണം എന്നത് അവസാന ആശ്രയമായി പരിഗണിക്കുക;**

ന്യായമായ അന്വേഷണത്തിനുശേഷം അവസാന ആശ്രയമായി മാത്രമേ ഒരു കുട്ടിയെ സ്ഥാപനത്തിന്റെ സംരക്ഷണത്തിലേക്ക് വിടാൻ പാടുള്ളു.

**xiii. പുനരധിവാസവും തിരികെയെത്തിക്കലും;**

പുനരധിവാസം കുട്ടിയുടെ ഉത്തമ താല്പര്യം മുൻനിർത്തി അല്ലാത്ത സാഹചര്യത്തിലൊഴികെ ബാലനീതി സംവിധാനത്തിൽ ഉള്ള എല്ലാ കുട്ടികൾക്കും, ഏറ്റവും പെട്ടെന്ന് അവന്റെ കുടുംബത്തിലേക്ക് കൂടിച്ചേരാനും, ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതിനു മുമ്പ് അവൻ ഉണ്ടായിരുന്ന അതേ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക പദവിയിലേക്ക് തിരികെയെത്തപ്പെടാനും അവകാശമുണ്ട്.

**xiv. പുതിയ തുടക്കം;**

പ്രത്യേക സാഹചര്യങ്ങളിൽ ഒഴികെ, ബാലനീതി സംവിധാനത്തിൽ ഉൾപ്പെട്ടുവന്ന ഏതൊരു കുട്ടിയുടെയും എല്ലാ പൂർവ്വരേഖകളും നീക്കം ചെയ്യപ്പെടണം.

**xv. ഇതരമാർഗ്ഗം;**

കുട്ടിയുടെയോ സമൂഹത്തിന്റെയോ ഉത്തമ താല്പര്യത്തിനെതിരെങ്കിൽ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ കൈകാര്യം ചെയ്യുന്ന നടപടികളിൽ, നിയമനടപടികളെ ആശ്രയിക്കാതെയുള്ള നടപടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**xvi. സ്വാഭാവിക നീതി;**

ഈ ആക്റ്റിന് കീഴിൽ ജുഡീഷ്യൽ അധികാരത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും അധികാരസ്ഥാപനങ്ങളും ന്യായമായ വിചാരണയും, പക്ഷപാതത്തിനെതിരെ നടപടികളും ഉൾപ്പെടെയുള്ള അടിസ്ഥാന നടപടിക്രമ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ

1. വീടോ താമസസ്ഥലമോ ഉപജീവിനത്തിന് യാതൊരു മാർഗ്ഗവും ഇല്ലാത്തവർ;
2. ഭിക്ഷ യാചിക്കുന്നതോ തെരുവിൽ ജീവിക്കുന്നതോ ആയ കുട്ടികൾ;
3. കുട്ടിയുടെ കൂടെ താമസിക്കുന്ന വ്യക്തി (കുട്ടിയുടെ രക്ഷിതാവാകാം, അല്ലായിരിക്കാം) കുട്ടിയെ പരിക്കേല്പിക്കുകയോ, ചൂഷണം ചെയ്യുകയോ, ദുരുപയോഗം ചെയ്യുകയോ, അവഗണിക്കുകയോ, കുട്ടിയുടെ സംരക്ഷണത്തിനായി നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ലംഘിക്കുകയോ ചെയ്താൽ;
4. കുട്ടിയുടെ കൂടെ താമസിക്കുന്ന വ്യക്തി (കുട്ടിയുടെ രക്ഷിതാവാകാം, അല്ലായിരിക്കാം) കുട്ടിയെ കൊല്ലുമെന്നോ പരിക്കേൽപ്പിക്കുമെന്നോ ചൂഷണം ചെയ്യുമെന്നോ ദുരുപയോഗം ചെയ്യുമെന്നോ ഭീഷണിപ്പെടുത്തുകയും ആ ഭീഷണി നടക്കാൻ സാധ്യതയുണ്ടെങ്കിൽ;
5. ആരും സഹായിക്കാനോ പരിപാലിക്കാനോ ഇല്ലാത്ത കുട്ടിയോ, ശ്രദ്ധിക്കാൻ പ്രാപ്തരല്ലാത്തതോ, മാനസിക രോഗമുള്ളതോ, മാറാരോഗം ബാധിച്ചതോ ആയ മാതാപിതാക്കളാണെന്നോ ബോർഡോ കമ്മിറ്റിയോ കണ്ടെത്തിയതിനാൽ;
6. മാതാപിതാക്കളോ രക്ഷിതാവോ കുട്ടിയുടെ സുരക്ഷയും ക്ഷേമവും ശ്രദ്ധിക്കാനും സംരക്ഷിക്കാനും പ്രാപ്തരല്ലെന്നോ, കഴിവില്ലാത്തവരാണെന്നോ കമ്മിറ്റിയോ ബോർഡോ കണ്ടെത്തിയിട്ടുള്ളതിനാൽ;
7. മാതാപിതാക്കൾ ഇല്ലാത്തതും മറ്റാരും പരിപാലിക്കാൻ തയ്യാറല്ലാത്തതും, മാതാപിതാക്കൾ ഉപേക്ഷിച്ചതോ കൈമാറ്റം (സറണ്ടർ) ചെയ്തതോ ആയവർ;
8. കാണാതായതോ, ഓടിപോയതോ, മാതാപിതാക്കളെ കണ്ടെത്താൻ സാധിക്കാത്തതോ ആയവർ;

9. മയക്കുമരുന്ന്/ലഹരി ദുരുപയോഗത്തിലോ, കുട്ടിക്കടത്തിലോ ഉൾപ്പെടാൻ സാധ്യതയുള്ളവർ;

10. ലൈംഗിക ദുരുപയോഗത്തിനോ, നിയമവിരുദ്ധ പ്രവൃത്തികൾക്കോ, അന്യായമായ നേട്ടങ്ങൾക്കുവേണ്ടിയോ ദുരുപയോഗം ചെയ്യപ്പെടുന്നതോ/ചെയ്യപ്പെടാൻ സാധ്യതയുള്ളവരോ;

11. ഏതെങ്കിലും സായുധ ലഹളയുടെയോ ആഭ്യന്തര കലഹത്തിന്റെയോ പ്രകൃതി ക്ഷോഭത്തിന്റെയോ ഇരയായവർ/ബാധിച്ചവർ;

12. വിവാഹം നടത്തുമെന്ന ഭീഷണിയുള്ളതും മാതാപിതാക്കളോ കുടുംബാംഗങ്ങളോ രക്ഷിതാക്കളോ മറ്റാരെങ്കിലുമോ മുഖേന വിവാഹം നടക്കാൻ സാധ്യതയുള്ളവരോ.

   * ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ പരിപാലിക്കുന്നതിന് ഒരോ ജില്ലയിലും ചൈൽഡ് വെൽഫെയർ കമ്മിറ്റിസംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

## ചൈൽഡ് വെൽഫെയർ കമ്മിറ്റി

1. ഒരു ചെയർപേഴ്സൺ, നാല് അംഗങ്ങളും അടങ്ങുന്ന കമ്മിറ്റിയിൽ ഒരാളെങ്കിലും വനിത ആയിരിക്കണം;
2. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി കാര്യനിർവഹണ ഉദ്യോഗസ്ഥരെ ലഭ്യമാക്കേണ്ടത് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ കടമയാണ്;
3. കമ്മിറ്റിയുടെ കാലാവധി മൂന്ന് വർഷത്തേക്കായിരിക്കും;
4. കമ്മിറ്റി അധികാരികൾ പദവി ദുർവിനിയോഗം ചെയ്യുകയോ കാരണമില്ലാതെ തുടർച്ചയായി മൂന്ന് മാസത്തേക്ക് സിറ്റിംഗിൽ പങ്കെടുത്തില്ലെങ്കിലോ അവരുടെ അംഗത്വം സംസ്ഥാന സർക്കാരിന് അവസാനിപ്പിക്കാം;
5. കമ്മിറ്റിയുടെ പരാതി പരിഹാര അതോറിറ്റി ജില്ലാ മജിസ്ട്രേറ്റ് ആണ്;

6. കേസുകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിശദാംശങ്ങൾ സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതാണ്;
7. കമ്മിറ്റി ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തേണ്ടതാണ്;

## ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവാദിത്തങ്ങൾ

1. കുട്ടികളുടെ പരിചരണം, സംരക്ഷണം, ചികിത്സ, വികസനം, പുനരധിവാസം, കേസുകൾ തീർപ്പാക്കൽ;
2. മാസത്തിൽ 20 ദിവസമെങ്കിലും കമ്മിറ്റി കൂടേണ്ടതുണ്ട്;
3. കമ്മിറ്റി കൂടുന്ന സമയങ്ങളിലും അല്ലാതെയും ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടിയെ കമ്മിറ്റിയിലെ ഒരംഗത്തിന് മുമ്പിൽ ഹാജരാക്കേണ്ടതാണ്;
4. ഒരു കുട്ടിയെ സംബന്ധിച്ച തീരുമാനം എടുക്കുമ്പോൾ കമ്മിറ്റിയുടെ ഭൂരിപക്ഷ തീരുമാനം ഉണ്ടാകാത്തപക്ഷം ചെയർപേഴ്സന്റെ തീരുമാനം നിലനിൽക്കും;
5. കുട്ടിയുടെ കാര്യങ്ങൾ അന്തിമമായി തീർപ്പാക്കുമ്പോൾ കുറഞ്ഞത് മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം;
6. കുട്ടികളുമായി ബന്ധപ്പെട്ട് എല്ലാ വിഷയങ്ങളിലും കമ്മിറ്റി അന്വേഷണം നടത്തുകയും ബാലനീതി ആക്റ്റ് പ്രകാരമുള്ള സാമൂഹിക അന്വേഷണ റിപ്പോർട്ട് (SIR) 15 ദിവസത്തിനുള്ളിൽ സമർപ്പിക്കാൻ ശിശുക്ഷേമ ഓഫീസർമാർ, പ്രൊബേഷൻ ഓഫീസർമാർ, ശിശുസംരക്ഷണ യൂണിറ്റ്, സന്നദ്ധസംഘടനകൾ എന്നിവരോട് ഉത്തരവ് നൽകുകയും ചെയ്യണം;
7. കുട്ടികളുടെ നടപടിക്രമങ്ങൾ നാല് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്;
8. കുട്ടികളെ ദത്തെടുക്കാൻ നിയമപരമായി സ്വതന്ത്രരാണെന്ന് ശരിയായ അന്വേഷണ പ്രക്രിയക്ക് ശേഷം പ്രഖ്യാപിക്കേണ്ടതാണ്;

9. സംരക്ഷണം ആവശ്യമുള്ള കുട്ടികളുടെ പ്രശ്നങ്ങളിൽ സ്വമേധയാ നടപടിയ്ക്ക് അധികാരമുണ്ട്.

## കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ ഹാജരാക്കാൻ നിയമപരമായി ഉത്തരവാദപെട്ടവർ

1. പോലീസ് ഉദ്യോഗസ്ഥർ/സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ
2. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്
3. ഗവൺമെന്റ് ഉദ്യോഗസ്ഥർ
4. ചൈൽഡ് ലൈൻ
5. ചൈൽഡ് വെൽഫെയർ ഓഫീസർ/ പ്രൊബേഷൻ ഓഫീസർ
6. സാമൂഹ്യ പ്രവർത്തകർ, പൊതുപ്രവർത്തകർ
7. നേഴ്സ്, ഡോക്ടർ, ആശുപത്രിമേഖലയിലെ ഉദ്യോഗ സ്ഥർക്ക്
8. കുട്ടിക്ക് നേരിട്ട് CWC മുമ്പാകെ ഹാജരാകാം.

## അന്വേഷണ നടപടികൾക്കുശേഷം ചൈൽഡ് വെൽഫെയർ കമ്മിറ്റി സ്വീകരിക്കുന്ന നടപടികൾ

1. കുട്ടിക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെങ്കിൽ ഉത്തരവ് നൽകുന്നു;
2. കുട്ടിയെ മേൽനോട്ടത്തിലോ അല്ലാതെയോ കുടുംബത്തി ലേക്ക് പുനസ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നൽകുന്നു;
3. ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്കോ/ഫിറ്റ് ഫെസി ലിറ്റി/പോറ്റി വളർത്തൽ (Foster care)/ പ്രത്യേക പരിച രണ കേന്ദ്രം (Special Adoption Agency) എന്നിവയിലേക്ക് അയക്കുന്നതിന് ഉത്തരവ് നൽകുന്നു;
4. കുട്ടിയുടെ ദീർഘകാല/ താല്ക്കാലിക പരിചരണത്തി നായി ഉത്തരവ് നൽകുന്നു;

5. ദത്തെടുക്കലിനു വേണ്ടി കുട്ടി നിയമപരമായി സ്വതന്ത്ര യാണെന്ന് ഉത്തരവ് നൽകുന്നു;

6. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ആവശ്യമായ പരിചരണവും പിന്തുണയും സ്പോൺസർ ഷിപ്പും നൽകുന്നതിനുള്ള ഉത്തരവ് നൽകുന്നു.

## ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിഷയങ്ങളിൽ കർത്തവ്യവാഹകർക്കുള്ള പങ്ക്

**1. പോലീസ് (സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU) /ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (CWPO))**

1. ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുക;

2. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ പോലീസ് യൂണിഫോം ധരിക്കാൻ പാടില്ല;

3. അടിസ്ഥാന ആവശ്യങ്ങളും ആഹാരവും നൽകിയെന്ന് ഉറപ്പുവരുത്തുക;

4. വൈദ്യസഹായം ആവശ്യമാണെങ്കിൽ നൽകുക;

5. ജില്ലയിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുമായി ബന്ധപ്പെട്ട വിവരങ്ങളും, സിറ്റിംഗ് ദിവസങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്;

6. സന്നദ്ധ സംഘടനകൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, ഫിറ്റ്ഫെസിലിറ്റി, ചൈൽഡ് ലൈൻ എന്നിവയുടെ ബന്ധപ്പെട്ട വിവരങ്ങൾ സൂക്ഷിക്കേണ്ടതാണ്;

7. സർക്കാർ ആശുപത്രികളിലെ ശിശുരോഗ വിഭാഗങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്;

8. അവകാശ ലംഘനങ്ങളുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ശിശുസൗഹാർദ്ദപരമായ സമീപനം കൈക്കൊള്ളേണ്ടതാണ്;

9. ലൈംഗിക അതിക്രമം അതിജീവിക്കുന്ന കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാകുന്ന പക്ഷം 24 മണി ക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

## 2. ചൈൽഡ് വെൽഫെയർ കമ്മിറ്റി

1. കുട്ടികളുടെ കേസുകളിൽ നടപടിക്രമങ്ങൾ സ്വീകരിക്കു മ്പോൾ കുട്ടിയുടെ ശ്രദ്ധയും സംരക്ഷണവുമായി ബന്ധ മില്ലാത്ത ഒരാളും നടപടികാര്യങ്ങളിൽ പങ്കെടുത്തിട്ടി ല്ലെന്ന് ഉറപ്പുവരുത്തണം;
2. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിനും ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർക്കും അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകു ന്നതിന് മുൻകൈയെടുക്കേണ്ടതാണ്;
3. കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ കമ്മിറ്റി കുട്ടിയെ സംര ക്ഷിച്ചിരിക്കുന്ന സ്ഥലത്ത് എത്തേണ്ടതാണ്;
4. ശിശുസൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ മാത്രമേ കുട്ടി യോട് ആശയവിനിമയം നടത്താൻ പാടുള്ളൂ;
5. കൈകാര്യം ചെയ്യുന്ന ഓരോ കുട്ടിയുടെയും കേസുക ളുടെ വിശദാംശങ്ങൾ സൂക്ഷിക്കേണ്ടതാണ്;
6. നടപടിക്രമങ്ങൾ സ്വീകരിക്കുന്ന സ്ഥലത്ത് നിർദ്ദേശ പെട്ടി (Suggestion Box) സ്ഥാപിക്കേണ്ടതും മാസത്തിൽ ഒരിക്കൽ അവലോകനം ചെയ്യേണ്ടതുമാണ്;
7. ബാലനീതി ആക്റ്റ് പ്രകാരമുള്ള എല്ലാ വിവരങ്ങളും രേഖപ്പെടുത്തി ത്രൈമാസ റിപ്പോർട്ട് ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതാണ്;
8. ഓരോ കുട്ടിയുടെയും കേസ് വിവരങ്ങൾ സംഗ്രഹിച്ചത് ബാലനീതി ആക്റ്റ് പ്രകാരം രേഖപ്പെടുത്തി സൂക്ഷിക്കേ ണ്ടതാണ്;
9. കുട്ടിയെ ഹാജരാക്കുമ്പോൾ ബാലനീതി ആക്റ്റ് പ്രകാ രമുള്ള ഫോറം പൂരിപ്പിച്ച് വാങ്ങുന്നു എന്നു ഉറപ്പുവരു ത്തേണ്ടതാണ്;

10. അന്വേഷണം പൂർത്തിയാകാതെ ഹാജരാക്കപ്പെടുന്ന കുട്ടിയുമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി സംവദിച്ച തിനുശേഷം കുട്ടിയെ രക്ഷകർത്താവ്/ രക്ഷിതാവ്/ ഫിറ്റ് പേഴ്സൺ എന്നിവരിൽ ആരോടൊപ്പമെങ്കിലും വിട്ടുന ൽകുന്നതിന് ഉത്തരവ് നൽകാവുന്നതാണ്;

11. കുട്ടിയെ ഹാജരാക്കുന്ന വ്യക്തിയുടെ മൊഴി ആദ്യം രേഖ പ്പെടുത്തണം;

12. കുട്ടിക്ക് മനസ്സിലാകുന്ന ഭാഷയിൽ കാര്യങ്ങൾ ബോധ്യ പ്പെടുത്തേണ്ടതാണ്;

13. ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്കോ ഫിറ്റ് ഫെസി ലിറ്റിയിലേക്കോ സ്പെഷ്യൽ അഡോപ്ഷൻ ഏജൻസി യിലേക്കോ അയക്കുമ്പോൾ ബാലനീതി ആക്റ്റ് പ്രകാരം ഉത്തരവ് നൽകേണ്ടതാണ്;

14. കുട്ടിക്ക് അടിയന്തര വൈദ്യസഹായം ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഉത്തരവ് നൽകേണ്ടതാണ്;

15. കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാ പദ്ധതി (ICP), പുനരധിവാസ പദ്ധതി (Rehabilitation Plan) എന്നിവ തയാറാക്കുന്നതിന് ഉത്തരവ് നൽകേണ്ടതാണ് കൂടാതെ കൃത്യമായ ഇടവേള കളിൽ പുരോഗതി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്;

16. കുട്ടിയെ വിടുതൽ ചെയ്യുമ്പോൾ കുട്ടിയെയും മാതാ പിതാക്കളെയും/രക്ഷാകർത്താക്കളെയും കൗൺസിലറുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്;

17. ഓരോ കുട്ടിയുടെയും മെഡിക്കൽ റിപ്പോർട്ട്, എഫ്.ഐ. ആർ, കമ്മിറ്റിയുടെ ഉത്തരവുകൾ തുടങ്ങിയ വിശദാംശ ങ്ങൾ രേഖകളിൽ സൂക്ഷിക്കേണ്ടതാണ്;

18. അന്വേഷണം പൂർത്തീകരിക്കാത്ത എല്ലാ കേസുകളിലും 15 ദിവസത്തിനുള്ളിൽ തന്നെ തുടർനടപടി സ്വീകരിക്കേണ്ട താണ്;

19. കുട്ടിയുടെ വിദ്യാഭ്യാസം, തൊഴിൽ, പരിശീലനം തുടങ്ങി യവ ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകേണ്ടതാണ്;

20. മറ്റൊരു ജില്ല/ സംസ്ഥാനം/ രാജ്യത്തേക്കോ കുട്ടിയെ തിരിച്ച് അയച്ചാൽ ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന്

ആവശ്യമായ അനുമതി വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്;

21. കുട്ടിയുടെ നടപടിക്രമം പൂർത്തിയാകുന്ന സമയത്ത് തീർപ്പാക്കൽ ഉത്തരവും അവസാനം തയാറാക്കിയ വ്യക്തിഗത ശ്രദ്ധാപദ്ധതിയും കുട്ടിക്ക് ലഭ്യമാക്കേണ്ടതാണ്;

22. തീർപ്പാക്കിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, തുടർ നടപടികളിൽ ആദ്യത്തേത് ഒരു മാസത്തിനകവും തുടർന്നുള്ള ആറ് മാസത്തേക്ക് എല്ലാ മാസത്തിലൊരിക്കലും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്;

23. ഉപേക്ഷിക്കപ്പെട്ടതോ അനാഥരായതോ ആയ കുട്ടികളുടെ മാതാപിതാക്കളെയോ രക്ഷിതാക്കളെയോ കണ്ടെത്താൻ എല്ലാ ശ്രമങ്ങളും നടത്തേണ്ടതും പരിചരണം നൽകാൻ ആരുമില്ലാത്ത കുട്ടിയാണെന്ന് സ്ഥിരീകരിക്കപ്പെട്ടാൽ കുട്ടിയെ നിയമപരമായി ദത്തെടുക്കൽ നടപടിക്ക് വിധേയമാക്കേണ്ടതുമാണ്.

**കുട്ടിയുടെ പ്രായനിർണ്ണയം**

കുട്ടിയുടെ പ്രായനിർണ്ണയം പ്രാഥമിക ഘട്ടത്തിൽ തന്നെ നടത്തേണ്ടതാണ്. കുട്ടിയുടെ പ്രായസംബന്ധമായ രേഖകൾ സംശയാസ്പദമായോ കുട്ടിയാണെന്ന് വ്യക്തമാകാത്ത സന്ദർഭത്തിലോ സമിതിക്ക് പ്രായം വ്യക്തമാക്കുന്നതിനുള്ള തെളിവ് ശേഖരിക്കാവുന്നതാണ്.

1. സ്കൂൾ സർട്ടിഫിക്കറ്റിലെ ജനനതീയതി;
2. ജില്ലാ/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിൽ നിന്ന് കൈപ്പറ്റിയ ജനനസർട്ടിഫിക്കറ്റ്;
3. പ്രായം തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും കൈ വശമില്ലാത്ത സാഹചര്യത്തിൽ ഓസിഫിക്കേഷൻ ടെസ്റ്റിന് (വയസ്സ് നിർണ്ണയിക്കുന്നതിന് വൈദ്യപരിശോധനയിലൂടെയോ അസ്ഥികോശ പരിശോധനയിലൂടെയോ കുട്ടിയുടെ പ്രായം നിർണ്ണയം) നിർദ്ദേശിക്കാവുന്നതാണ്;
4. പ്രായനിർണ്ണയത്തിനുള്ള ഉത്തരവ് നൽകിയാൽ 15 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

## 3. ജില്ല ശിശുസംരക്ഷണ യൂണിറ്റ്

1. ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ നിയമപരമായ ദത്തെടുക്കൽ നടപടിക്ക് സഹായിക്കേണ്ടതാണ്;
2. ഓരോ ദത്തെടുക്കൽ അപേക്ഷയുടെയും പുരോഗതി പരിശോധിക്കേണ്ടതാണ്;
3. സി.ഡബ്ല്യൂ.സി യിൽ നിന്നും, ജെ.ജെ.ബി.യിൽ നിന്നും നൽകുന്ന പാദവാർഷിക റിപ്പോർട്ട് സൂക്ഷിക്കുക;
4. കുട്ടികൾക്ക് വ്യക്തിഗത/ഗ്രൂപ്പ് കൗൺസിലിംഗ്/കമ്മ്യൂണിറ്റി സർവീസ് ക്രമീകരിക്കുക;
5. നിഷ്ഠൂര കുറ്റകൃത്യം ചെയ്യപ്പെടുന്ന കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാ പദ്ധതിയുടെ (ഐ.സി.പി.) തുടർ നടപടികൾ സ്വീകരിക്കുക;
6. പ്ലേസ് ഓഫ് സേഫ്റ്റിയിലെ കുട്ടികളുടെ അവലോകനം വാർഷികാടിസ്ഥാനത്തിൽ നടത്തി റിപ്പോർട്ട് കുട്ടികളുടെ കോടതിയിൽ സമർപ്പിക്കുക;
7. നിരീക്ഷണ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പട്ടിക സൂക്ഷിക്കുകയും ആറുമാസത്തിലൊരിക്കൽ കുട്ടികളുടെ കോടതിയിൽ പുതുക്കി സമർപ്പിക്കുകയും ചെയ്യുക;
8. ശിശുസംരക്ഷണ കേന്ദ്രങ്ങളിൽ നിന്നും ഓടിപ്പോകുന്ന കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക;
9. മോശമായ കുടുംബാന്തരീക്ഷമുള്ള കുട്ടികളെയും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെയും കണ്ടെത്തുക;
10. വിഷമകരമായ സാഹചര്യങ്ങളിൽ താമസിക്കുന്ന കുട്ടികളെ നിർണ്ണയിക്കുന്നതിനും ജില്ലാതലത്തിലുള്ള വിവരശേഖരണം കുട്ടികളുടെ ജീവിതസാഹചര്യം (psycho-social aspects)-അനുസരിച്ച് പ്രത്യേകം ശേഖരിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക;
11. കുട്ടികളുമായി ബന്ധപ്പെട്ട സേവനങ്ങൾ തുടർച്ചയായും കാലാനുസൃതമായും ശേഖരിച്ചവയുടെ വിവരങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും ജുവനൈൽ ജസ്റ്റിസ് ബോർഡിനും സമയോചിതമായി സമർപ്പിക്കുക;

12. കുട്ടികളുടെ കോടതി, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവ നൽകുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനേതര പദ്ധതികളായ (നോൺ ഇൻസ്റ്റിറ്റ്യൂഷണൽ) ആഫ്റ്റർ കെയർ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ് എന്നിവ സുഗമമായി നടപ്പിലാക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുക;

13. കുട്ടികളെ കുടുംബങ്ങളിലേക്ക് തിരിച്ച് എത്തിക്കുവാൻ വേണ്ട എല്ലാ നടപടിയും സ്വീകരിക്കുക;

14. സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളും, സംസ്ഥാന ശിശുസംരക്ഷണ സമിതിയുടെയും, ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെയും പരസ്പര സമ്പർക്കവും ഏകോപനവും ഉറപ്പു വരുത്തുക;

15. ബാലനീതി ആക്റ്റിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് പ്രകാരം പ്രവർത്തിക്കുന്ന സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ തമ്മിൽ പരസ്പരബന്ധം ഉണ്ടാക്കിയെടുക്കുക;

16. ശിശുസംരക്ഷണ സ്ഥാപനങ്ങളിലോ കുട്ടികളെ സംരക്ഷിക്കുന്ന മറ്റ് സ്ഥാപനങ്ങളിലോ കുട്ടികളുടെ മരണമോ ആത്മഹത്യയോ നടന്നാൽ അത് അന്വേഷിച്ച് റിപ്പോർട്ടും, കൈക്കൊണ്ട നടപടികളും സംസ്ഥാന ശിശുക്ഷേമ സമിതിക്ക് സമർപ്പിക്കുക;

17. കുട്ടികൾക്കായി സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടിയിൽ നിക്ഷേപിച്ചിട്ടുള്ള പരാതികളിലും നിർദ്ദേശങ്ങളിലും ആവശ്യമായ നടപടി സ്വീകരിക്കുക;

18. ശിശുസംരക്ഷണ സ്ഥാപനങ്ങളിലുള്ള മാനേജ്മെന്റ് കമ്മിറ്റികളിൽ പ്രാതിനിധ്യം വഹിക്കുക;

19. ശിശുസംരക്ഷണ സ്ഥാപനങ്ങളിലോ ഷെൽട്ടർ ഹോമിലോ നിൽക്കുന്നതും, പോറ്റി വളർത്തൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കുട്ടികളിൽ, കാണാതാവുന്ന കുട്ടികൾ എന്ന നിർവചനത്തിൽപ്പെടുന്ന കുട്ടികളാണെങ്കിൽ അവരുടെ ഒരു ഡാറ്റാബേസ് ജില്ലാതലത്തിൽ സൂക്ഷിക്കേണ്ടതും പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്;

20. ജില്ലാതലത്തിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളുടെയും, സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിക

ളുടെയും, ഓപ്പൺ ഷെൽറ്ററിന്റെയും, ഫിറ്റ് പേഴ്സണുകളുടെയും, ഫിറ്റ് ഫെസിലിറ്റികളുടെയും, ഫോസ്റ്റർ പേരന്റുകളുടെയും പോറ്റിവളർത്താൻ പ്രാപ്തരായ രക്ഷിതാക്കളുടെ പേര് അടങ്ങുന്ന രജിസ്റ്ററുകളുടെയും, ആഫ്റ്റർ കെയർ ഓർഗനൈസേഷനുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ എന്നിവ ജില്ലാടിസ്ഥാനത്തിൽ ശേഖരിച്ച് അതാത് ജുവനൈൽ ജസ്റ്റിസ് ബോർഡിനും, ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, കുട്ടികളുടെ കോടതിക്കും, സംസ്ഥാന ശിശു ക്ഷേമ സമിതിക്കും ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്;

21. ജില്ലാതലത്തിലുള്ള കൗൺസലിംഗ് സെന്റർ, ആശുപത്രികൾ, ഡീ അഡിക്ഷൻ സെന്റർ, ഓപ്പൺ സ്കൂൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, തൊഴിൽ പരിശീലനവും, തൊഴിൽ പരിശീലന പരിപാടികൾ നടത്തുന്ന കേന്ദ്രങ്ങളും, വിനോദ പരിപാടികളായ പ്രകടനാത്മകമായ കലകൾ (arts) ലളിതകല (fine arts), പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന സേവനങ്ങളുടെയും മറ്റ് സംവിധാനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും അത് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, ജുവനൈൽ ജസ്റ്റിസ് ബോർഡിനും, കുട്ടികളുടെ കോടതിക്കും, സംസ്ഥാന ശിശു സംരക്ഷണ സമിതിക്കും നൽകുക;

22. ജില്ലാതലത്തിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, മാനസികാരോഗ്യ വിദഗ്ദർ, പരിഭാഷ ചെയ്യുന്നവർ, വ്യാഖ്യാതാക്കൾ, കൗൺസിലർ, സൈക്കോളജിസ്റ്റ്/ സൈക്കോ സോഷ്യൽ വർക്കർ/ അത്യാസന്ന ഘട്ടങ്ങളിൽ കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ച് പരിചയമുള്ള മറ്റ് വിദഗ്ദർ എന്നിവരുടെ പട്ടിക ശേഖരിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, ജുവനൈൽ ജസ്റ്റിസ് ബോർഡിനും, കുട്ടികളുടെ കോടതി, സംസ്ഥാന ശിശു സംരക്ഷണ സമിതി എന്നിവയ്ക്ക് ലഭ്യമാക്കുക;

23. ബാലനീതി ആക്റ്റ് കൃത്യമായി നടപ്പിലാക്കുവാൻ വേണ്ടി എല്ലാ കർത്തവ്യവാഹകർക്കും കാര്യങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും പരിശീലനവും സംഘടിപ്പിക്കുകയും അതിലൂടെ കാര്യക്ഷമത പരിപോഷിപ്പിക്കുകയും ചെയ്യുക;

24. ജില്ലാതലത്തിൽ കർത്തവ്യവാഹകരുടെ പാദവാർഷിക അവലോകന യോഗങ്ങളിലൂടെ നിയമത്തിന്റെ പൂർണ്ണമായ നടത്തിപ്പ് ഉറപ്പ് വരുത്തുക;

25. സംസ്ഥാന ശിശു ക്ഷേമ സമിതിക്ക് മാസാടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുക;

26. ജുവനൈൽ ജസ്റ്റിസ് ബോർഡിലോ, ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലോ ഒഴിവുകൾ വരുന്നത് ആറുമാസത്തിനു മുൻപായി സംസ്ഥാന സർക്കാരിനെ അറിയിക്കുക;

27. ഇൻസ്പെക്ഷൻ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ പ്രകാരം കർത്തവ്യവാഹകരുടെ ഏകോപനത്തോടുകൂടി കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുക;

28. ജുവനൈൽ ജസ്റ്റിസ് ബോർഡിനും, ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും കാര്യനിർവഹണ ഉദ്യോഗസ്ഥരെ നൽകുക;

29. ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിയമപരമായിട്ടുള്ള സംവിധാനങ്ങൾ കൃത്യമായി നടത്തുന്നതിനും സമൂഹത്തിന്റെയും കോർപ്പറേറ്റുകളുടെയും ഇടയിൽ നല്ല ബന്ധം സ്ഥാപിക്കുക;

30. ജില്ലാതലത്തിൽ ബാലനീതി ആക്റ്റ് നിർവഹണത്തിന്റെയും ചട്ടങ്ങളുടെയും മുഖ്യാധികാരിയായി (നോഡൽ ഓഫീസർ) ജില്ലാ ശിശു സംരക്ഷണ ഓഫീസർ പ്രവർത്തിക്കേണ്ടതാണ്.

## 4. സന്നദ്ധ സംഘടനകൾ

ചൈൽഡ് വെൽഫെയർ കമ്മിറ്റി നിർദ്ദേശിക്കുന്ന പക്ഷം സംസ്ഥാന സർക്കാരിന്റെ പാനലിൽ വരുന്ന സന്നദ്ധ സംഘടനകളിൽ നിന്ന് കേസ് വർക്കർ, കൗൺസിലർ,

സൈക്കോളജിസ്റ്റ്, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ ഇടപെടലുകൾ ലഭ്യമാക്കുന്നതിനും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെ സാമൂഹികാന്വേഷണ റിപ്പോർട്ട് തയാറാക്കുന്നതിനും, കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി തയ്യാറാക്കി നൽകുന്നതിനും ഇടപെടലുകൾ നടത്താവുന്നതാണ്.

## ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ പുനരധിവാസം

### 1. ഓപ്പൺ ഷെൽട്ടർ (തുറന്ന അഭയകേന്ദ്രം)

ഓപ്പൺ ഷെൽട്ടർ ഹോമുകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം (താമസസൗകര്യം ആവശ്യമുള്ള കുട്ടികൾക്ക്) സാമൂഹികാധിഷ്ഠിതസന്നദ്ധ സംഘടനകളുടെയോ, സർക്കാരിതര സംഘടനകളുടെയോ നേതൃത്വത്തിലാണ് ഹ്യസ്വകാലാടിസ്ഥാനത്തിൽ സംരക്ഷണം നൽകുന്നത്. ഒരു കുട്ടി 24 മണിക്കൂറിൽ കൂടുതൽ ഓപ്പൺ ഷെൽട്ടർ ഹോമുകളിൽ താമസിക്കുകയാണെങ്കിൽ ബദൽ സംവിധാനത്തിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

### 2. ഫോസ്റ്റർ കെയർ (പോറ്റി വളർത്തൽ)

ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയെ കുടുംബാന്തരീക്ഷത്തിൽ താമസിപ്പിക്കുന്നതിന് പോറ്റി വളർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ കുട്ടിയെ സംരക്ഷിക്കുന്നതിനായി നൽകുമ്പോൾ ജന്മം നൽകിയതോ ദത്തെടുത്തതോ ആയ മാതാപിതാക്കൾ ഉൾപ്പെടാത്തതും, സംസ്ഥാന സർക്കാർ അംഗീകരിച്ച് കുട്ടിയുമായി യാതൊരു ബന്ധവുമില്ലാത്ത കുടുംബത്തോടൊപ്പമാണ് താമസിപ്പിക്കേണ്ടത്.

### 3. ശിശുസംരക്ഷണ സ്ഥാപനങ്ങൾ

ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടിക

ളുടെ പരിപാലനം, സംരക്ഷണം, വിദ്യാഭ്യാസം, പരിശീലനം, വികസനം, പുനരധിവാസം എന്നിവയ്ക്കായി ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ബാലനീതി ആക്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളെയാണ് ശിശുസംരക്ഷണ സ്ഥാപനങ്ങൾ എന്ന് പറയുന്നത്.

**4. സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി**

നിയമപരമായി ദത്തെടുക്കാൻ അനുമതിയുള്ള കുട്ടിയെയാണ് സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ പാർപ്പിക്കുന്നത്. കൂടാതെ കുട്ടിയുടെ ഈ വിവരങ്ങൾ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കും.

## നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ

നിയമവുമായി പൊരുത്തപ്പെടാത്തതോ കുറ്റം ആരോപിക്കപ്പെടുന്നതോ കുറ്റകൃത്യം ചെയ്തതായി കണ്ടെത്തിയതോ കുറ്റകൃത്യം നടത്തിയ തീയതിയിൽ 18 വയസ്സ് പൂർത്തിയാകാത്തതോ ആയ കുട്ടി.

**ജുവനൈൽ ജസ്റ്റിസ് ബോർഡ്**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ/സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസറോ യാത്രാ സമയം ഒഴികെ 24 മണിക്കൂറിനുള്ളിൽ നിയമപ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാക്കേണ്ടതുണ്ട്.

ഓരോ ജില്ലയിലും കുറഞ്ഞത് ഒരു ജുവനൈൽ ജസ്റ്റിസ് ബോർഡെങ്കിലും ഉണ്ടായിരിക്കണം. മൂന്ന് പേരടങ്ങുന്ന ബോർഡിൽ ഒരു മജിസ്ട്രേറ്റുംരണ്ട് അംഗങ്ങളുമാണ് ഉള്ളത്. അംഗങ്ങളുടെ കാലാവധിമൂന്ന് വർഷമാണ്. ഈ ബോർഡിന് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിന്റെയോ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ അധികാരമുണ്ട്.

ജുവനൈൽ ജസ്റ്റിസ് ബോർഡിലെ അംഗങ്ങൾ അധികാര ദുർവിനിയോഗ കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെടുകയോ, കാരണമില്ലാതെ തുടർച്ചയായി മൂന്ന് മാസത്തേയ്ക്ക് സിറ്റിംഗിൽ

പങ്കെടുക്കാതിരിക്കുകയോ, ഒരു വർഷത്തിൽ ¾ സിറ്റിംഗിൽ പങ്കെടുക്കാതിരിക്കുകയോ ചെയ്താൽ ആ വ്യക്തിയുടെ അംഗത്വം സംസ്ഥാന സർക്കാരിന് അവസാനിപ്പിക്കാവുന്നതാണ്;

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ, 24 മണിക്കൂറിനുള്ളിൽ ബോർഡിന് മുന്നിൽ ഹാജരാക്കണം. പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ഉൾപ്പടെ കുറഞ്ഞത് രണ്ട് അംഗങ്ങളെങ്കിലും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഉണ്ടായിരിക്കേണ്ടതാണ്. ജില്ലാ മജിസ്ട്രേറ്റ് തീർപ്പുകൽപ്പിക്കാത്ത കേസുകളുടെ ത്രൈമാസ അവലോകനം നടത്തേണ്ടതാണ്.

## ജുവനൈൽ ജസ്റ്റിസ് ബോർഡ് കൈക്കൊള്ളുന്ന നടപടികൾ

കുറ്റകൃത്യത്തെക്കുറിച്ച് അന്വേഷിച്ചതിനു ശേഷം ജുവനൈൽ ജസ്റ്റിസ് ബോർഡിന് കുറ്റകൃത്യത്തിന്റെ ഗൗരവത്തെ അടിസ്ഥാനമാക്കി താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്:-

1. കൗൺസലിംഗ് കഴിഞ്ഞ് കുട്ടിയെ വീട്ടിലേക്ക് പോകാൻ അനുവദിക്കുക;
2. ഗ്രൂപ്പ് കൗൺസലിംഗ് പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടിക്ക് ഉത്തരവ് നൽകുക;
3. കമ്മ്യൂണിറ്റി സേവനം ചെയ്യാൻ കുട്ടിക്ക് ഉത്തരവ് നൽകുക;
4. പിഴ അടയ്ക്കാൻ കുട്ടിയോടോ മാതാപിതാക്കളോടോ രക്ഷിതാവിനോടോ ആവശ്യപ്പെടുക;
5. മൂന്ന് വർഷത്തിൽ കൂടാത്ത കാലയളവിലേക്ക് ഫിറ്റ് പേഴ്സൺ/ഫിറ്റ് ഫെസിലിറ്റി പ്രകാരം പ്രൊബേഷനിൽ വിട്ടയക്കാൻ ഉത്തരവ് നൽകുക;
6. സ്പെഷ്യൽ ഹോം, പ്ലേസ് ഓഫ് സേഫ്റ്റി എന്നിവിടങ്ങളിലേയ്ക്ക് അയക്കാനുള്ള ഉത്തരവ് നൽകുക.

### കുട്ടികളുടെ കുറ്റകൃത്യങ്ങൾ

ബാലനീതി ആക്റ്റ് പ്രകാരം, കുറ്റകൃത്യങ്ങളെ നിസ്സാര

കുറ്റകൃത്യം, ക്രൂര കുറ്റകൃത്യം, നിഷ്ഠൂര കുറ്റകൃത്യംഎന്നി ങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

### നിസ്സാര കുറ്റകൃത്യം

ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത (1860 ലെ 45) പ്രകാരമോ മറ്റേതെങ്കിലും നിയമപ്രകാരമോ കുറ്റകൃത്യത്തിനുള്ള ശിക്ഷ പ്രാബല്യത്തിൽ വരുന്ന മൂന്നുവർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്നു.

### ഗുരുതര കുറ്റകൃത്യം

ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത (1860 ലെ 45) പ്രകാരമോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമ പ്രകാരമോ പ്രാബല്യത്തിൽ വരുന്ന കുറ്റകൃത്യത്തിന് ശിക്ഷ മൂന്ന് മുതൽ ഏഴ് വർഷം വരെ തടവ് ലഭിക്കുന്ന കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്നു. (കുറഞ്ഞത് 3 വർഷം പരമാവധി 7 വർഷത്തിൽ കൂടുതലുള്ള ഒരു കാലാവധി, എന്നാൽ കുറഞ്ഞ ശിക്ഷാവിധി ആകാൻ പാടില്ല. അല്ലെങ്കിൽ കുറഞ്ഞ ശിക്ഷാവിധി 7 വർഷത്തിനുള്ളിലായിരിക്കണം)

### നിഷ്ഠൂര കുറ്റകൃത്യം

ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത (1860 ലെ 45) പ്രകാരം വരുന്ന കുറ്റകൃത്യത്തിനോ മറ്റേതെങ്കിലും നിയമത്തിൽ പ്രാബല്യത്തിൽ വരുന്ന മിനിമം ശിക്ഷ ഏഴ് വർഷമോ അതിൽ കൂടുതലോ തടവ് ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്നു.

### കുട്ടി നിഷ്ഠൂര കുറ്റകൃത്യം ചെയ്യുമ്പോൾ ഉള്ള നിയമനടപടികൾ (16–18 വയസ്സ്)

16നും–18നും വയസ്സിനിടയിലുള്ള കുട്ടി നിഷ്ഠൂരമായ കുറ്റം ചെയ്യുമ്പോൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ് കുട്ടിയുടെ ശാരീരികവും മാനസികവുമായ ശേഷി, കുറ്റകൃത്യത്തിന്റെ അനന്തരഫലങ്ങൾ മനസിലാക്കാനുള്ള കഴിവ് എന്നിവയുമായി ബന്ധപ്പെട്ട പ്രാഥമിക വിലയിരുത്തൽ നടത്തിയതിനു ശേഷം അത്തരത്തിലുള്ള കേസുകളിൽ കൂടുതൽ വിചാരണ ആവശ്യമാണെന്ന നിഗമനത്തിലെത്തുന്ന പക്ഷം ഈ കേസു

കൾ കുട്ടികളുടെ കോടതിയിലേക്ക് മാറ്റാൻ ജുവനൈൽ ജസ്റ്റിസ് ബോർഡിന് അവസരമുണ്ട്.

കുട്ടികളുടെ കോടതി വിചാരണയ്ക്ക് ശേഷം നിഷ്ഠൂര കുറ്റകൃത്യം ചെയ്തതിന് കുട്ടി കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ ആ കുട്ടിയെ നവീകരണത്തിനും പുനരധിവാസത്തിനുമായി ഇരുപത്തിയൊന്ന് വയസ്സ് വരെ പ്ലേസ് ഓഫ് സേഫ്റ്റിയിലേയ്ക്ക് അയക്കേണ്ടതാണ്. ഇരുപത്തിയൊന്ന് വയസ്സ് പൂർത്തിയാക്കിയ ശേഷം, കുട്ടികളുടെ കോടതി വിലയിരുത്തൽ നടത്തുകയും അതിനുശേഷം കുട്ടിയെ വിട്ടയക്കുകയോ അല്ലെങ്കിൽ മുതിർന്നവരുടെ ജയിലേക്ക് മാറ്റുകയോ ചെയ്യാവുന്നതാണ്.

പതിനാറ് വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾ നിഷ്ഠൂര കുറ്റകൃത്യം ചെയ്തതായി ആരോപണമുയർന്നാൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനുള്ള ആ കുട്ടിയുടെ അത്തരത്തിലുള്ള മാനസികവും ശാരീരികവുമായ അവസ്ഥ (ക്ഷമത), കുറ്റതൃത്യത്തിന്റെ പരിണിത ഫലങ്ങളെകുറിച്ച് മനസ്സിലാക്കുന്നതിനുള്ള കഴിവ്, കുറ്റകൃത്യത്യത്തിൽ ഏർപ്പെടുന്നു എന്ന് ആരോപിക്കപ്പെട്ടതായിട്ടുള്ള സാഹചര്യം എന്നിവയെകുറിച്ച് ഒരു പ്രാഥമിക നിഗമനം നടത്തി തീർപ്പാക്കാവുന്നതാണ്.

**പ്രായനിർണ്ണയം**

കുട്ടിയുടെ പ്രായനിർണ്ണയം പ്രാഥമിക ഘട്ടത്തിൽ തന്നെ നടത്തേണ്ടതാണ്. ശിശുക്ഷേമ സമിതിയുടെ മുമ്പാകെ കുട്ടിയെ ഹാജരാക്കിയ വ്യക്തി സമർപ്പിച്ച കുട്ടിയുടെ പ്രായ സംബന്ധമായ രേഖകൾ സംശയാസ്പദമോ കുട്ടിയാണെന്ന് വ്യക്തമാകാത്ത സന്ദർഭത്തിലോ സമിതിക്ക് പ്രായം വ്യക്തമാക്കുന്നതിനുള്ള തെളിവ് ശേഖരിക്കാവുന്നതാണ്.

1. സ്കൂൾ സർട്ടിഫിക്കറ്റിലെ ജനന തീയതി;
2. ജില്ലാ/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിൽ നിന്ന് കൈപ്പറ്റിയ ജനനസർട്ടിഫിക്കറ്റ്;
3. പ്രായം തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും

കൈവശമില്ലാത്ത സാഹചര്യത്തിൽ ഓസിഫിക്കേഷൻ ടെസ്റ്റിന് (ആധുനിക വയസ്സ് നിർണ്ണയിക്കുന്ന വൈദ്യ പരിശോധനയിലൂടെയോ അസ്ഥികോശ പരിശോധനയിലൂടെയോ കുട്ടിയുടെ പ്രായം നിർണ്ണയം) നിർദ്ദേശിക്കാവുന്നതാണ്.

## നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കേസുകളിൽ ഇടപെടുമ്പോൾ കർത്തവ്യവാഹകർ സ്വീകരിക്കേണ്ട നടപടികൾ

### ജുവനൈൽ ജസ്റ്റിസ് ബോർഡ്

1. കുറ്റം ചെയ്തുവെന്ന് ആരോപിച്ച് പോലീസ് പിടികൂടിയ ഏതൊരു കുട്ടിയെയും പിടികൂടാനുള്ള കാരണവും സാഹചര്യവും വിശദീകരിക്കുന്ന സാമൂഹിക പശ്ചാത്തല റിപ്പോർട്ട് 24 മണിക്കൂറിനുള്ളിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാക്കണം. ജുവനൈൽ ജസ്റ്റിസ് ബോർഡ് ഈ റിപ്പോർട്ട് പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്;

2. ജുവനൈൽ ജസ്റ്റിസ് ബോർഡ് കൂടാതിരിക്കുകയും കുട്ടിയെ പോലീസ് നിയന്ത്രണത്തിൽ ആക്കുകയും ചെയ്താൽ, ആ കുട്ടിയെ ബോർഡിലെ ഒരു അംഗത്തിന്റെ മുന്നിൽ ഹാജരാക്കണം കൂടാതെ, ആ അംഗം നൽകിയ ഉത്തരവ് ബോർഡിന്റെ അടുത്ത സിറ്റിംഗിൽ അംഗീകരിക്കേണ്ടതുണ്ട്;

3. ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കിയ കുട്ടി, തീവ്രവാദ ഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടിയാണെങ്കിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൈമാറാവുന്നതാണ്;

4. കുറ്റകൃത്യം ചെയ്തത് കുട്ടിയാണെന്ന് ബോധ്യപ്പെടുകയും കുട്ടിയെ പോലീസ് നിയന്ത്രണത്തിൽ ആക്കാൻ സാധിക്കാതെയും വന്നാൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന്

കുട്ടിയെ എത്രയും വേഗം ഹാജരാക്കാൻ പോലീസിന് നിർദ്ദേശം നൽകാവുന്നതാണ്;

5. കുറ്റം ചെയ്തുവെന്ന് ആരോപിക്കുന്ന കുട്ടിയുടെ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് (എസ്.ബി.ആർ), പോലീസ് നിയന്ത്രണത്തിലാക്കിയ സാഹചര്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം എന്നിവ വിശദമായി പരിശോധിച്ചതിന് ശേഷം മാത്രമേ ജുവനൈൽ ജസ്റ്റിസ് ബോർഡ് കേസ് തീർപ്പു കല്പ്പിക്കാൻ പാടുള്ളു;

6. കുട്ടിയുടെമേലുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്നോ, നിസ്സാര കുറ്റമാണെന്നോ അഭിപ്രായമുണ്ടെങ്കിൽ ബോർഡിന് കേസ് തീർപ്പാക്കാവുന്നതാണ്.

7. കുട്ടിക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡിന് ബോധ്യപ്പെട്ടാൽ കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേയ്ക്ക് കൈമാറാവുന്നതാണ്;

8. ഫിറ്റ് പേഴ്സൺ/ഫിറ്റ് ഫെസിലിറ്റി/പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ കുട്ടിയെ അടുത്ത സിറ്റിംഗിൽ ഹാജരാക്കുന്നതുവരെ ബാലനീതി ആക്റ്റ് പ്രകാരം വിട്ടയക്കാവുന്നതാണ്;

9. കുട്ടിയുടെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി കുട്ടിയെ ശിശു സംരക്ഷണ സ്ഥാപനത്തിലേയ്ക്ക് അയക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൈമാറാവുന്നതാണ്;

10. കുട്ടി കുറ്റം ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന കുറ്റകൃത്യങ്ങളിൽ തീർപ്പ് കല്പിക്കാത്ത എല്ലാ വാദങ്ങളിലും 15 ദിവസത്തിനുള്ളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്;

11. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി ജാമ്യം ലഭിച്ച ശേഷം ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാകുന്നില്ലെങ്കിൽ കുട്ടിയെ ഹാജരാക്കുന്നതിന് ബോർഡ് ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറിന് നിർദ്ദേശങ്ങൾ നൽകണം;

12. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചിട്ടും കുട്ടിയെ ഹാജരാക്കുന്നതിൽ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ പരാജയപ്പെട്ടാൽ, ബാലനീതി ആക്റ്റ് പ്രകാരം ബോർഡിന് ഉത്തരവുകൾ നൽകാവുന്നതാണ്;
13. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ സാക്ഷി ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാകുമ്പോൾ പ്രതികൂല നടപടികൾ നടക്കുന്നില്ലെന്ന് കർശനമായി ഉറപ്പാക്കേണ്ടത് ബോർഡിന്റെ ഉത്തരവാദിത്തമാണ്;
14. ജുവനൈൽ ജസ്റ്റിസ് ബോർഡ് ശിശു സൗഹാർദ്ദപരമായി മാത്രമേ കുട്ടിയെ അഭിസംബോധന ചെയ്യാൻ പാടുള്ളൂ;
15. ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ കുട്ടിയെ ഹാജരാക്കുമ്പോൾ ആദ്യം പ്രായം നിർണ്ണയിക്കണം, പ്രായപരിധി ലഭ്യമല്ലെങ്കിൽ, ബാലനീതി ആക്റ്റ് അനുസരിച്ച് പ്രായപരിധി നിർണ്ണയിക്കാനുള്ള ഉത്തരവുകൾ ബോർഡ് നൽകാവുന്നതാണ്;
16. 16 വയസ്സിന് മുകളിലുള്ള കുട്ടി ഗുരുതരമായ കുറ്റകൃത്യം ചെയ്തതായി ആരോപിക്കപ്പെട്ടാൽ പ്രാഥമിക വിലയിരുത്തൽ നടത്തുന്നതിന് ബോർഡിന് മന:ശാസ്ത്രജ്ഞരുടെ/കൗൺസിലറുടെ സഹായം സ്വീകരിക്കാവുന്നതാണ്;
17. പ്രാഥമിക അന്വേഷണത്തിന് ശേഷം, മുതിർന്ന ആളിനെ പോലെയാണ് കുറ്റം ചെയ്തതെന്നും കുട്ടിയെ മുതിർന്ന ആളായി കണക്കാക്കണമെന്നും ജുവനൈൽ ജസ്റ്റിസ് ബോർഡിന് അഭിപ്രായമുണ്ടെങ്കിൽ, ബോർഡ് അതിനുള്ള കാരണം നിർണ്ണയിക്കുകയും ആ റിപ്പോർട്ടിന്റെ പകർപ്പ് കുട്ടിയുമായോ കുട്ടിയുടെ രക്ഷാകർത്താക്കൾ/രക്ഷിതാവുമായി പങ്കിടുകയും കൂടാതെ കുട്ടികളുടെ കോടതിയിലേക്ക് രേഖകൾ കൈമാറാവുന്നതുമാണ്.

**പോലീസ്**

1. കുട്ടി ചെയ്തതായി ആരോപിക്കപ്പെടുന്ന കുറ്റം ആദ്യം രക്ഷാകർത്താവിനെ/രക്ഷിതാവിനെ അറിയിക്കുക;

2. കുറ്റകൃത്യത്തെക്കുറിച്ചുള്ള വിവരങ്ങൾ പ്രത്യേക ജുവനൈൽ പോലീസ് ഓഫീസറോ/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ ജനറൽ ഡയറിയിൽ (GD) യിൽ രേഖപ്പെടുത്തേണ്ടതാണ്. ഗുരുതരമായ കുറ്റകൃത്യങ്ങളൊഴികെയുള്ള കേസുകൾക്ക് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യേണ്ടതില്ല;
3. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ/സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് യാത്രാസമയം ഒഴികെ 24 മണിക്കൂറിനുള്ളിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കേണ്ടതുണ്ട്;
4. നിസ്സാരമോ ഗുരുതരമോ ആയ കുറ്റകൃത്യങ്ങളിൽ ചൈൽഡ് വെൽഫെയർ പോലീസ് ഉദ്യോഗസ്ഥർ കുട്ടി ചെയ്ത കുറ്റത്തെക്കുറിച്ച് ജുവനൈൽ ജസ്റ്റിസ് ബോർഡിനെ അറിയിക്കേണ്ടതും സാമൂഹിക അന്വേഷണ റിപ്പോർട്ട് (എസ്.ഐ.ആർ) സമർപ്പിക്കേണ്ടതാണ്;
5. കുട്ടിയെ കൈവിലങ്ങ് അണിയിച്ച് ജയിലിൽ അടയ്ക്കാൻ പാടുള്ളതല്ല. ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാക്കുന്ന സമയം വരെ കുട്ടിയെ ഒബ്സർവേഷൻ ഹോമിലോ/ഫിറ്റ്ഫെസിലിറ്റി അല്ലെങ്കിൽ ഫിറ്റ് പേഴ്സണ് മുമ്പാകെ ഹാജരാക്കേണ്ടതാണ്;
6. കുട്ടിയോട് ഏതെങ്കിലും രേഖയിലോ പ്രസ്താവനയിലോ ഒപ്പിടാൻ ആവശ്യപ്പെടാൻ പാടില്ല. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ; അതിന്റെ പകർപ്പ് കുട്ടിക്ക് അല്ലെങ്കിൽ കുട്ടിയുടെ മാതാപിതാക്കൾക്ക് അല്ലെങ്കിൽ രക്ഷിതാവിന് നൽകേണ്ടതാണ്;
7. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ കുട്ടി കുറ്റം ഏറ്റുപറയാനോ, ബലപ്രയോഗം നടത്താനോ, നിർബന്ധിക്കുവാനോ പാടുള്ളതല്ല. കുട്ടിയുടെ മാതാപിതാക്കൾ/രക്ഷിതാക്കൾ/സംരക്ഷകർ എന്നിവരെ സിറ്റിംഗുകളിൽ ഹാജരാക്കാൻ അനുവദിക്കേണ്ടതാണ്;

8. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റോ/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ കുട്ടിയുടെ സാമൂഹിക അന്വേഷണ റിപ്പോർട്ട് (എസ്.ഐ.ആർ) തയ്യാറാക്കി കുട്ടിയെ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജ രാക്കണം;

9. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റോ/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ കുട്ടിയുടെ മാതാ പിതാക്കളെ അല്ലെങ്കിൽ രക്ഷിതാവിനെ അറിയിക്കേണ്ട താണ്;

10. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റോ/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ ആവശ്യമെങ്കിൽ കുട്ടിക്ക് അടിയന്തര വൈദ്യസഹായം നൽകേണ്ടതാണ്;

11. കുട്ടിയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ ആവശ്യമെങ്കിൽ വിവർത്തകരുടെയോ പ്രത്യേക അധ്യാപകന്റെയോ സഹായം നൽകേണ്ടതാണ്. കുട്ടിയെ അഭിമുഖം ചെയ്യുമ്പോൾ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ യൂണിഫോം ധരിക്കാൻ പാടില്ല;

12. പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റോ ചൈൽഡ് വെൽഫെയർ പോലീസ് ഉദ്യോഗസ്ഥനോ യാത്രാസമയം ഒഴികെ 24 മണിക്കൂറിനുള്ളിൽ കുട്ടിയെ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കണം;

13. കുട്ടിക്ക് സൗജന്യ നിയമസഹായം ആവശ്യമെങ്കിൽ പോലീസ് ഉദ്യോഗസ്ഥർ നിയമസേവന അതോറിറ്റിയെ അറിയിക്കേണ്ടതാണ്;

14. ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർ, ശിശു ക്ഷേമ ഓഫീസർമാർ, പ്രൊബേഷൻ ഓഫീസർമാർ, പാരാ ലീഗൽ വോളന്റീയർമാർ, ജില്ലാ നിയമ സേവന അധികാരികൾ, ജില്ലയിലെ രജിസ്റ്റർ ചെയ്ത സന്നദ്ധ -സർക്കാരിതര സംഘടനകൾ, പ്രിൻസിപ്പൽ മജിസ്ട്രേറ്റ്, ബോർഡ് അംഗങ്ങൾ, പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റ് എന്നിവരുടെ വിലാസം ഉൾപ്പെടെയുള്ള വിവര ങ്ങളും ചൈൽഡ് ലൈൻ സേവനങ്ങളും എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രദർശിപ്പിക്കേണ്ടതാണ്;

15. 16 വയസ്സിനു മുകളിലുള്ള കുട്ടി ഗുരുതരമായ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ഒരു മാസത്തിനുള്ളിൽ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ സാക്ഷിയുടെ മൊഴിയും മറ്റ് രേഖകളും ഹാജരാക്കണം. കൂടാതെ അതിന്റെ പകർപ്പ് മാതാപിതാക്കൾക്കും രക്ഷിതാക്കൾക്കും നൽകേണ്ടതാണ്;

16. കുട്ടി നിസ്സാര/ഗുരുതരമായ കുറ്റകൃത്യം ചെയ്തതായി ആരോപിക്കപ്പെട്ടാൽ കുറ്റകൃത്യത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുന്ന അന്തിമ റിപ്പോർട്ട് ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെരണ്ട് മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

## ചൈൽഡ് വെൽഫെയർ കമ്മിറ്റി

1. ബാലനീതി ആക്റ്റ് പ്രകാരം കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡിന് അഭിപ്രായമുണ്ടെങ്കിൽ, കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്ക് കൈമാറാവുന്നതാണ്;
2. ജുവനൈൽ ജസ്റ്റിസ് ബോർഡ് കൈമാറ്റം ചെയ്യുന്ന ഏതൊരു കുട്ടിയെയും ചൈൽഡ് വെൽഫെയർ കമ്മിറ്റി പരിപാലിക്കുകയും നിയമപ്രകാരം തുടർനടപടികൾ സ്വീകരിക്കുകയും വേണം.

## ജില്ല ശിശു സംരക്ഷണ യൂണിറ്റ്

1. ജുവനൈൽ ജസ്റ്റിസ് ബോർഡിൽ നിന്ന് അയച്ചുനൽകുന്ന പാദവാർഷിക റിപ്പോർട്ട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് സൂക്ഷിക്കേണ്ടതാണ്;
2. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശപ്രകാരം കുട്ടികൾക്കായി വ്യക്തിഗത അല്ലെങ്കിൽ ഗ്രൂപ്പ് കൗൺസിലിംഗും, കമ്മ്യൂണിറ്റി സേവനവും ക്രമീകരിക്കുക;
3. നിഷ്ഠൂരകുറ്റകൃത്യംചെയ്ത 16 മുതൽ 18 വയസ്സ് വരെ പ്രായമുള്ളകുട്ടികളുടെവ്യക്തിഗതശ്രദ്ധാപദ്ധതികുട്ടികളുടെകോടതിയുടെ നിർദ്ദേശപ്രകാരം തയാറാക്കേണ്ടതും തുടർനടപടി കൈകൊള്ളേണ്ടതുമാണ്;

4. എല്ലാ വർഷവും പ്ലേസ് ഓഫ് സേഫ്റ്റിയിൽ താമസിപ്പിച്ചിരിക്കുന്ന കുട്ടിയുടെ അവലോകനം നടത്തുകയും, പ്രസ്തുത റിപ്പോർട്ട് കുട്ടികളുടെ കോടതിയിലേക്ക് കൈമാറുകയും ചെയ്യേണ്ടതാണ്;

5. ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ നിന്ന് ഒളിച്ചോടിയതും, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ വിശദാംശങ്ങൾ സൂക്ഷിക്കേണ്ടതാണ്;

6. ജില്ലയുമായി ബന്ധപ്പെട്ട എല്ലാ ശിശു അനുബന്ധ സേവനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ഒരു റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുകയും, കൃത്യമായ ഇടവേളകളിൽ പരിഷ്കരിച്ചത് ജുവനൈൽ ജസ്റ്റിസ് ബോർഡിന് സമർപ്പിക്കേണ്ടതുമാണ്;

7. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയോ, ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയോ, കുട്ടികളുടെ കോടതിയുടെയോ, ഉത്തരവ് പ്രകാരം സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ, ആഫ്റ്റർ കെയർ എന്നിവ നടപ്പിലാക്കേണ്ടതാണ്;

8. കുട്ടികളെ അവരുടെ കുടുംബങ്ങളിലേക്ക് പുന:സ്ഥാപിക്കുന്നതിനായി എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനം സുഗമമാക്കേണ്ടതാണ്;

9. ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കുട്ടികളുടെ മരണമോ ആത്മഹത്യയോ നടന്ന കേസുകളിൽ അന്വേഷിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും തുടർ നടപടികൾ കൈകൊള്ളുകയും ആയത് സംസ്ഥാന ശിശു സംരക്ഷണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്;

10. ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ നിർദ്ദേശ പെട്ടിയിൽ അടങ്ങിയിരിക്കുന്ന കുട്ടികളുടെ പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്;

11. ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റികളിലേക്ക് പ്രതിനിധിയെ അയക്കേണ്ടതാണ്;

12. ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ വിവരങ്ങൾ, ഫിറ്റ്

പേഴ്സൺ, ഫിറ്റ് ഫെസിലിറ്റി, ആഫ്റ്റർ കെയർ നൽകുന്ന സ്ഥാപന വിവരങ്ങൾ ശേഖരിച്ച് ജില്ലാ തലത്തിൽ രജിസ്റ്റർ ചെയ്തത് ജുവനൈൽ ജസ്റ്റിസ് ബോർഡിന് കൈമാറേണ്ടതാണ്;

13. ജില്ലാതലത്തിലുള്ള കൗൺസലിംഗ് സെന്റർ, ആശുപത്രികൾ, ഡീ അഡിക്ഷൻ സെന്റർ, ഓപ്പൺ സ്കൂൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ തൊഴിൽ പരിശീലനവും, തൊഴിൽ പരിശീലന പരിപാടികൾ നടത്തുന്ന കേന്ദ്രങ്ങളും, വിനോദ പരിപാടികളായ പ്രകടനാത്മകമായ കലകൾ (arts) ലളിത കല (fine arts), പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന സേവനങ്ങളുടെയും മറ്റ് സംവിധാനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും അത് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, ജുവനൈൽ ജസ്റ്റിസ് ബോർഡിനും, കുട്ടികളുടെ കോടതിക്കും, സംസ്ഥാന ശിശു സംരക്ഷണ സമിതിക്കും നൽകേണ്ടതാണ്;

14. ജില്ലാതലത്തിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, മാനസികാരോഗ്യ വിദഗ്ധർ, വിവർത്തകർ, വ്യാഖ്യാതാക്കൾ, കൗൺസിലർ, സൈക്കോളജിസ്റ്റ്/സൈക്കോ സോഷ്യൽ വർക്കർ/ അത്യാസന്ന ഘട്ടങ്ങളിൽ കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ച് പരിചയമുള്ള മറ്റ് വിദഗ്ദർ) എന്നിവരുടെ പട്ടിക ശേഖരിച്ച് അവ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, ജുവനൈൽ ജസ്റ്റിസ് ബോർഡിനും, കുട്ടികളുടെ കോടതി, സംസ്ഥാന ശിശു സംരക്ഷണ സമിതി എന്നിവയ്ക്ക് നൽകേണ്ടതാണ്;

15. ബാലനീതി ആക്റ്റിന്റെ പുരോഗതിയും നടപ്പാക്കലും അവലോകനം ചെയ്യുന്നതിന് ജില്ലാതലത്തിലെ എല്ലാ കർത്തവ്യവാഹകരുടെയും ത്രൈമാസ യോഗം സംഘടിപ്പിക്കുക;

16. സംസ്ഥാന ശിശു സംരക്ഷണ സമിതിക്ക് പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുക;

17. ജുവനൈൽ ജസ്റ്റിസ് ബോർഡിലെ ഒഴിവുകളെക്കുറിച്ച് ഒഴിവുകൾ വരുന്നത് ആറ് മാസങ്ങൾക്ക് മുമ്പ് തന്നെ സംസ്ഥാന സർക്കാരിനെ അറിയിക്കേണ്ടതാണ്;

18. ജില്ലാ ശിശു സംരക്ഷണ ഓഫീസർ കുട്ടികളുമായി ബന്ധപ്പെട്ട നിയമവും ചട്ടങ്ങളും നടപ്പിലാക്കുന്നതിനുള്ള നോഡൽ ഓഫീസറാണ്.

**പ്രൊബേഷൻ ഓഫീസർ**

1. ബാലനീതി ആക്റ്റിന്റെ അടിസ്ഥാനത്തിൽ പോലീസ്/ ചൈൽഡ് വെൽഫെയർ പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം പ്രൊബേഷൻ ഓഫീസർക്ക് ജെ.ജെ. ബി.യുടെ ഉത്തരവില്ലാതെയോ, ഉത്തരവോടുകൂടിയോ കുട്ടിയുടെ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ സമർപ്പിക്കേണ്ടതാണ്;
2. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി പോലീസ്/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറുടെ കരുതലിൽ (Apprehension) എത്തിപ്പെടുകയും തുടർന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ മുമ്പാകെ ഹാജരാക്കിയാൽ പതിഞ്ച് ദിവസത്തിനകം സാമൂഹിക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്;
3. കുട്ടികളുടെ കോടതിയിൽ/ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നടപടിക്രമങ്ങളിൽ പങ്കെടുക്കുകയും ആവശ്യഘട്ടത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക;
4. സ്ഥാപനവാസത്തിൽ കുട്ടി അനുഭവിക്കുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും വിശദീകരിക്കുക;
5. ഓറിയന്റേഷൻ, നിരീക്ഷണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പുനരധിവാസ പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്;
6. കുട്ടിയും സ്ഥാപനാധികാരിയുമായുള്ള ബന്ധവും സഹകരണ മനോഭാവവും ദൃഢപ്പെടുത്തുക;
7. കുട്ടിക്ക് കുടുംബവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും, കുടുംബാംഗങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുക;
8. കുട്ടിയുടെ സ്ഥാപനവാസം അവസാനിപ്പിക്കുന്ന പ്രക്രിയയിൽ പങ്കാളിയാകുകയും, സ്ഥാപനവാസം അവസാനി

പ്പിച്ച് കുട്ടിക്ക് സാമൂഹിക-മാനസിക പിന്തുണ നൽകുന്ന വ്യക്തികളുമായി ബന്ധം സ്ഥാപിക്കുന്നതിന് സഹായിക്കുക;

9. കുട്ടികളുമായി ബന്ധപ്പെട്ട സാമൂഹിക അന്വേഷണ റിപ്പോർട്ട് (SIR), മേൽനോട്ടം, ഫോളോ അപ്പ് എന്നിവയ്ക്കായി മറ്റ് സംസ്ഥാനങ്ങളിലെയും ജില്ലകളിലെയും പ്രൊബേഷൻ ഓഫീസറുമായി ബന്ധം സ്ഥാപിക്കുക;

10. കുട്ടികളുടെ പുനരധിവാസം, പുനരേകീകരണം എന്നിവയ്ക്ക് മറ്റു സാമൂഹിക/ സന്നദ്ധ സംഘടനകളുമായി ബന്ധം സ്ഥാപിക്കുകയും ആവശ്യമായ തുടർ നടപടി ഉറപ്പുവരുത്തുകയും ചെയ്യുക;

11. സ്ഥാപനവാസം അവസാനിപ്പിച്ച കുട്ടിക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുകയും ആയത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുകയും ചെയ്യുക;

12. കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാപദ്ധതിയും, സ്ഥാപനവാസം അവസാനിപ്പിച്ചതിനു ശേഷമുള്ള പദ്ധതിയും തയ്യാറാക്കേണ്ടതാണ്;

13. വ്യക്തിഗത ശ്രദ്ധാപദ്ധതി പ്രകാരം പ്രൊബേഷൻ പിരീഡിൽ കുട്ടിയുടെ മേൽനോട്ട ചുമതല വഹിക്കേണ്ടതാണ്;

14. കുട്ടിയുടെ താമസസ്ഥലം, വിദ്യാഭ്യാസ-തൊഴിൽ ഇടങ്ങൾ എന്നിവിടങ്ങളിൽ കുട്ടിക്കുവേണ്ടി മേൽനോട്ടം വഹിക്കുകയും കൃത്യമായ ഇടവേളകളിൽ രേഖപ്പെടുത്തേണ്ടതുമാണ്;

15. കേസിന്റെ അടിസ്ഥാനത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശപ്രകാരം ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, പ്ലേസ് ഓഫ് സേഫ്റ്റി, ഫിറ്റ് ഫെസിലിറ്റി എന്നിവിടങ്ങളിൽ കുട്ടിയെ അനുഗമിക്കേണ്ടതാണ്;

16. പ്ലേസ് ഓഫ് സേഫ്റ്റിയിൽ കുട്ടിയുടെ പുരോഗതി വിലയിരുത്തുകയും കൃത്യമായ ഇടവേളകളിൽ മാനസിക-സാമൂഹികഘടകങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വിശദാംശങ്ങൾ കുട്ടികളുടെ കോടതിയിൽ സമർപ്പിക്കേണ്ടതുമാണ്;

17. കുട്ടികളുടെ കോടതിയുടെ നിർദ്ദേശപ്രകാരം നിരീക്ഷണ ചുമതലകൂടി വഹിക്കേണ്ടതാണ്;
18. ദൈനംദിന പ്രവർത്തികൾ രേഖപ്പെടുത്തുന്നതിന് ഒരു ഡയറി/രജിസ്റ്റർ കൈവശം സൂക്ഷിക്കേണ്ടതാണ്. ആയതിൽ സന്ദർശന വിവരങ്ങൾ, സോഷ്യൽ ഇൻവെസ്റ്റിഗേഷൻ രേഖകൾ, ഫോളോ അപ്പ് നടത്തിയതിന്റെ വിവരങ്ങൾ, മേൽനോട്ടം നടത്തിയ വിവരങ്ങൾ എന്നിവ സൂക്ഷിക്കേണ്ടതാണ്;
19. കുട്ടിയുടെ പുനരധിവാസത്തിനും സാമൂഹിക പുനരേകീകരണത്തിനുമായി സാമൂഹിക സേനവങ്ങളുടെ ബദൽ സംവിധാനം കണ്ടെത്തുകയും സന്നദ്ധ സംഘടനകളുമായി ബന്ധം സ്ഥാപിക്കേണ്ടതുമാണ്;
20. മറ്റേതെങ്കിലും കർത്തവ്യങ്ങൾ ചുമതലപ്പെടുത്തുകയാണെങ്കിൽ ആയത് നിർവ്വഹിക്കേണ്ടതാണ്;
21. കുട്ടികളുടെ കോടതിയുടെ ഉത്തരവുപ്രകാരം വ്യക്തിഗത ശ്രദ്ധാപദ്ധതിയുടെ അടിസ്ഥാനത്തിൽ കുട്ടിയുടെ പുനരധിവാസത്തിന്റെ തുടർനടപടി സ്വീകരിക്കേണ്ടതാണ്;
22. ജാമ്യത്തിൽ വിടുന്ന കുട്ടിയുടെ മേൽനോട്ട ചുമതല നിർവഹിക്കേണ്ടത് പ്രൊബേഷൻ ഓഫീസറാണ്;
23. കുട്ടികളുടെ കോടതികളുടെ ഉത്തരവുപ്രകാരം പ്ലേസ് ഓഫ് സേഫ്റ്റിയിൽ താമസിക്കുന്ന കുട്ടിയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ തുടർനടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ച റിപ്പോർട്ട് വാർഷികാടിസ്ഥാനത്തിൽ സമർപ്പിക്കേണ്ടതാണ്;
24. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിക്ക് 21 വയസ്സ് തികയുകയും എന്നാൽ പാർപ്പിക്കൽ കാലാവധി പൂർത്തിയാവാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ കുട്ടിയിൽ സ്വഭാവരൂപീകരണ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്നും കുട്ടി സമൂഹത്തിന് മുതൽ ക്കൂട്ടാവുന്ന വ്യക്തിയായിരിക്കുമോ എന്നും കുട്ടികളുടെ കോടതി ചുമതലപ്പെടുത്തിയ പ്രൊബേഷൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്;
25. സ്ഥാപനത്തിൽ താമസിപ്പിച്ചിരിക്കുന്ന കുട്ടിയെ വിട്ടയയ്ക്കുന്നതിനും മാതാപിതാക്കളുടെയോ രക്ഷിതാക്കളു

ടെയോ അധികാരപ്പെട്ട ആളുടെ കൂടെയോ താമസിപ്പിക്കു ന്നതിനുമുള്ള റിപ്പോർട്ട് തയ്യാറാക്കുക.

**സർക്കാരിതര സംഘടനകൾ (എൻ.ജി.ഒ)**

ജുവനൈൽ ജസ്റ്റിസ് ബോർഡ് നിർദ്ദേശിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ പാനലിൽ വരുന്ന സന്നദ്ധ സംഘടനകളിൽ നിന്നോ (ചൈൽഡ് ലൈൻ പോലുള്ള) മറ്റു ഏജൻസികളിൽ നിന്നോ കേസ് വർക്കർ, കൗൺസലിംഗ്, സൈക്കോളജിക്കൽ ഇടപെടലുകൾ എന്നിവ നൽകുന്നതിനും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെ സാമൂഹികാന്വേഷണ റിപ്പോർട്ട് തയാറാക്കുന്ന തിനും കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി നൽകുന്നതിനും ഇടപെടലുകൾ നടത്താവുന്നതാണ്.

## പ്രാഥമിക വിലയിരുത്തലിനുശേഷമുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ തീരുമാനങ്ങൾ

1. കുട്ടിയെ പ്ലേസ് ഓഫ് സേഫ്റ്റിയിലേയ്ക്ക് മാറ്റാൻ ഉത്തരവ് നൽകാവുന്നതാണ്;
2. ഉപദേശത്തിനും ഉദ്ബോധനത്തിനും ശേഷം കുട്ടിയെ മോചിപ്പിക്കാനും ഗ്രൂപ്പ് പ്രവർത്തനത്തിലോ കമ്മ്യൂണിറ്റി സേവനത്തിലോ പങ്കെടുക്കാൻ കുട്ടിയോട് ആവശ്യ പ്പെടുകയും ശരിയായ കൗൺസിലിംഗ് ക്രമീകരിക്കാൻ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിനോട് (ഡി.സി.പി.യു) ആവശ്യപ്പെടുകയും ചെയ്യാവുന്നതാണ്;
3. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവ് പ്രകാരം കുട്ടിയെ പ്രൊബേഷനിൽ വിട്ടയക്കുമ്പോൾ രക്ഷിതാ ക്കൾ/രക്ഷ കർത്താക്കൾ/ഫിറ്റ് പേഴ്സൺ എന്നിവരുടെ മേൽനോട്ടത്തിലായിരിക്കണം കുട്ടിയെ സംരക്ഷിക്കുന്ന വ്യക്തി ജുവനൈൽ ജസ്റ്റിസ് ബോർഡിന് രേഖാമൂലം സമ്മതപത്രം സമർപ്പിക്കേണ്ടതാണ്;
4. വ്യക്തിഗത കരാറിൽമേൽ ഉത്തരവ് നൽകുക;
5. പരമാവധി മൂന്ന് വർഷം വരെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ കുട്ടിയെ വിട്ടയക്കാൻ ഉത്തരവ് നൽകാ വുന്നതാണ്;

6. കുട്ടി പ്രൊബേഷൻ നിബന്ധനകൾ പാലിക്കുന്നില്ലെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡ് കണ്ടെത്തിയാൽ ശേഷിക്കുന്ന സമയത്തേക്ക് കുട്ടിയെ സ്പെഷ്യൽ ഹോമിലേക്കോ പ്ലേസ് ഓഫ് സേഫ്റ്റിയിലേക്കോ മാറ്റുവാൻ തീരുമാനിക്കാവുന്നതാണ്;
7. ജുവനൈൽ ജസ്റ്റിസ് ബോർഡ് നിയമവുമായി പൊരുത്തപ്പെടാത്ത ഓരോ കുട്ടിയുടെയും നടപടിക്രമങ്ങൾ ബാലനീതി ആക്റ്റിൽ പരാമർശിക്കുന്നതിൻ പ്രകാരം കൈക്കൊള്ളേണ്ടതാണ്;
8. ജുവനൈൽ ജസ്റ്റിസ് ബോർഡ് തീർപ്പ് കൽപ്പിക്കാത്ത കേസുകളുടെ വിശദാംശങ്ങളും, സ്പെഷ്യൽ ഹോം മുതലായവ സന്ദർശിച്ച വിവരങ്ങളും ബാലനീതി ആക്റ്റ് പ്രകാരം ത്രൈമാസ അടിസ്ഥാനത്തിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ അല്ലെങ്കിൽ ചീഫ് മെട്രോപൊളിറ്റൺ മജിസ്ട്രേറ്റിനോ സമർപ്പിക്കേണ്ടതാണ്;
9. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ നടപടിക്രമങ്ങൾ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ നടക്കുമ്പോൾ കേസുമായി ബന്ധമില്ലാത്ത ആരും തന്നെ മുറിയിൽ ഇല്ലെന്ന് ഉറപ്പാക്കേണ്ടതാണ്;
10. ജുവനൈൽ ജസ്റ്റിസ് ബോർഡ് ശിശുസൗഹാർദ്ദപരമായ നടപടിക്രമങ്ങൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്;
11. ജുവനൈൽ ജസ്റ്റിസ് ബോർഡ് സിറ്റിംഗ് നടത്തുമ്പോൾ ഉയർന്ന പ്ലാറ്റ്ഫോമിന്റെ ആവശ്യമില്ല;
12. ജുവനൈൽ ജസ്റ്റിസ് ബോർഡ് എല്ലാ പ്രവൃത്തി ദിവസങ്ങളിലും കുറഞ്ഞത് ആറ് മണിക്കൂറെങ്കിലും പ്രവർത്തിക്കേണ്ടതാണ്;
13. ബാലനീതി ആക്റ്റ് പ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡ് കുട്ടിയുടെ പുനരധിവാസ പ്രക്രിയയുടെ പുരോഗതി നിരീക്ഷിക്കേണ്ടതാണ്;
14. കുട്ടിയുടെ പഠനം തുടരുന്നതിന് ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉചിതമായ ഉത്തരവുകൾ നൽകേണ്ടതാണ്;
15. ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് നിയമപരമായ സഹായം നൽകുന്നുവെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉറപ്പാക്കണം.

# നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസം

**ഒബ്സർവേഷൻ ഹോം (നിരീക്ഷണ ഭവനം)**

കുറ്റകൃത്യം ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന കുട്ടികളെ അന്വേഷണം തീർപ്പ് കൽപ്പിക്കുന്നതിന് മുമ്പായി താമസിപ്പിക്കുന്ന സ്ഥലം.

**സ്പെഷ്യൽ ഹോം (പ്രത്യേക ഭവനം)**

ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉത്തരവിട്ട പ്രകാരം കുറ്റം ചെയ്തതായി കണ്ടെത്തിയ കുട്ടികളെ മൂന്ന് വർഷമോ അതിൽ കുറഞ്ഞതോ ആയ കാലയളവിൽ പാർപ്പിക്കുന്ന സ്ഥലം.

**പ്ലേസ് ഓഫ് സേഫ്റ്റി**

ജുവനൈൽ ജസ്റ്റിസ് ബോർഡ് നിർദ്ദേശിച്ച പ്രകാരം 18 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തിയോ 16 – 18 വയസ്സിനിടയിലുള്ള കുട്ടികളോ നിയമവുമായി പൊരുത്തപ്പെടാത്തവരോ അല്ലെങ്കിൽ ഗുരുതര കുറ്റം ചെയ്തതായി കണ്ടെത്തിയാൽ പുനരധിവാസത്തിനായി പാർപ്പിക്കുന്ന സ്ഥലം.

**ദത്തെടുക്കൽ**

1. ഇന്ത്യൻ കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നോഡൽ ബോഡിയാണ് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി (CARA). രാജ്യ-അന്താരാഷ്ട്ര ദത്തെടുക്കൽ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം ഈ സമിതിക്കുണ്ട്;
2. അംഗീകൃത ദത്തെടുക്കൽ ഏജൻസി വഴി അനാഥരും ഉപേക്ഷിക്കപ്പെട്ടവരും സറണ്ടർ ചെയ്തതുമായ കുട്ടികളെ ദത്തെടുക്കുന്നതിനാണ് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പ്രധാനമായും ഇടപെടുന്നത്. ബാലനീതി ആക്റ്റ് അനുസരിച്ച് ഓരോ സംസ്ഥാനത്തിനകത്തും ദത്തെടുക്കൽ കൈകാര്യം ചെയ്യുന്നതിന് സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി നിലവിലുണ്ട്.

## സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ ഉത്തരവാദിത്തങ്ങൾ (CARA).

1. രാജ്യത്ത് ദത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു;
2. പ്രവാസി ഇന്ത്യാക്കാരിൽ നിന്നും വിദേശികളിൽ നിന്നും ലഭിക്കുന്ന ദത്തെടുക്കലിനുള്ള അപേക്ഷ സ്വീകരിച്ച് അവലോകനം ചെയ്യുന്നു;
3. രാജ്യത്തിനകത്ത് നടക്കുന്ന ദത്തെടുക്കൽ പ്രക്രിയയിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) നൽകുന്നു;
4. ദത്തെടുക്കൽ സംബന്ധമായ കാര്യങ്ങളിൽ സംസ്ഥാന അഡോപ്ഷൻ റിസോഴ്സ് ഏജൻസികളുമായി സംയുക്തമായ പ്രവർത്തനം നടത്തുന്നു;
5. കുട്ടികളുടെ ദത്തെടുക്കൽ റിസോഴ്സ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സിസ്റ്റത്തിൽ ദത്തെടുക്കുന്നതിനായ കുട്ടികളുടെയും ദത്തെടുക്കുന്ന മാതാപിതാക്കളുടെയും വിവരങ്ങൾ സമഗ്ര കേന്ദ്രീകൃത വിവരശേഖരണമായി സൂക്ഷിക്കുന്നു.

## സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ ഘടന (SARA)

സംസ്ഥാന സർക്കാർ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി, സംസ്ഥാന അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ തലവനും താഴെപ്പറയുന്ന അംഗങ്ങളും ഉണ്ടാകണം.

1. ദത്തെടുക്കൽ കൈകാര്യംചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ വകുപ്പ് ഡയറക്ടർ അംഗം – സെക്രട്ടറിയായിരിക്കും;
2. ആരോഗ്യവകുപ്പ് ഡയറക്ടർ/സംസ്ഥാന സർക്കാരിന്റെ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ – അംഗം;
3. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചെയർപേഴ്സൺ;
4. സംസ്ഥാന അഡോപ്ഷൻ ഏജൻസികളുടെ പ്രതിനിധികൾ;
5. സമൂഹത്തിൽ ശിശുക്ഷേമവും സംരക്ഷണവുമായി ബന്ധ

പ്പെട്ട് 10 വർഷത്തെ പ്രവൃത്തി പരിചയമുള്ള ആൾ ഒരംഗമായിരിക്കും;

6. കേരള സംസ്ഥാന നിയമസഹായ അതോറിറ്റിയിൽ നിന്നുള്ള ഒരംഗം;

മേൽപ്പറഞ്ഞ ഭരണസമിതി പാദവാർഷിക അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദത്തെടുക്കലിന്റെ പുരോഗതി അവലോകനം ചെയ്യുന്നതാണ്.

## സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ ഉത്തരവാദിത്തങ്ങൾ

1. സംസ്ഥാനത്തെ ദത്തെടുക്കൽ പദ്ധതിയുടെ പ്രമോഷൻ, ഫെസിലിറ്റേഷൻ, മോണിറ്ററിംഗ്, റഗുലേഷൻ എന്നിവ നടപ്പിലാക്കുന്നു;
2. ഓരോ ജില്ലയിലേയും ഒന്നോ അതിലധികമോ ഉള്ള ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ പ്രത്യേക ദത്തെടുക്കൽ ഏജൻസികളായി അംഗീകരിക്കാൻ ശുപാർശ നൽകാവുന്നതാണ്;
3. പ്രത്യേക ദത്തെടുക്കൽ ഏജൻസികളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുകയും കൂടാതെ ഓരോ അഞ്ചുവർഷത്തിലും അംഗീകാരം കൊടുക്കാൻ ശുപാർശ ചെയ്യാവുന്നതാണ്;
4. അധികാര പരിധിക്കുള്ളിലെ ദത്തെടുക്കൽ ഏജൻസികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നു;
5. കുട്ടികളുടെ ദത്തെടുക്കൽ റിസോഴ്സ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ്സിസ്റ്റത്തിൽദത്തെടുക്കുന്നതിനുള്ളകുട്ടികളുടെയും ദത്തെടുക്കുന്ന മാതാപിതാക്കളുടെയും വിവരങ്ങൾ സമഗ്രകേന്ദ്രീകൃത വിവരശേഖരണമായി സൂക്ഷിക്കുന്നു;
6. സംസ്ഥാനത്തെ എല്ലാ ദത്തെടുക്കലുകളും നിയമ വ്യവസ്ഥകൾ, ചട്ടങ്ങൾ എന്നിവ അനുസരിച്ചാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുക.

## സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA)

അനാഥരും ഉപേക്ഷിക്കപ്പെട്ടവരും സറണ്ടർ ചെയ്തതുമായ കുട്ടികളെ ദത്തെടുക്കുന്നതിനും, സ്ഥാപനേതര സംരക്ഷണം വഴിയായി പുനരധിവസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാരിന് ഓരോ ജില്ലയിലും അതോറിറ്റിയുടെ ദത്തെടുക്കൽ നിയന്ത്രണങ്ങൾക്ക് വിധേയമായി സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയായി ഒന്നോ അതിലധികമോ സ്ഥാപനങ്ങളെയോ, സംഘടനകളെയോ അംഗീകരിക്കാവുന്നതാണ്.

1. സംസ്ഥാന സർക്കാർ വർഷത്തിലൊരിക്കൽ എങ്കിലും ഇത്തരം ഏജൻസികളെ പരിശോധിക്കുകയും ആവശ്യമെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്;
2. നിയമപരമായി ദത്തെടുക്കാൻ സ്വാതന്ത്ര്യമുള്ള 0 – 6 വയസ്സുവരെയുള്ള കുട്ടികളെ ദത്തെടുക്കുന്നതിനായി പ്രാഥമിക പരിഗണന നൽകി സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ സൂക്ഷിക്കുന്നു/സംരക്ഷിക്കുന്നു;
3. നിയമപരമായി ദത്തെടുക്കാൻ സ്വാതന്ത്ര്യമുള്ളതും എന്നാൽ രണ്ട് വർഷത്തിനുള്ളിൽ ദത്തെടുക്കാത്തതുമായ 6 – 8 വയസ്സു വരെയുള്ള കുട്ടികളെ ഫാമിലി ഫോസ്റ്റർ കെയർ അല്ലെങ്കിൽ ഗ്രൂപ്പ് ഫോസ്റ്റർ കെയർ എന്നിവയിൽ ഉൾപ്പെടുത്താവുന്നതാണ്;
4. നിയമപരമായി ദത്തെടുക്കാൻ സ്വാതന്ത്ര്യമുള്ളതും എന്നാൽ ഒരു വർഷത്തിനുള്ളിൽ ദത്തെടുക്കാത്തതുമായ 8 – 18 വയസ്സുവരെയുള്ള കുട്ടികളെ ഫോസ്റ്റർ കെയറിൽ ഉൾപ്പെടുത്താവുന്നതാണ്.

## ദത്തെടുക്കുന്ന മാതാപിതാക്കളുടെ യോഗ്യത

1. ദത്തെടുക്കുന്ന മാതാപിതാക്കൾ കുട്ടിയെ പരിപാലിക്കാൻ ശാരീരികമായും മാനസികമായും സാമ്പത്തികമായും ശേഷിയുള്ളവരാകണം;
2. ദമ്പതികളാണ് ദത്തെടുക്കുന്നതെങ്കിൽ രണ്ട് പങ്കാളികളുടെയും സമ്മതം നിർബന്ധമാണ്;

3. പുരുഷൻമാർക്ക് പെൺകുട്ടികളെ ദത്തെടുക്കാൻ അനുമതിയില്ല;

4. ഏകയായി ജീവിക്കുന്ന സ്ത്രീക്ക് ലിംഗവ്യത്യാസമില്ലാതെ കുട്ടിയെ ദത്തെടുക്കാവുന്നതാണ്;

5. കുറഞ്ഞത് രണ്ട് വർഷത്തെ ദാമ്പത്യജീവിതം നയിച്ച വർക്കാണ് കുട്ടിയെ ദത്തെടുക്കാൻ അനുമതി ലഭിക്കുന്നത്.

| കുട്ടിയുടെ പ്രായം | ദത്തെടുക്കുന്ന ദമ്പതികളുടെ സംയോജിത പ്രായം | ഒറ്റയ്ക്കാണ് ദത്തെടുക്കുന്നത് എങ്കിൽ പ്രോസ്പെക്റ്റീവ് അഡോപ്റ്റീവ് പാരന്റിന്റെ പരമാവധി പ്രായം |
|---|---|---|
| 4 വയസ്സ് വരെ | 90 വയസ്സ് | 45 വയസ്സ് |
| 4 വയസ്സ് മുതൽ 8 വയസ്സ് വരെ | 100 വയസ്സ് | 50 വയസ്സ് |
| 8 മുതൽ 18 വയസ്സ് വരെ | 110 വയസ്സ് | 55 വയസ്സ് |

6. ദത്തെടുക്കുന്ന കുട്ടിയുടെയും പ്രോസ്പെക്റ്റീവ് അഡോപ്റ്റീവ് പാരന്റിന്റെയും വയസ്സുകൾ തമ്മിലുള്ള അന്തരം 25 വയസ്സിൽ കുറയാൻ പാടുള്ളതല്ല;

7. ബന്ധുമിത്രാദികളാണ് കുട്ടിയെ ദത്തെടുക്കുന്നതെങ്കിൽ പ്രായ വ്യത്യാസം ബാധകമല്ല.

## ബാലനീതി ആക്റ്റ് 2015 പ്രകാരമുള്ള കുറ്റവും ശിക്ഷയും

ബാലനീതി ആക്റ്റ് 2015 പ്രകാരം കുട്ടികളുമായി ബന്ധപ്പെട്ട വിവിധ കുറ്റകൃത്യങ്ങളും അവയ്ക്ക് അനുശാസിക്കുന്ന ശിക്ഷകളും താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| വകുപ്പ് | കുറ്റം | ശിക്ഷ (വകുപ്പ്) |
|---|---|---|
| 33 | ഏതെങ്കിലും കുട്ടികളെ ഉപേക്ഷിച്ചോ നഷ്ടപ്പെട്ടോ കിട്ടിയിട്ട് അറിയിക്കാതിരുന്നാൽ | ആറുമാസം വരെ ആകാവുന്ന തടവോ പതിനായിരം രൂപ പിഴയോ രണ്ടും കൂടിയോ (34) |

| | | |
|---|---|---|
| 42 | കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ ബാല നീതി ആക്റ്റ് പ്രകാരം സർക്കാർ രജിസ്ട്രേഷൻ വാങ്ങിയില്ലെങ്കിൽ | ഒരു വർഷം വരെ ആകാവുന്ന തടവോ ഒരു ലക്ഷത്തിൽ കുറയാത്ത പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ്. |
| 74(1) | കുറ്റകൃത്യത്തിന് ഇര യായ കുട്ടികളുടെ യോ കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളുടെ യോ വിവരങ്ങൾ പുറത്ത് വിട്ടാൽ | ആറുമാസം വരെ ആകാവുന്ന തടവോ 2 ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ 74(3) |
| 75 | കുട്ടികളെ ആക്രമി ക്കുക, ഉപദ്രവിക്കുക, അവഗണിക്കുക, അതി ലൂടെ കുട്ടികൾക്ക് മാനസിക-ശാരീരിക സമ്മർദ്ദം ഏൽപ്പിക്കുക | 3 വർഷം വരെ ആകാവുന്ന തടവോ 1 ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ |
| 76 | ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗി ക്കൽ, ഭിക്ഷാടനത്തി നായി അംഗഭംഗം വരുത്തൽ | 5 വർഷം വരെ ആകാവുന്ന തടവും 1 ലക്ഷം രൂപ പിഴയോ, 7 മുതൽ 10 വർഷം വരെ കഠിന തടവും 5 ലക്ഷം രൂപ പിഴയും |
| 77 | മദ്യം, പുകയില, ലഹരി വസ്തുക്കൾ എന്നിവ കുട്ടികൾക്ക് കൊടുത്താൽ | 7 വർഷം വരെ ആകാവുന്ന കഠിന തടവും 1 ലക്ഷം രൂപ വരെ പിഴയും |
| 78 | മദ്യം, മയക്കുവരുന്ന് വിൽപ്പനയ്ക്കോ വിത രണത്തിനോ കള്ളകട ത്തിനോ കുട്ടിയെ ഉപ യോഗിച്ചാൽ | 7 വർഷം വരെ ആകാവുന്ന കഠിന തടവും1 ലക്ഷം വരെ പിഴയും |
| 79 | കുട്ടിയെക്കൊണ്ട് അടിമ വേല ചെയ്യിക്കുക യോ ജോലി ചെയ്യി പ്പിച്ച് സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്താൽ | 5 വർഷം വരെ ആകാവുന്ന കഠിന തടവും1 ലക്ഷം വരെ പിഴയും |

| | | |
|---|---|---|
| 80 | അനധികൃതമായി കുട്ടികളെ ദത്ത് കൊടുത്താൽ | 3 വർഷം വരെ ആകാവുന്ന തടവോ, 1 ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ |
| 81 | കുട്ടികളെ വിൽക്കുക യോ വാങ്ങുകയോ ചെയ്താൽ | 5 വർഷം വരെ ആകാവുന്ന കഠിന തടവും 1 ലക്ഷം രൂപ പിഴയും |
| 82 | കുട്ടിക്ക് ശാരീരിക ശിക്ഷ നൽകിയാൽ | പതിനായിരം രൂപ പിഴയും കുറ്റം ആവർത്തി ക്കുകയാണെങ്കിൽ 3 മാസം വരെ ആകാവുന്ന തടവോ പിഴയോ രണ്ടും കൂടിയോ |
| 83 | കലാപകാരികളോ മറ്റു ള്ളവരോ കുട്ടികളെ ദുരുപയോഗം ചെയ്താൽ | 7 വർഷം വരെ ആകാവുന്ന കഠിന തടവും 5 ലക്ഷം രൂപ പിഴയും |
| 84 | കുട്ടികളെ തട്ടികൊണ്ടു പോകൽ | ഐ.പി.സി. 360, 363 പ്രകാരം 7 വർഷം വരെ തടവ് ശിക്ഷയും പിഴയും |
| 85 | മാനസിക, ശാരീരിക ഭിന്നശേഷിക്കാരായ കുട്ടികളുടെ മേലുള്ള അതിക്രമം | നിഷ്കർഷിക്കപ്പെട്ട ശിക്ഷയുടെ ഇരട്ടി ശിക്ഷ |

**ജില്ലാ മജിസ്ട്രേറ്റ്/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും (ബാലനീതി, (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) 2015, ഭേദഗതി ആക്റ്റ് - 2021) പ്രകാരം**

1. ജില്ലാ മജിസ്ട്രേറ്റ് എന്നത് ജില്ലയിലെ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനേയും ഉൾക്കൊള്ളിച്ചിരിക്കുന്നു;
2. ഈ ആക്റ്റിന്റെയും മറ്റ് ശിശു സംരക്ഷണ നടപടികളു ടെയും ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെയും മേൽ നോട്ടം ജില്ലാ മജിസ്ട്രേറ്റിന്റെ ചുമതലയാണ്;

3. ത്രൈമാസാടിസ്ഥാനത്തിൽ തീർപ്പാക്കാത്ത കേസുകളുടെ വിവരങ്ങൾ ജില്ലാ മജിസ്ട്രേറ്റിന് ജുവനൈൽ ജസ്റ്റിസ് ബോർഡ് കൈമാറേണ്ടതാണ്;

4. ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ പ്രവർത്തനം ത്രൈമാസാടിസ്ഥാനത്തിൽ ജില്ലാ മജിസ്ട്രേറ്റ് അവലോകനം നടത്തേണ്ടതാണ്;

5. ജില്ലാ മജിസ്ട്രേറ്റ് ശിശു ക്ഷേമ സമിതിക്കായുള്ള പരാതി പരിഹാര അതോറിറ്റിയുടെ അധികാരി ആയിരിക്കേണ്ടതും കുട്ടിയുമായി ബന്ധപ്പെട്ട ആരെങ്കിലും ജില്ലാ മജിസ്ട്രേറ്റിനു പരാതി സമർപ്പിക്കാവുന്നതും ജില്ലാ മജിസ്ട്രേറ്റ് അത് പരിഗണിച്ച് കക്ഷികളെ കേൾക്കാനുള്ള അവസരം നൽകിയശേഷം യുക്തമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്;

6. പരിഗണനയിലിരിക്കുന്ന കേസുകളെ സംബന്ധിച്ചും തീർപ്പാക്കിയ കേസുകളുടെ സ്വഭാവത്തെ സംബന്ധിച്ചും ജില്ലാ മജിസ്ട്രേറ്റിന് ബോധ്യപ്പെടുന്നതിലേക്കായി കമ്മിറ്റി ത്രൈമാസ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്;

7. പുന:പരിശോധനയ്ക്ക് ശേഷം ജില്ലാ മജിസ്ട്രേറ്റ്, ആവശ്യമെങ്കിൽ തീർപ്പാക്കാത്ത കേസുകളുടെ എണ്ണം കുറയ്ക്കുന്നതിന് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുവാൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകേണ്ടതും പുന:പരിശോധന റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതും ആയതിന്മേൽ ആവശ്യമെന്നു തോന്നുന്നപക്ഷം സർക്കാരിന് കൂടുതൽ കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതുമാണ്;

8. ചൈൽഡ് വെൽഫയർ കമ്മിറ്റിയോ, ജുവനൈൽ ജസ്റ്റിസ് ബോർഡോ പുറപ്പെടുവിച്ച ഉത്തരവിൽ ഏതെങ്കിലും വ്യക്തി തൃപ്തനല്ലെങ്കിൽ അത്തരം ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം, കമ്മറ്റിയുടെ ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, അനന്തരസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊഴികെയുള്ള കാര്യങ്ങളിൽ ചിൽഡ്രൻസ് കോടതിയിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും, മേൽ പറഞ്ഞ തീരുമാനങ്ങൾക്കെതിരെ അപ്പീൽ അധികാരി ജില്ലാ മജിസ്ട്രേറ്റ് ആയിരിക്കുന്നതുമാണ്;

9. ജില്ലാ മജിസ്ട്രേറ്റിന്  കുട്ടിയുടെ ഉത്തമതാല്പര്യം പരിഗണിച്ച് ഏതുതരത്തിലുള്ള  വിവരങ്ങളും/റിപ്പോർട്ടുകളും കർത്തവ്യവാഹകരിൽ നിന്നും ആവശ്യപ്പെടാവുന്നതാണ്/തേടാവുന്നതാണ്;

10. ദത്തെടുക്കലിന് സ്വതന്ത്രരാണെന്ന് പ്രഖ്യാപിച്ച കുട്ടികളുടെ എണ്ണത്തെ സംബന്ധിച്ചും ചട്ടപ്രകാരം തീരുമാനമെടുക്കുന്നതിന് ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ പരിഗണനയിലിരിക്കുന്ന കേസുകളുടെ എണ്ണത്തെ സംബന്ധിച്ചും, എല്ലാ മാസവും ജില്ലാ മജിസ്ട്രേറ്റിനെയും, സംസ്ഥാന അഡോപ്ഷൻ റിസോഴ്സ് ഏജൻസിയെയും ചൈൽഡ് വെൽഫയർ കമ്മിറ്റി അറിയിക്കേണ്ടതാണ്;

11. ചൈൽഡ് വെൽഫയർ കമ്മിറ്റി സ്ഥാപനവാസികളായിരുന്ന കുട്ടികളുടെ പുന:സ്ഥാപനത്തെ സംബന്ധിച്ചും, മരണപ്പെട്ട കുട്ടികളെക്കുറിച്ചും, ഓടിപ്പോയ കുട്ടികളെക്കുറിച്ചുമുള്ള ത്രൈമാസ റിപ്പോർട്ട് സർക്കാരിനും, ജില്ലാ മജിസ്ട്രേറ്റിനും സമർപ്പിക്കേണ്ടതാണ്;

12. ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംസ്ഥാന സർക്കാർ ജില്ലാ മജിസ്ട്രേറ്റിന്റെ ശുപാർശകൾ നിർണയിച്ച് സ്ഥാപനത്തിന്റെ ശേഷിയും ഉദ്ദേശവും നിശ്ചയിക്കേണ്ടതും അത് രേഖപ്പെടുത്തേണ്ടതും ഓരോ സ്ഥാപനത്തിന്റെയും സ്വഭാവമനുസരിച്ച് സ്ഥാപനത്തെ ശിശുഭവനമായോ, പൊതു അഭയകേന്ദ്രമായോ, പ്രത്യേക ദത്തെടുക്കൽ കേന്ദ്രമായോ, നിരീക്ഷണ ഭവനമായോ, പ്രത്യേക ഭവനമായോ, സുരക്ഷിത കേന്ദ്രമായോ രജിസ്റ്റർ ചെയ്യാവുന്നതാണ്;

13. കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷൻ കമ്മിറ്റികൾ സന്ദർശനം നടത്തേണ്ടതും അത്തരം സന്ദർശനങ്ങളുടെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ടുകൾ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലേക്കോ, ജില്ലാ മജിസ്ട്രേറ്റിനോ, സംസ്ഥാന സർക്കാരിനോ തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതാണ്;

14. കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി ഒരാഴ്ചക്കുള്ളിൽ സമർപ്പിച്ച പരിശോധന കമ്മിറ്റി

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റോ, ജില്ലാ മജിസ്ട്രേറ്റോ, സംസ്ഥാന സർക്കാരോ അനുയോജ്യമായ നടപടികൾ ഒരു മാസത്തിനകം സ്വീകരിക്കേണ്ടതും റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്;

15. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയോ, ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയോ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റെയോ രജിസ്ട്രേർഡ് സ്ഥാപനങ്ങളുടെയോ അംഗീകാരമുള്ള അനുയോജ്യ സൗകര്യങ്ങളുടെയോ വ്യക്തികളുടെയോ പ്രവർത്തനങ്ങളെ കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ ജില്ലാ മജിസ്ട്രേറ്റിനോ അതാതു സർക്കാരുകൾ അനുശാസിച്ച പ്രകാരം വ്യക്തികളോ സ്ഥാപനങ്ങളോ വഴി നിശ്ചിത കാലയളവിൽ സ്വാതന്ത്രമായി വിലയിരുത്താവുന്നതാണ്;

16. ജില്ലാ മജിസ്ട്രേറ്റിന്റെ/കോടതിയുടെ നിയമാനുസൃതമായ ഉത്തരവ് ഇല്ലാതെ വിദേശ രാജ്യത്തേക്ക് ദത്തെടുക്കപ്പെടുന്ന കുട്ടിയെ കൊണ്ടുപോകുകയോ അയയ്ക്കുകയോ, വിദേശ രാജ്യത്തുള്ള മറ്റൊരു വ്യക്തിക്ക് കുട്ടിയെ കൈമാറ്റം നടത്തുന്നതിനും എന്തെങ്കിലും സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്താൽ ആ വ്യക്തിക്ക് എതിരെ ദത്തെടുക്കലിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതിനുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്;

17. ദത്തെടുക്കൽ ആഗ്രഹിക്കുന്ന മാതാപിതാക്കളിൽ നിന്ന് കുട്ടിയുടെ പഠന റിപ്പോർട്ടും വൈദ്യപരിശോധന റിപ്പോർട്ടും ഒപ്പിട്ട് കുട്ടിയെ സ്വീകരിച്ചതിനുശേഷം സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിക്ക് ദത്തെടുക്കലിനു മുമ്പുള്ള ഫോസ്റ്റർ കെയറിനും മറ്റും അതോറിറ്റിയുടെ ദത്തെടുക്കൽ നിയന്ത്രണങ്ങൾ പ്രകാരം ദത്തെടുക്കൽ ഉത്തരവ് ലഭിക്കുന്നതിനുവേണ്ടി കോടതിയിൽ/ ജില്ലാ മജിസ്ട്രേറ്റിനു മുമ്പാകെ അപേക്ഷിക്കാവുന്നതാണ്;

18. കുട്ടിയെ ദത്തെടുക്കാൻ പോകുന്ന മാതാപിതാക്കളിൽ നിന്നും സമ്മതപത്രം ലഭിച്ചതിനുശേഷം സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി കോടതി/ ജില്ലാ മജിസ്ട്രേ

റ്റിനു മുമ്പാകെ അതോറിറ്റിയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി ദത്തെടുക്കൽ ഉത്തരവ് ലഭിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്;

19. വിദേശത്ത് താമസിക്കുന്ന ഒരു ബന്ധു ഇന്ത്യയിൽ ഉള്ള ബന്ധുവിൽ നിന്ന് ഒരു കുട്ടിയെ ദത്തെടുക്കാൻ തീരുമാനിച്ചാൽ കോടതിയിൽ/ജില്ലാ മജിസ്ട്രേറ്റിൽ നിന്നും ഉത്തരവ് നേടേണ്ടതും അതോറിറ്റിയുടെ ദത്തെടുക്കൽ നിയന്ത്രണങ്ങൾക്കു വിധേയമായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനായി അതോറിറ്റി മുമ്പാകെ അപേക്ഷിക്കേണ്ടതുമാണ്;

20. ദത്തെടുക്കൽ നടപടികൾ 'ഇൻ-ക്യാമറ'-യിൽ നടത്തേണ്ടതും ഫയൽ ചെയ്ത് രണ്ട് മാസത്തിനുള്ളിൽ കോടതി/ജില്ലാ മജിസ്ട്രേറ്റ് കേസ് തീർപ്പാക്കേണ്ടതുമാണ്;

21. ജില്ലാ മജിസ്ട്രേറ്റിന്റെ ദത്തെടുക്കൽ ഉത്തരവ് ലഭിച്ചതിനു ശേഷം പ്രസ്തുത ഉത്തരവിൽ സംതൃപ്തനല്ലെങ്കിൽ ഡിവിഷണൽ കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതാണ്.

## ബാലവിവാഹ നിരോധന ആക്റ്റ്, 2006

1. 2006-ലെ ബാലവിവാഹ നിരോധന ആക്റ്റ് 01.11.2007 മുതൽ ജമ്മു-കാശ്മീർ സംസ്ഥാന ഒഴികെയുള്ള ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മേൽ ആക്റ്റ് പ്രകാരം 21 വയസ്സ് പൂർത്തിയാകാത്ത പുരുഷനും 18 വയസ്സ് പൂർത്തിയാകാത്ത പെൺകുട്ടിയും തമ്മിലുള്ള വിവാഹം കുറ്റകരമായി പ്രഖ്യാപിച്ചിരിക്കുന്നു. 21വയസ്സിൽ താഴെയുള്ള പുരുഷനോ 18 വയസ്സിൽ താഴെയുള്ള സ്ത്രീയോ ഏർപ്പെടുന്ന വിവാഹത്തെയാണ് ശൈശവ വിവാഹമായി നിർവചിച്ചിരിക്കുന്നത്;

2. ബാലവിവാഹ നിരോധന ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷം പ്രായപൂർത്തിയാകാത്തവർ നടത്തിയ വിവാഹം, വിവാഹ ബന്ധത്തിലേർപ്പെട്ട ഏതെങ്കിലും ഒരാളുടെ ഹർജിയിൽ കോടതിക്ക് അസാധുവായി പ്രഖ്യാപിക്കാം. അത്തരം ഹർജികൾ കുട്ടിക്ക് പ്രായപൂർത്തിയായ

തീയതി മുതൽ രണ്ടു വർഷത്തിനകം ഫയൽ ചെയ്തിരിക്കണം. പരാതി ഫയൽ ചെയ്യുമ്പോൾ പരാതിക്കാരൻ പ്രായപൂർത്തിയാകാത്തതാണെങ്കിൽ രക്ഷിതാവ് മുഖേനയോ അടുത്ത സുഹൃത്ത് മുഖേനയോ ശൈശവ വിവാഹ നിരോധന ഓഫീസർ മുഖേനയോ കേസ് ഫയൽ ചെയ്യാം. വിവാഹം അസാധുവാക്കി പ്രഖ്യാപിക്കുന്നതിനുള്ള അധികാരത്തോടൊപ്പം വിവാഹ സമയത്ത് കുട്ടിയിൽ നിന്നും മറ്റും വാങ്ങിയ എല്ലാ വസ്തുവകകളും തിരിച്ചു നൽകാനും കോടതിക്ക് ഉത്തരവ് നൽകാം;

3. ഈ ആക്റ്റ് പ്രകാരം കുടുംബ കോടതിക്ക് വിവാഹം അസാധുവാക്കി പ്രഖ്യാപിക്കുന്നതിനുപുറമേ പെൺകുട്ടിക്കാണ് പ്രായപൂർത്തിയാകാത്തതെങ്കിൽ കുട്ടിയുടെ പുനർവിവാഹംവരെ താമസസ്ഥലവും ജീവനാംശവും നൽകാൻ എതിർകക്ഷിയായ ഭർത്താവിനോടും മറിച്ച് ആൺകുട്ടിക്കാണ് പ്രായപൂർത്തിയാകാത്തതെങ്കിൽ ചെലവ് നൽകാൻ ആൺകുട്ടിയുടെ രക്ഷിതാക്കളോടും നിർദ്ദേശിക്കാവുന്നതാണ്.

**ബാലവിവാഹത്തിൽ പിറന്ന കുഞ്ഞിന്റെ സംരക്ഷണം.**

1. ബാലവിവാഹത്തിൽ പിറന്ന കുഞ്ഞിന്റെ രക്ഷാകർതൃത്വം സംബന്ധിച്ച് ജില്ലാ കോടതിക്ക് (കുടുംബ കോടതി) ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാം. ഈ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ കുട്ടിയുടെ ഉത്തമതാത്പര്യം കോടതി പരിഗണിക്കേണ്ടതാണ്;
2. കുഞ്ഞിന് അവശ്യമായ ജീവിത ചെലവ് നൽകാൻ ശൈശവ വിവാഹത്തിലേർപ്പെട്ട പുരുഷനോടോ പുരുഷൻ പ്രായപൂർത്തിയാകാത്ത ആൾ ആണെങ്കിൽ അയാളുടെ രക്ഷിതാവിനോടോ നിർദ്ദേശിക്കാവുന്നതാണ്;
3. ബാലവിവാഹം അസാധുവാക്കി കോടതി പ്രഖ്യാപിച്ചാൽ പോലും പ്രസ്തുത വിവാഹബന്ധത്തിൽ ജനിച്ച കുഞ്ഞ് നിയമപരമായി ജനിച്ച കുട്ടിയായി കണക്കാക്കപ്പെടുന്നതാണ്;
4. കുട്ടികളുടെ ജീവത ചെലവ് സംബന്ധിച്ചും കസ്റ്റഡിയെ സംബന്ധിച്ചും കോടതി പുറപ്പെടുവിച്ച ഉത്തരവ് സാഹ

ചര്യങ്ങൾക്കനുസരിച്ച് കോടതിക്ക് ഭേദഗതി ചെയ്യാവുന്നതാണ്;

5. മേൽ നിവൃത്തികൾക്കായുള്ള ഹർജി എതിർകക്ഷി താമസിക്കുന്നസ്ഥലത്തോകുട്ടിതാമസിക്കുന്നസ്ഥലത്തോ വിവാഹം നടന്ന സ്ഥലത്തോ കക്ഷികൾ അവസാനമായി താമസിച്ച സ്ഥലത്തോ പരാതി നൽകുന്നവർ പരാതി നൽകുന്ന സമയത്ത് താമസിച്ച സ്ഥലത്തോ ഉള്ള ജില്ലാ കോടതി (കുടുംബ കോടതി)യിലാണ് നൽകേണ്ടത്.

## ബാലവിവാഹം കുറ്റകൃത്യങ്ങളും ശിക്ഷകളും

| വകുപ്പ് | വിവരണം |
|---|---|
| 9 | 18 വയസ്സിന് മുകളിലുള്ള പുരുഷൻ ബാല വിവാഹത്തിലേർപ്പെട്ടാൽ രണ്ട് വർഷം വരെ ആകാവുന്ന കഠിന തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ |
| 10 | ആരെങ്കിലും ബാലവിവാഹം നടത്തുകയോ നിർദ്ദേശിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്താൽ അപ്രകാരമുള്ള വിവാഹം ബാലവിവാഹമല്ലെന്ന് വിശ്വസിക്കാൻ കാരണമുണ്ടായിരുന്നു എന്ന് തെളിയിക്കാത്ത പക്ഷം രണ്ടു വർഷം വരെ ആകാവുന്ന കഠിന തടവും, 1 ലക്ഷം രൂപ വരെ പിഴയും. |
| | കുട്ടി ബാലവിവാഹ കരാറിലേർപ്പെടുകയാണെങ്കിൽ, രക്ഷാകർത്താവോ നിയമാനുസൃത രക്ഷാ കർത്താവോ ഏതെങ്കിലും സംഘടനകളോ വ്യക്തികളോ വിവാഹം നടത്താൻ അനുവദിക്കുകയോ വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയോ വിവാഹത്തിൽ പങ്കെടുക്കുകയോ ചെയ്താൽ രണ്ടു വർഷം വരെ ആകാവുന്ന കഠിന തടവും, ഒരു ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്. എന്നാൽ ഒരു സ്ത്രീയാണ് ഈ വകുപ്പ് പ്രകാരം കുറ്റം ചെയ്തതെങ്കിൽ തടവ് ശിക്ഷ വിധിക്കുകയില്ല. |

**നിരോധന ഉത്തരവുകൾ**

1. ഏതെങ്കിലും സ്ഥലത്ത് ശൈശവ വിവാഹം നടക്കാൻ സാധ്യതയുണ്ടെന്ന് ബാലവിവാഹ നിരോധന ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ മറ്റു പരാതികളുടെയോ വിവരങ്ങളുടെയോ അടിസ്ഥാനത്തിലോ ബാലവിവാഹം നിർത്തിവെച്ച്കൊണ്ട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് നിരോധന ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്;
2. ബാലവിവാഹവുമായി ബന്ധപ്പെട്ട വിവരം സർക്കാരിതര സംഘടനകൾക്കോ അല്ലെങ്കിൽ വിവാഹം നടക്കാൻ സാധ്യതയുണ്ടെന്ന് അറിവ് ലഭിച്ച ഏതൊരാൾക്കും പരാതി നൽകാവുന്നതാണ്;
3. നിരോധന ഉത്തരവ് കോടതി പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിഞ്ഞിട്ടും വിവാഹം നടത്തുന്നത് രണ്ടുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കുന്ന കുറ്റകൃത്യമാണ്. എന്നാൽ ഒരു സ്ത്രീയെ ഈ വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് തടവു ശിക്ഷയ്ക്ക് വിധിക്കുകയില്ല.

**ബാലവിവാഹ നിരോധന ഉദ്യോഗസ്ഥന്റെ ചുമതലകൾ**

1. ബാലവിവാഹം നടക്കുന്നു എന്ന വിവരം ശ്രദ്ധയിൽ പെട്ടാൽ ഉചിതമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്;
2. ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്ന വ്യക്തികളുടെ ഫലപ്രദമായ വിചാരണയ്ക്കു വേണ്ട തെളിവ് ശേഖരിക്കുക;
3. ബാലവിവാഹം ചടങ്ങനുസരിച്ച് നിർവഹിക്കപ്പെടുന്നതിനെ പ്രോത്സാഹിപ്പിക്കുകയോ സഹായിക്കുകയോ ഒത്താശ ചെയ്യുകയോ അനുവദിക്കുകയോ ചെയ്യുന്നതിൽ ഏർപ്പെടരുതെന്ന് വ്യക്തിപരമായി ഉപദേശിക്കുകയും കൂടാതെ ആ പ്രദേശത്തെ ആളുകളെ ബോധവത്കരിക്കുകയും ചെയ്യേണ്ടതാണ്;
4. ബാലവിവാഹം വഴി ഉണ്ടാകുന്ന ദൂഷ്യത്തെ കുറിച്ച് അവബോധം നൽകുക;

5. ബാലവിവാഹങ്ങൾ വഴി ഉണ്ടാകുന്ന പ്രശ്നങ്ങളെകുറിച്ച് സമൂഹത്തെ ബോധവത്കരിക്കുക;
6. സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന രീതിയിലുള്ള ആനുകാലിക റിട്ടേണുകളും സ്ഥിതിവിവരക്കണക്കുകളും നൽകുക;
7. സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന മറ്റു കർത്തവ്യങ്ങളും ചുമതലകളും യഥാസമയം നിർവഹിക്കേണ്ടതാണ്;

## സർക്കാർ വിജ്ഞാപന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ ബാലവിവാഹ നിരോധന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്

1. പ്രോഹിബിഷൻ ഉദ്യോഗസ്ഥന് കുട്ടിയോടൊന്നിച്ച് നിയമത്തിനകത്തുള്ള ഉത്തരവിനായി കോടതിയെ സമീപിക്കുവാനുള്ള അധികാരം ഉണ്ട്;
2. ബാലവിവാഹ നിരോധന ഉദ്യോഗസ്ഥരെ പബ്ലിക് സർവന്റുമാരായി കരുതേണ്ടതാണ്;
3. പൂർണ്ണ വിശ്വാസത്തിലെടുത്ത കേസ് നടപടിയുടെ സംരക്ഷണം - ഈ ആക്റ്റിന്റെയോ അല്ലെങ്കിൽ അതിൻ കീഴിൽ തയ്യാറാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് പൂർണ്ണ വിശ്വാസത്തോടുകൂടി ശൈശവ വിവാഹ നിരോധന ഓഫീസർ ചെയ്തതോ, ചെയ്യാനുദ്ദേശിക്കുന്നതോ ആയ നടപടികളിൽ ശൈശവ വിവാഹ നിരോധന ഉദ്യോഗസ്ഥനെതിരെ ഒരു കേസോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല;
4. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;
5. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഓരോ ചട്ടവും അത് തയ്യാറാക്കിയതിനുശേഷം സംസ്ഥാന നിയമ നിർമ്മാണ വിഭാഗം മുൻപാകെ സമർപ്പിക്കേണ്ടതാണ്;
6. 1955-ലെ ഹിന്ദു വിവാഹ ആക്റ്റ് പ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു; ഹിന്ദു വിവാഹ

ആക്റ്റ് പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ ലംഘിച്ചാൽ രണ്ടുവർഷം വരെയാകാവുന്ന കഠിന തടവോ അല്ലെങ്കിൽ ഒരു ലക്ഷം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കാവുന്നതാണ്;

ശിശുവിവാഹ തടസ്സ ആക്റ്റ്, 1929 റദ്ദ് ചെയ്താണ് 2006 -ലെ ബാലവിവാഹ നിരോധന ആക്റ്റ് നിലവിൽ വന്നത് എന്നിരുന്നാലും ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രസ്തുത ആക്റ്റിൻ കീഴിൽ നിലവിലിരിക്കുന്നതോ തുടർന്നു വരുന്നതോ ആയ എല്ലാ കേസുകളും മറ്റു നടപടികളും, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ല എന്നപോലെ, റദ്ദാക്കപ്പെട്ട ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് തുടരേണ്ടതും തീർപ്പാക്കേണ്ടതുമാണ്;

**ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1986**

ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ് 2016 ൽ വരുത്തിയ ഭേദഗതി പ്രകാരം ഒരു കുട്ടി ഏതെങ്കിലും തരത്തിലുള്ള തൊഴിലിലോ അപകടകരമായ തൊഴിലിലോ പങ്കെടുക്കാൻ പാടുള്ളതല്ല. എന്നാൽ ആക്റ്റിൽ അനുബന്ധ മാക്കിയിട്ടുള്ള പട്ടികയിൽ വിവരിച്ച കഠിന ജോലിയല്ലാത്തതും തന്റെ കുടുംബത്തിലോ, കുടുംബത്തിന് പങ്കാളിത്തമുള്ള സംരംഭത്തിലോ, സ്കൂൾ സമയമല്ലാത്തപ്പോഴും ഒഴിവ് ദിവസ ങ്ങളിലും സഹായിക്കുന്നത് ഈ ആക്റ്റ് പ്രകാരം കുറ്റകരമല്ല. കൂടാതെ, സർക്കസ് ഒഴികെയുള്ള ഓഡിയോ വിഷ്വൽ സംരംഭത്തിലോ സ്പോർട്സ്, ഫിലിം തുടങ്ങിയ മേഖലക ളിലോ ഒരു കലാകാരനായി ജോലി ചെയ്യുന്നതും ഈ നിയ മപ്രകാരം കുറ്റകരമല്ല. എന്നാൽ അത്തരം യാതൊരു പ്രവർ ത്തനവും കുട്ടിയുടെ സ്കൂൾ പഠനത്തെ ബാധിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**കുട്ടിയുടെ നിർവചനം**

ഈ ആക്റ്റ് പ്രകാരം 14 വയസ്സ് വരെയുള്ളവരെയാണ് കുട്ടി എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**കൗമാരക്കാർ ആര്**

14 വയസ്സ് മുതൽ 18 വയസ്സ് പൂർത്തിയാകാത്തതുമായ കുട്ടി

കളെ കൗമാരക്കാർ എന്ന് നിർവചിക്കപ്പെട്ടിരിക്കുന്നു. കൗമാര ക്കാരായ കുട്ടികൾ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള തൊഴിലിൽ മാത്രമേഏർപ്പെടാൻ പാടുള്ളു. കൗമാരക്കാർക്ക് ചെയ്യാവുന്ന കഠിനമല്ലാത്ത തൊഴിലുകൾ ഏതൊക്കെയാണെന്ന് കേന്ദ്ര സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധപ്പെടുത്താവു ന്നതാണ്.

18 ഇനം തൊഴിലുകളിലും 65 ഇനം സംസ്കരണ പ്രവർത്തനങ്ങളിലും കുട്ടികളെ ഉൾപ്പെടുത്താൻ പാടില്ല. അവ പട്ടികയിൽ യഥാക്രമം A, B ഇനങ്ങളായി ചേർത്തിട്ടുണ്ട്. **(അനുബന്ധം 1 പേജ് 116–120)**

## കുറ്റവും ശിക്ഷയും

1. ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റിന്റെ വകുപ്പ് 3 –ന് വിരുദ്ധമായി ചില തൊഴിലുകളിൽ കുട്ടികളെ ജോലിക്ക് നിയമിക്കുന്നവർക്ക് ആറുമാസത്തിൽ കുറയാത്ത തും രണ്ട് വർഷം വരെ ആകാവുന്നതുമായ തടവോ അല്ലെങ്കിൽ 20,000/- രൂപയിൽ കുറയാത്തതും 50,000/- രൂപ വരെ ആകാവുന്നതുമായ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കുന്നതാണ്;
2. ഈ ആക്റ്റ് പ്രകാരം തൊഴിലുടമ ചെയ്യുന്ന കുറ്റകൃത്യങ്ങൾ, പോലീസിന് നേരിട്ട് കേസെടുത്ത് വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി കൗമാരക്കാരെ ജോലിക്ക് അയച്ചാൽ മാത്രമേ അവരുടെ രക്ഷിതാക്കൾ ശിക്ഷി ക്കപ്പെടുകയുള്ളു. എന്നാൽ ആദ്യകുറ്റത്തിന് അവർക്ക് ശിക്ഷ നൽകുകയില്ല. ഏതെങ്കിലും രക്ഷിതാക്കളോ മറ്റു വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട് വീണ്ടും അത്തരം കുറ്റകൃത്യം നടത്തിയാൽ 10,000/- രൂപ വരെ പിഴ ശിക്ഷ ലഭിക്കുന്നതാണ്;

### ബാല-കൗമാരവേല പുനരധിവാസ ഫണ്ട്

സർക്കാർ ഏതെങ്കിലും ജില്ലയ്ക്കോ, രണ്ടോ അതിലധി കമോ ജില്ലകൾക്കായി ബാല-കൗമാരവേല പുനരധിവാസ ഫണ്ട് രൂപീകരിക്കേണ്ടതും തൊഴിലുടമയിൽ നിന്ന് ശേഖരി ക്കുന്ന പിഴ തുക പ്രസ്തുത ഫണ്ടിൽ നിക്ഷേപിക്കേണ്ട

തുമാണ്. ആർക്കുവേണ്ടിയാണോ പിഴ ശിക്ഷ ഈടാക്കിയത് അത്തരത്തിലുള്ള കുട്ടികൾക്കും/കൗമാരക്കാർക്കും വേണ്ടി സർക്കാർ 15,000/- രൂപ ഫണ്ടിലേയ്ക്ക് നൽകേണ്ടതാണ്. പ്രസ്തുത സംഖ്യ ബാങ്കിൽ നിക്ഷേപിക്കുകയോ അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം നിക്ഷേപിക്കേണ്ടതും അപ്രകാരമുള്ള പിഴ തുക സർക്കാർ കുട്ടികൾക്കോ കൗമാര ക്കാർക്കോ നൽകേണ്ടതുമാണ്.

പ്രായനിർണ്ണയ രീതി - കൗമാരക്കാരുടെ പ്രായം സംബ ന്ധിച്ച് തർക്കമുണ്ടാകുമ്പോൾ സർട്ടിഫിക്കറ്റുകളുടെ അഭാവ ത്തിൽ വൈദ്യപരിശോധനയുടെ അടിസ്ഥാനത്തിൽ പ്രായം നിർണ്ണയിക്കാവുന്നതാണ്.

## കർത്തവ്യവാഹകരുടെ ചുമതലകൾ

### ഡിസ്ട്രിക്ട് നോഡൽ ഓഫീസർ-പ്രതിരോധം

1. ഡിസ്ട്രിക്ട് ടാസ്ക് ഫോഴ്സിന്റെ മാസാടിസ്ഥാനത്തി ലുള്ള യോഗം നടന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്;
2. ജില്ലാടിസ്ഥാനത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതി യോഗത്തിൽ പങ്കുവെക്കുക;
3. ജില്ലാടിസ്ഥാനത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് വകുപ്പ് മേലധികാരികൾക്ക് സമർപ്പിക്കേണ്ടതാണ്.

### ഐഡന്റിഫിക്കേഷൻ

1. ബാലവേലയുമായി ബന്ധപ്പെട്ട പരാതികൾ പരിശോധി ക്കുക;
2. ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ് പ്രകാരം പരിശോധന നടത്തുക;
3. ബാലവേലയുമായി ബന്ധപ്പെട്ട പരാതികൾ പോലീസ് അധികാരികൾക്ക് കൈമാറുക;
4. ഡിസ്ട്രിക്ട് ടാസ്ക്ഫോഴ്സിന്റെയും മറ്റ് വകുപ്പുകളുടെ യും/ഏജൻസികളുടെയും ഏകോപനത്തോടുകൂടി ബാല വേല കണ്ടെത്തുന്നതിനുള്ള വിവരശേഖരണം നടത്തുക യും കർമ്മപദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക.

**രക്ഷാപ്രവർത്തനത്തിന് മുമ്പുള്ള തയ്യാറെടുപ്പ്**

1. ബാലവേലയുമായി ബന്ധപ്പെട്ട പരാതികളിൽ പോലീസ് സ്റ്റേഷനുകളിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു എന്നുറപ്പുവരുത്തുക;
2. പോലീസുമായി ചേർന്ന് രക്ഷാപ്രവർത്തനത്തിനുള്ള സംവിധാനം ഒരുക്കുക;
3. രക്ഷാപ്രവർത്തനത്തിന് മറ്റ് കർത്തവ്യവാഹകരുമായി ചേർന്നുള്ള ഏകോപനം ഉറപ്പുവരുത്തുക.

**രക്ഷാപ്രവർത്തനം**

1. ബാലവേലയുമായി ബന്ധപ്പെട്ട് പരാതി ലഭിച്ച എല്ലായിടങ്ങളിലും രക്ഷാപ്രവർത്തനം ഉറപ്പുവരുത്തുക;
2. രക്ഷാപ്രവർത്തന സമയത്ത് ബാലവേലയിൽ അകപ്പെട്ട കുട്ടിയുടെ യാത്രാക്രമീകരണം, പരിഭാഷകരുടെ സേവനം, കൗൺസിലിംഗ് സംവിധാനം, ആരോപണ വിധേയരിൽ നിന്ന് അകറ്റി നിർത്തൽ, ആരോഗ്യ പരിപാലനത്തിനുള്ള സംവിധാനങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്;
3. ആരോപണ വിധേയരായവരുടെ രജിസ്ട്രേഷൻ, ലൈസൻസ്, മറ്റു അനുബന്ധ വിവരങ്ങൾ ശേഖരിക്കുക.

**രക്ഷാപ്രവർത്തനത്തിനു ശേഷം**

1. രക്ഷാപ്രവർത്തന സമയത്ത് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക;
2. ബാലവേലയിൽ അകപ്പെട്ട കുട്ടിയെ മോചിപ്പിച്ച ശേഷം ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ 24 മണിക്കൂറിനുള്ളിൽ ഹാജരാക്കുക;
3. കുട്ടിക്ക് താമസസൗകര്യവും അടിയന്തര വൈദ്യസഹായവും ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**പുനരധിവാസം**

1. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം കുട്ടിയുടെ പുനരേകീകരണം ഉറപ്പുവരുത്തുക;
2. ബാലവേലയിൽ നിന്ന് പുനരധിവസിപ്പിക്കുന്ന കുട്ടിക്ക് ബാങ്ക് അക്കൗണ്ട് എടുക്കേണ്ടതും 18 വയസ്സുവരെ ക്രയവിക്രയങ്ങൾ യഥാസമയം പരിശോധിക്കേണ്ടതുമാണ്;

3. വകുപ്പുകളുടെ ഏകോപനത്തോടുകൂടി കുട്ടിയുടെ വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹികപുനരധിവാസം ഉറപ്പുവരുത്തേണ്ടതാണ്.

**തുടർപരിപാലനം**

1. ബാലവേലയിൽ നിന്ന് മോചിപ്പിച്ച കുട്ടിയുടെ തുടർവിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതാണ്;
2. നൈപുണ്യ വികസന പരിശീലനങ്ങൾ കുട്ടിയുടെ അഭിരുചിയ്ക്ക് അനുസരിച്ച് ഉറപ്പുവരുത്തേണ്ടാണ്;
3. കുട്ടിക്ക് ലഭിക്കുന്ന നഷ്ടപരിഹാര തുക കുട്ടിയുടെ സാമൂഹിക പുനരധിവാസത്തിനായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**പോലീസ്/സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസർ - പ്രതിരോധം**

1. ഡിസ്ട്രിക്ട് ടാസ്ക്ഫോഴ്സിന്റെ മാസാടിസ്ഥാനത്തിലുള്ള യോഗത്തിൽ പങ്കെടുക്കുക;
2. പ്രതിരോധ പ്രവർത്തനങ്ങളിൽ തൊഴിൽ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുക.
3. ബാലവേലയുമായി ബന്ധപ്പെട്ട പരാതികളിൽ ക്രിയാത്മകമായി ഇടപെടൽ നടത്തുക;
4. ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റിലെ അപകടകരവും അല്ലാത്തതുമായ ജോലിയെക്കുറിച്ച് കൃത്യമായ അവബോധം ഉണ്ടായിരിക്കുക;
5. ബാലവേലയുമായി ബന്ധപ്പെട്ട് കുട്ടികളെ കടത്തിക്കൊണ്ട് പോകുന്നവർ, വിവരം കൈമാറുന്നവർ എന്നിവരുടെ വിശദാംശങ്ങൾ അടങ്ങുന്ന ഡേറ്റാ ബേസ് സൂക്ഷിക്കുക;
6. കാണാതാകുന്ന കുട്ടികളുടെ ഡേറ്റാ ബേസ് വിശദമായി പരിശോധിക്കുക.

**രക്ഷാപ്രവർത്തനത്തിന് മുമ്പുള്ള തയ്യാറെടുപ്പ്**

1. ബാലവേലയുമായി ബന്ധപ്പെട്ട പരാതികളിൽ എഫ്.ഐ. ആർ രജിസ്റ്റർ ചെയ്തു എന്ന് ഉറപ്പുവരുത്തുക;

2. രക്ഷാപ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെ സജ്ജമാക്കുക;
3. രക്ഷാപ്രവർത്തനത്തിന് മറ്റ് കർത്തവ്യവാഹകരുമായുള്ള ഏകോപനം ഉറപ്പുവരുത്തുക;
4. ബാലവേലയിൽ നിന്ന് മോചിപ്പിച്ച കുട്ടിക്ക് അടിസ്ഥാന ആവശ്യങ്ങളും വൈദ്യസഹായവും ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തുക;
5. ബാലവേലയിൽ ഉൾപ്പെട്ട കുട്ടിയെ മോചിപ്പിക്കുമ്പോൾ വ്യക്തമായ തെളിവുകൾ ശേഖരിച്ചു എന്ന് ഉറപ്പാക്കുക;
6. ബാലവേലയുമായി ബന്ധപ്പെട്ട പരിശോധനകളിൽ രഹസ്യാത്മക സ്വഭാവം ഉറപ്പാക്കുക.

**രക്ഷാപ്രവർത്തനം**

1. ബാലവേലയുമായി ബന്ധപ്പെട്ട് പരാതിയുടെ അടിസ്ഥാനത്തിൽ രക്ഷാപ്രവർത്തനം ഉറപ്പുവരുത്തുക;
2. ബാലവേലയുടെ പരിശോധന വേളയിൽ സ്ഥാപനാധികാരിയുടെ സാന്നിധ്യം ഉറപ്പാക്കുക;
3. രക്ഷാപ്രവർത്തന സമയത്ത് കുട്ടിയെയും ആരോപണ വിധേയരേയും പ്രത്യേകം മാറ്റി നിർത്തുക;
4. എഫ്.ഐ.ആർ കോടതിയ്ക്ക് സമർപ്പിക്കുമ്പോൾ മറ്റു നിയമങ്ങളിലെ വ്യവസ്ഥകൾ ബാധകമാകുകയാണെങ്കിൽ ആ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തുക;
5. ആരോപണ വിധേയരായവരുടെ രജിസ്ട്രേഷൻ, ലൈസൻസ്, മറ്റു അനുബന്ധ വിവരങ്ങൾ ശേഖരിക്കുക.

**രക്ഷാപ്രവർത്തനത്തിനു ശേഷം**

1. ബാലവേലയിൽ നിന്ന് മോചിപ്പിച്ച കുട്ടിക്ക് സാഹചര്യങ്ങളെ സംബന്ധിച്ച് വിശദമായ വിവരണം നൽകുക;
2. കുട്ടിക്ക് നിയമസേവനം ലഭ്യമാക്കുന്നതിന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെയോ പാരാലീഗൽ വൊളന്റീയേഴ്സിന്റെയോ സേവനം ലഭ്യമാക്കുക;
3. ബാലവേലയിൽ നിന്ന് മുക്തമാക്കപ്പെട്ട കുട്ടിയുടെ വിശദീകരണം ശേഖരിക്കുക.
4. 24 മണിക്കൂറിനുള്ളിൽ കുട്ടിയെ ചൈൽഡ് വെൽഫെയർ

കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കിയെന്ന് ഉറപ്പുവരുത്തുക;

5. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശിശു സംരക്ഷണ സ്ഥാപനത്തിലേയ്ക്ക് മാറ്റപ്പെട്ട കുട്ടിക്ക് ഫിറ്റ് ഫെസിലിറ്റി/ഫിറ്റ് പേഴ്സൺ സേവനം ലഭിച്ചു എന്ന് ഉറപ്പുവരുത്തുക;
6. കുട്ടിക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തുക.

**പരിശോധന**

1. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തതിൽ അനുബന്ധ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക;
2. സമയബന്ധിതമായി അന്വേഷണ നടപടികൾ പൂർത്തീകരിച്ചെന്ന് ഉറപ്പുവരുത്തുക;
3. കുട്ടിക്കും സാക്ഷികൾക്കും ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തുക;
4. പബ്ളിക് പ്രോസിക്യൂട്ടർക്ക്/അഭിഭാഷകന് കേസിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്;

**ചൈൽഡ് വെൽഫെയർ കമ്മിറ്റി**

1. ബാലവേലയുമായി ബന്ധപ്പെട്ട ഡിസ്ട്രിക്ട് ടാസ്ക് ഫോഴ്സ് യോഗങ്ങളിൽ പങ്കെടുക്കുക;
2. അപകടകരമായ ജോലിയിൽ കുട്ടികൾ ഏർപ്പെട്ടിരിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടാൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ ഒരു അംഗത്തെ കൂടി രക്ഷാപ്രവർത്തന സംഘത്തിനോടൊപ്പം ഉൾപ്പെടുത്തുക;
3. ബാലവേലയിൽ ഏർപ്പെടുന്ന കുട്ടിയെ മോചിപ്പിച്ച് 24 മണിക്കൂറിനുള്ളിൽ സി.ഡബ്ല്യു.സി മുമ്പാകെ ഹാജരാക്കിയെന്ന് ഉറപ്പുവരുത്തുക.

**പുനരധിവാസം**

ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം കുട്ടിയുടെ പുനരേകീകരണം (Re-integration) ഉറപ്പുവരുത്തുക. ശിശു സംരക്ഷണ സ്ഥാപനങ്ങൾ (ചിൽഡ്രൻസ് ഹോം), ഓപ്പൺ ഷെൽറ്റർ, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം,

പ്ലെയിസ് ഓഫ് സേഫ്റ്റി, സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി എന്നിവ പരിചരണവും സംരക്ഷണവും ആവശ്യ മുള്ള കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് ബാലനീതി (കുട്ടിക ളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015-ൽ പരാമർശി ച്ചിരിക്കുന്നു.

ശിശു സംരക്ഷണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബാല നീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. കുട്ടികളുടെ പരിചരണം, ചികിത്സ, വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസം എന്നി വയാണ് പ്രധാനമായും ശിശു സംരക്ഷണ സ്ഥാപനങ്ങൾ വഴി ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 പ്രകാരം ലഭ്യമാക്കുന്നത്. 7 - 11 വയസ്, 12 - 18 വയസ് പ്രായമുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടതാണ്.

## ശിശു സംരക്ഷണ സ്ഥാപനങ്ങൾ കുട്ടിയെ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട നടപടികൾ (ബാലനീതി മാതൃകാ ചട്ടങ്ങൾ)

| | |
|---|---|
| ശിശു സംരക്ഷണ സ്ഥാപനത്തിലേയ്ക്ക് കുട്ടിയെ സ്വീകരിക്കുമ്പോൾ സ്ഥാപനം സ്വീകരിക്കേണ്ട നടപടിക്രമം | ചട്ടം 69 (എഫ്) |
| കുട്ടിയെ സ്വീകരിച്ചതിനു ശേഷം സ്വീക രിക്കേണ്ട നടപടിക്രമം | ചട്ടം 69 (ജി) |
| കുട്ടിയെ സ്വീകരിച്ച് ആദ്യ 14 ദിവസ ങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം | ചട്ടം 69 (എച്ച്) |
| കുട്ടിയെ സ്വീകരിച്ച് ആദ്യ 14 ദിവസ ങ്ങൾക്കു ശേഷം സ്വീകരിക്കേണ്ട നടപടി ക്രമം | ചട്ടം 69 (ഐ) |
| കുട്ടിയെ സ്വീകരിച്ച് മൂന്ന് മാസത്തിന് ശേഷം സ്വീകരിക്കേണ്ട നടപടിക്രമം | ചട്ടം 69 (ജെ) |
| ശിശു സംരക്ഷണ സ്ഥാപനത്തിൽ നിന്ന് കുട്ടിയെ വിടുതൽ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമം | ചട്ടം 79 |

## ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കുട്ടികൾക്കായി ഉറപ്പാക്കേണ്ട സജ്ജീകരണങ്ങൾ (ബാലനീതി മാതൃകാ ചട്ടങ്ങൾ)

| | |
|---|---|
| ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ | (ചട്ടം 29) |
| വസ്ത്രം കിടക്ക മറ്റു സൗകര്യങ്ങൾ | (ചട്ടം 30) |
| പൊതുശുചിത്വം | (ചട്ടം 31) |
| ദിനചര്യ | (ചട്ടം 32) |
| ഭക്ഷണക്രമവും പോഷകാഹാരവും | (ചട്ടം 33) |
| ആരോഗ്യ പരിചരണം | (ചട്ടം 34) |
| മാനസികാരോഗ്യം | (ചട്ടം 35) |
| വിദ്യാഭ്യാസം | (ചട്ടം 36) |
| തൊഴിലധിഷ്ഠിത പരിശീലനങ്ങൾ | (ചട്ടം 37) |
| വിനോദ സൗകര്യങ്ങൾ | (ചട്ടം 38) |

## കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള ദേശീയ കമ്മീഷന്റെയും സംസ്ഥാന കമ്മീഷനുകളുടെയും നിരീക്ഷണ ചുമതലകൾ (ബാലനീതി ചട്ടം 91 പ്രകാരം)

2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് പുറമേ, ദേശീയ കമ്മീഷനോ സംസ്ഥാന കമ്മീഷനുകളോ കേന്ദ്ര-സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർവഹിക്കാവുന്നതാണ്;

1. ആക്റ്റ് പ്രകാരം സ്ഥാപിതമായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക;
2. കുട്ടികളുടെ അവകാശങ്ങൾ, ലിംഗാവബോധം തുടങ്ങിയവയെ കുറിച്ചുള്ള ഐ.ഇ.സി (ഇൻഫർമേഷൻ, എഡ്യുക്കേഷൻ & കമ്മ്യൂണിക്കേഷൻ) സാമഗ്രികൾ തയ്യാറാക്കുക;

3. കുട്ടികളുടെ നവീകരണത്തിനും പുനരധിവാസത്തിനുമുള്ള പെരുമാറ്റചട്ടം തയ്യാറാക്കുക;

4. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, കുട്ടിക്കടത്ത്, കുട്ടികൾക്കെതിരായ ലൈംഗിക ചൂഷണം, ബാലവിവാഹം, കുട്ടികൾക്കെതിരായ മറ്റ് അതിക്രമങ്ങൾ എന്നിവ സംബന്ധിച്ചും, കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ തിരിച്ചറിയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള അവബോധം നൽകുക;

5. കുട്ടികൾക്ക് എതിരായ കുറ്റകൃത്യങ്ങളെ കുറിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കുമായി ശിൽപശാലകൾ നടത്തുകയും, കുറ്റകൃത്യങ്ങൾ നടന്നതായും, റിപ്പോർട്ട് ചെയ്യുന്നതായും ശ്രദ്ധയിൽപ്പെടുന്ന പക്ഷം കുട്ടികൾക്ക് മെച്ചപ്പെട്ട സംരക്ഷണം ഉറപ്പ് വരുത്തുക;

6. അതിജീവിതരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും അവകാശങ്ങൾ വിശദമാക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി പ്രദേശിക ഭാഷകളിൽ തയ്യാറാക്കിയ വിവര സാമഗ്രികൾ തയ്യാറാക്കുക;

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റ്, സംസ്ഥാന ശിശു സംരക്ഷണ സമിതികൾ എന്നിവയോടൊപ്പം കർത്തവ്യവാഹകർക്ക് പ്രത്യേക പരിശീലന മോഡ്യൂൾ തയ്യാറാക്കുക.

# II

# ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്, 2012)

കുട്ടികൾക്ക് സുരക്ഷിതമായി ജീവിക്കുവാനുള്ള സാഹചര്യം സജ്ജീകരിക്കുവാൻ സമൂഹത്തിലെ ഓരോ വ്യക്തിയ്ക്കും ഉത്തരവാദിത്തമുണ്ട്. സമൂഹം ഒന്നടങ്കം ഈ കർത്തവ്യബോധം ഉൾക്കൊണ്ടാൽ മാത്രമേ പീഡനങ്ങൾക്കെതിരെ ഫലപ്രദമായ പ്രതിരോധം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളു. കൂടാതെ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ കാര്യത്തിൽ കൂടുതൽ ജാഗ്രത കാണിക്കുകയും, സർക്കാർ, കുട്ടികൾക്ക് വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോഴും കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരികയാണ്. അതിക്രമങ്ങൾ നേരിടാനുള്ള സമഗ്രമായ നിയമ സംവിധാനങ്ങളുടെ അപര്യാപ്തതയും അവബോധമില്ലായ്മയും ഒരു പരിധി വരെ കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് നിലവിലുള്ള നിയമ സംവിധാനങ്ങളെ പരിശോധിച്ച് മാറ്റങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ആക്റ്റ് 2012 -ൽ സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്നത്. ഭരണഘടന കുട്ടികൾക്കായി പ്രത്യേക വ്യവസ്ഥകൾ രൂപീകരിക്കുവാൻ അനുശാസിക്കുന്നതിനാലും ഐക്യരാഷ്ട്രസഭയുടെ കുട്ടികളുടെ അവകാശ ഉടമ്പടിയിൽ ഭാരതം ഒപ്പുവെച്ചിട്ടുള്ളതിനാലും ഈ നിയമം നടപ്പിലാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ലൈംഗിക ആക്രമണം, ലൈംഗിക പീഡനം, അശ്ലീല കുറ്റകൃത്യങ്ങൾ തുടങ്ങിയ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിന് വേണ്ടിയാണ് സർക്കാർ ഈ ആക്റ്റ് നടപ്പിലാക്കിയത്.

കുട്ടികളുടെ സംരക്ഷണവും സുരക്ഷയും മുൻനിർത്തി സംസ്ഥാന സർക്കാർ ത്രിതല പഞ്ചായത്ത് തലത്തിലും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിലും ബാലസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

## ലൈംഗികാതിക്രമം - കുട്ടികളിൽ കാണുന്ന ലക്ഷണങ്ങൾ

1. പെട്ടെന്ന് പ്രകോപിതരാകുക, സ്വയം ഹാനി വരുത്തുക, ആത്മഹത്യയെക്കുറിച്ച് സംസാരിക്കുകയോ/ശ്രമിക്കുകയോ ചെയ്യുക;

2. വീട്ടിലേയ്ക്ക്/സ്കൂളിലേയ്ക്ക് പോകുവാൻ മടി/ഭയം പ്രകടിപ്പിക്കുക.;
3. ലൈംഗികാസക്തി പ്രകടിപ്പിക്കുക;
4. ആത്മാഭിമാനത്തിന് പ്രാധാന്യം നൽകാതിരിക്കുക;
5. അസാധാരണമായ വസ്ത്രങ്ങൾ ധരിക്കുക;
6. ഉറക്കമില്ലായ്മ, അടിക്കടി പേടിസ്വപ്നങ്ങൾ കാണുക, ഇരുട്ടിനെ ഭയക്കുക;
7. കിടന്ന് മൂത്രമൊഴിക്കുക, വിരൽ കുടിക്കുക, കൂടുതലായി കരയുക, കുഞ്ഞുങ്ങളെപ്പോലെ പെരുമാറുക;
8. കൂട്ടുകാരുമായി സൗഹൃദമില്ലായ്മ;
9. ആഹാരം കഴിക്കാൻ വിമുഖത;
10. പ്രത്യേക വ്യക്തിയോടോ വസ്തുവിനോടോ ഭയം;
11. പഠനനിലവാരം കുറയുക;
12. സ്വന്തം ലൈംഗികാവയവങ്ങളെപ്പോലും വെറുക്കുകയോ, സാധാരണയിൽകവിഞ്ഞ സ്വകാര്യത ആവശ്യപ്പെടുകയോ ചെയ്യുക;
13. എല്ലാ വ്യക്തിബന്ധങ്ങളിലും ലൈംഗിക ബന്ധം ഉള്ള തായി സംശയിക്കുക;
14. സ്വവർഗ്ഗത്തിലുള്ളവരെ വെറുക്കുക;
15. അശ്ലീലവും അനുചിതവുമായ വാക്കുകൾ സംസാരത്തിലുട നീളം ഉപയോഗിക്കുക;
16. മറ്റുള്ള കുട്ടികളുമായിച്ചേർന്ന് ലൈംഗിക കാര്യങ്ങൾ അനുകരിക്കുക;
17. മുതിർന്നവരുടെ ചിത്രങ്ങൾ, നഗ്നചിത്രങ്ങൾ, അനാട്ടമി ചിത്രങ്ങൾ തുടങ്ങിയവ വെബ്സൈറ്റുകൾ ഉൾപ്പെടെ യുള്ള മാർഗങ്ങളിലൂടെ മിക്കപ്പോഴും കാണുക.

**അതിജീവിതർക്ക് ശാരീരികമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

1. ലൈംഗികമായി പകരുന്ന രോഗങ്ങൾ;
2. ഗർഭധാരണം;
3. ജനനേന്ദ്രിയങ്ങളിൽ വേദനയോ ചൊറിച്ചിലോ ഉണ്ടാ കുക;

4. നടക്കുന്നതിനോ ഇരിക്കുന്നതിനോ ബുദ്ധിമുട്ട് അനുഭവപ്പെടുക;
5. അസ്വാഭാവികമായ ശരീര വേദനയോ മുറിവുകളോ ക്ഷതങ്ങളോ ഉണ്ടാകുക;
6. ഇടവിട്ടുള്ള പൂപ്പൽ രോഗസംക്രമം;
7. വിസർജ്ജ്യ വേളയിൽ വേദന.

മുകളിൽ പ്രതിപാദിച്ച രീതിയിലുള്ള ശാരീരിക ബുദ്ധിമുട്ടുകൾ പ്രകടിപ്പിക്കുന്ന കുട്ടികളുമായി കൃത്യമായ ഇടപെടലുകൾ നടത്തേണ്ടത് അനിവാര്യമാണ്. ഈ രീതിയിൽ സംഘർഷം അനുഭവിക്കുന്നവർക്കായി വിവിധതലങ്ങളിൽ ഇടപെടലുകൾ നടത്തുന്നതിനായി സർക്കാർ-സർക്കാരേതര സംവിധാനത്തിന്റെ സേവനം ലഭിക്കുമെന്ന് കുട്ടി/മാതാപിതാക്കൾ/രക്ഷാകർത്താക്കൾ എന്നിവർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## ലൈംഗിക കുറ്റകൃത്യവുമായി ബന്ധപ്പെട്ട കേസുകളിൽ കർത്തവ്യവാഹകർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

### I. പോലീസ്

പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നത് സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റോ ലോക്കൽ പോലീസോ ആണ്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (CWPO) എന്ന പേരിൽ രണ്ടു പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

1) ഒരു കുട്ടി ലൈംഗിക കുറ്റകൃത്യത്തിന് വിധേയമാവുകയോ, കുറ്റകൃത്യം നടക്കുവാൻ സാധ്യതയുള്ളതായോ പോലീസിന് വിവരം ലഭിച്ചാൽ കേസ് രജിസ്റ്റർ ചെയ്തു അന്വേഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്;
2) കുട്ടിയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ പോലീസ് ഓഫീസർ ഔദ്യോഗിക വേഷത്തിലാകരുത്;

3) അതിജീവിതയായ കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിലോ, കുട്ടി സാധാരണ താമസിക്കുന്ന സ്ഥലത്തുവെച്ചോ, കുട്ടിക്ക് താൽപ്പര്യമുള്ള സ്ഥലത്തുവെച്ചോ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത വനിതാ പോലീസ് ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്. കുട്ടിയെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്താൻ പാടില്ലാത്തതാണ്;

4) കുറ്റകൃത്യത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്ന വ്യക്തിയ്ക്കോ/കുട്ടിയ്ക്കോ പോലീസ് ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗികപദവി, മേൽവിലാസം, ഫോൺ നമ്പർ (മൊബൈൽ നമ്പർ ഉൾപ്പെടെ) എന്നിവ ലഭ്യമാക്കേണ്ടതാണ്;

5) കുട്ടിക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ (നഷ്ടപരിഹാരം, നിയമസേവനം), പ്രതിയുടെ അറസ്റ്റ് ഉൾപ്പെടെയുള്ള കേസിന്റെ പുരോഗതി, പ്രതിയ്ക്കു ലഭിക്കാവുന്ന ശിക്ഷ, കുട്ടിക്ക് ലഭിക്കാവുന്ന പൊതു/സ്വകാര്യ തലത്തിൽ നിന്നുള്ള സേവനങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ പോലീസുദ്യോഗസ്ഥൻ വിശദീകരിക്കേണ്ടതാണ്;

6) കുട്ടിയ്ക്ക് വിശ്വാസമുള്ളവരുടെ (രക്ഷിതാക്കൾ/സുഹൃത്തുക്കൾ/ആത്മവിശ്വാസം നൽകുന്ന വ്യക്തി) സാന്നിധ്യത്തിൽ കുട്ടി പറയുന്ന രീതിയിൽ തന്നെ മൊഴി രേഖപ്പെടുത്തേണ്ടതാണ്. പ്രതിയുടെ സാന്നിധ്യത്തിൽ കുട്ടിയുടെ മൊഴി രേഖപ്പെടുത്തുവാൻ പാടുള്ളതല്ല;

7) കുട്ടി പറയുന്ന ഭാഷയിൽ തന്നെയാവണം മൊഴി രേഖപ്പെടുത്തേണ്ടത്. മൊഴി രേഖപ്പെടുത്തുന്നതിന് ആവശ്യമെങ്കിൽ പരിഭാഷകരുടേയോ ദ്വിഭാഷികളുടേയോ സേവനം പോലീസിന് തേടാവുന്നതാണ്;

8) മാനസിക വൈകല്യമോ ശാരീരികമായ മറ്റു വെല്ലുവിളികളോ നേരിടുന്ന കുട്ടിയാണെങ്കിൽ സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെയോ, കുട്ടിയുടെ ആശയവിനിമയ രീതി പരിചയമുള്ള ഏതെങ്കിലും വ്യക്തിയുടേയോ, അല്ലെങ്കിൽ ആ മേഖലയിലുള്ള വിദഗ്ധരുടേയോ സേവനം ഉറപ്പുവരുത്തേണ്ടതാണ്;

9) മൊഴി രേഖപ്പെടുത്തുന്ന സമയത്ത് കുട്ടിക്ക് ആവശ്യമെങ്കിൽ ഇടവേളകൾ അനുവദിക്കാവുന്നതാണ്. റിക്കോർഡ് ചെയ്യപ്പെട്ട മൊഴി കുട്ടിയെയോ രക്ഷിതാക്കളെയോ കുട്ടിക്ക് വിശ്വാസമുള്ളവരെയോ പോലീസ് ഉദ്യോഗസ്ഥൻ വായിച്ച് കേൾപ്പിക്കേണ്ടതാണ്;

10) കേസിനെ സംബന്ധിച്ച വിവരങ്ങൾ നൽകുന്ന വ്യക്തിക്ക് ഭാവിയിൽ യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാകില്ല എന്ന് ഉറപ്പ് നൽകേണ്ടതാണ്. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ നടപടികൾ ഉടനടി സ്വീകരിക്കേണ്ടതും, വിവരം നൽകിയ വ്യക്തിയ്ക്ക് സൗജന്യമായി പ്രഥമ വിവര റിപ്പോർട്ടിന്റെ (FIR) പകർപ്പ് നൽകേണ്ടതുമാണ്;

11) കുറ്റകൃത്യത്തിന് വിധേയമായ കുട്ടി താമസിക്കുന്ന വീട്ടിലെ ഏതെങ്കിലും ഒരംഗം കുട്ടിയെ ലൈംഗിക കുറ്റകൃത്യത്തിന് വിധേയമാക്കുകയോ, അതിന് ശ്രമിക്കുകയോ, അപ്രകാരം സംഭവിക്കാനിടയുണ്ടെന്ന് അറിയുകയോ ചെയ്താൽ കുട്ടിക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാണ് എന്ന് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

12) സപ്പോർട്ട്പേഴ്സനെ നിയമിച്ച വിവരം അല്ലെങ്കിൽ പിൻവലിച്ച വിവരം ചൈൽഡ് വെൽഫെയർ കമ്മിറ്റി രേഖാമൂലം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ലോക്കൽ പോലീസിനെ 24 മണിക്കൂറിനുള്ളിൽ അറിയിക്കേണ്ടതും പ്രസ്തുത വിവരം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ലോക്കൽ പോലീസ് കോടതിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്;

13) പോലീസ് സ്റ്റേഷന് സമീപമുള്ള ആശുപത്രികൾ, ഡോക്ടർമാർ, കൗൺസിലർമാർ എന്നിവരുടെ പേരു വിവര പട്ടിക പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കേണ്ടതാണ്;

14) നഷ്ടപരിഹാരമോ (victim compensation) ഇടക്കാല നഷ്ടപരിഹാരമോ (interim compensation) കുട്ടിക്ക് ലഭ്യമാക്കേണ്ടതുണ്ടെങ്കിൽ അതിനാവശ്യമായ റിപ്പോർട്ട് പ്രത്യേക കോടതിയിൽ സമർപ്പിക്കണം;

15) പോക്സോ ആക്റ്റ് പ്രകാരം 'വിക്റ്റിം കോമ്പൻസേഷൻ' സംബന്ധിച്ച വിവരങ്ങൾ കുട്ടിക്കും രക്ഷകർത്താവിനും വിശദീകരിച്ചു നൽകേണ്ടതാണ്;

16) കേസന്വേഷിക്കുന്ന വേളയിലും കോടതി നടപടിയുടെ സമയത്തും പ്രതിയെ അല്ലെങ്കിൽ കുറ്റവാളിയെ കുട്ടി കാണുവാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്. കുറ്റകൃത്യത്തിനു വിധേയമായ കുട്ടിയെ സംബന്ധിച്ച് യാതൊരു വിവരങ്ങളും വെളിപ്പെടുത്തുന്നില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുമാണ്.

**വൈദ്യപരിശോധനയിൽ പോലീസ് സ്വീകരിക്കേണ്ട നടപടികൾ**

1) കുട്ടിയെ 24 മണിക്കൂറിനുള്ളിൽ വൈദ്യപരിശോധനയ്ക്കായും അടിയന്തര ചികിത്സയ്ക്കായും അടുത്തുള്ള സർക്കാർ അല്ലെങ്കിൽ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതാണ്;

2) ആശുപത്രി അധികൃതർ കുട്ടിക്ക് മുൻഗണന നൽകുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം;

3) കുട്ടിയുടെ രക്ഷിതാക്കളുടെയോ, കുട്ടിക്ക് വിശ്വാസമുള്ള വ്യക്തിയുടെയോ സാന്നിധ്യത്തിലോ അല്ലെങ്കിൽ അവരുടെ അസാന്നിധ്യത്തിൽ ആശുപത്രി മേധാവി തീരുമാനിക്കുന്ന വനിതയുടെ സാന്നിധ്യത്തിലായിരിക്കണം വൈദ്യപരിശോധന നടത്തപ്പെടേണ്ടത്;

4) വൈദ്യപരിശോധനയുടെ ഭാഗമായി സാമ്പിളുകൾ ശേഖരിച്ച് സമയബന്ധിതമായി ഫോറൻസിക് ലാബുകളിൽ എത്തിക്കേണ്ടതാണ്;

5) പോലീസ് സ്റ്റേഷന് അടുത്തുള്ളതും അധികാരപരിമിതിയിലുള്ളതുമായ ആശുപത്രികൾ, ഡോക്ടർമാർ, കൗൺസിലർമാർ എന്നിവരുടെ പേര് വിവരപട്ടിക പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കേണ്ടതാണ്.

## II. ചൈൽഡ് വെൽഫെയർ കമ്മിറ്റി

ലൈംഗികാതിക്രമത്തെ അതിജീവിച്ച കുട്ടി അല്ലെങ്കിൽ

വിധേയമാകുവാൻ സാധ്യതയുള്ള കുട്ടിയെ ശ്രദ്ധയും സംരക്ഷണത്തിനുമായി പോലീസ് 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുമ്പോൾ, കുട്ടിക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെന്ന് കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടാൽ കുട്ടിയെ നിലവിൽ താമസിക്കുന്ന വീട്ടിൽ നിന്നോ/ പ്രതിയുമായി ഒന്നിച്ചു താമസിക്കുന്ന സ്ഥലത്തു നിന്നോ/ ശിശുസംരക്ഷണ സ്ഥാപനത്തിൽ നിന്നോ മാറ്റി പാർപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പോക്സോ നിയമവുമായി ബന്ധപ്പെട്ട് കുട്ടികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടി സംസ്ഥാനത്ത് 14 ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

കുട്ടി പറയുന്ന അഭിപ്രായം പരിഗണിച്ച് - ചൈൽഡ് വെൽഫെയർ കമ്മിറ്റി സ്വീകരിക്കേണ്ട നടപടികൾ

1. വൈദ്യസഹായവും, കൗൺസിലിംഗും കുട്ടിക്ക് നൽകുന്നതിന് മാതാപിതാക്കൾ/രക്ഷാകർത്താക്കൾ/കുട്ടിക്ക് താല്പര്യമുള്ളവർ പ്രാപ്തരാണോ എന്ന് വിലയിരുത്തേണ്ടതാണ്;
2. കുട്ടിയുടെ പ്രായം, പക്വത, ലിംഗം, സാമൂഹിക-സാമ്പത്തിക ചുറ്റുപാടുകൾ എന്നിവ പരിശോധിക്കേണ്ടതാണ്;
3. കുട്ടിക്ക് ശാരീരിക വൈകല്യമോ മറ്റു ഗുരുതരമായ രോഗങ്ങളോ കുടുംബ കലഹമോ മറ്റു പ്രശ്നങ്ങളോ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്;
4. കുട്ടിയുടെയോ/രക്ഷാകർത്താവിന്റെയോ/കുട്ടിക്ക് വിശ്വാസമുള്ള വ്യക്തിയുടെയോ സമ്മതത്തോടുകൂടി കേസിന്റെ അന്വേഷണ വിചാരണ കാലയളവിൽ എല്ലാവിധ പിന്തുണ നൽകുന്നതിനായി ആവശ്യമെങ്കിൽ ഒരു സപ്പോർട്ട് പേഴ്സണെ നിയമിക്കേണ്ടതാണ്. പ്രസ്തുത വിവരം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിനെ/ ലോക്കൽ പോലീസിനെ അറിയിക്കേണ്ടതുമാണ്;
5. കുട്ടിക്ക് പരിപൂർണ്ണ വിശ്വാസമുള്ളതും, വേഗത്തിൽ സമീപിക്കാവുന്നതുമായ വ്യക്തിയെയാകണം സപ്പോർട്ട് പേഴ്സണായി നിയോഗിക്കേണ്ടത്;
6. കുട്ടിയുടെയോ/മാതാപിതാക്കളുടെയോ/രക്ഷാകർത്താക്കളുടെയോ ആവശ്യപ്രകാരം സപ്പോർട്ട്പേഴ്സനെ

നിയമിക്കുന്ന വിവരവും പിൻവലിക്കുന്ന വിവരവും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിനെ/ ലോക്കൽ പോലീസിനെ അറിയിക്കേണ്ടതാണ്;

7. സപ്പോർട്ട്പേഴ്സന്റെ ഇടപെടലുകളുടെ വിശദമായ അവലോകനം നടത്തേണ്ടതാണ്;

8. കുട്ടിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് എല്ലാ മാസവും സപ്പോർട്ട്പേഴ്സനിൽ നിന്നും ആവശ്യപ്പെടേണ്ടതാണ്;

9. കുട്ടി/രക്ഷാകർത്താവ്/മാതാപിതാക്കൾ എന്നിവർക്ക് സപ്പോർട്ട് പേഴ്സന്റെ സേവനം ആവശ്യമില്ലെങ്കിൽ അവരുടെ സേവനം പിൻവലിച്ച് ഉത്തരവ് ഇറക്കുവാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് അധികാരമുണ്ട്;

10. കോടതി നടപടിക്രമം, നഷ്ടപരിഹാര തുകയുടെ ലഭ്യത, കേസിന്റെ അന്വേഷണത്തിന്റെ പുരോഗതി, കുറ്റവാളിയുടെ അറസ്റ്റ്, ജാമ്യം, കുറ്റവിമുക്തനാക്കൽ അല്ലെങ്കിൽ തടവിലാക്കൽ, വിധി പ്രസ്താവിക്കൽ, ശിക്ഷ തുടങ്ങിയ നടപടിക്രമങ്ങൾ കുട്ടി/രക്ഷാകർത്താവ്/മാതാപിതാക്കൾ എന്നിവരെ കൃത്യമായി ബോധ്യപ്പെടുത്തേണ്ടത് സപ്പോർട്ട് പേഴ്സന്റെ ചുമതലയാണ്.

## III. ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്

ബാലാവകാശ സംരക്ഷണ ആക്റ്റ് നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. പോക്സോ നിയമത്തിന്റെ സുഗമമായ നടത്തിപ്പിന് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രധാന പങ്ക് വഹിക്കുന്നു.

1. വ്യാഖ്യാതാക്കൾ, പരിഭാഷകർ, പ്രത്യേക അധ്യാപകർ, വിദഗ്ധർ, കൗൺസിലേഴ്സ്, സപ്പോർട്ട് പേഴ്സൺസ് എന്നിവരുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ, മറ്റു ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയതിന്റെ പകർപ്പ് സ്പെഷ്യൽ ജുവനൈൽ പോലീസിനും, മജിസ്ട്രേറ്റ്/പ്രത്യേക കോടതി, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവർക്ക് ലഭ്യമാക്കേണ്ടതുമാണ്;

2. കുട്ടിക്ക് മാനസിക പിന്തുണ നൽകുന്നതിനായി കൗൺസിലറുടെ സേവനം തേടാവുന്നതാണ്. കൗൺസിലറുടെ സേവനം ലഭ്യമല്ലാത്ത പക്ഷം താത്കാലിക അടിസ്ഥാനത്തിൽ ഇവരുടെ സേവനം സജ്ജീകരിക്കാവുന്നതാണ്. ഇത്തരത്തിൽ സേവനം ലഭ്യമാക്കുന്ന കൗൺസിലർമാരുടെ പട്ടിക ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് തയാറാക്കേണ്ടതും, അവർക്കുള്ള വേതനം നിശ്ചയിക്കേണ്ടതുമാണ്;
3. വ്യാഖ്യാതാക്കൾ, പരിഭാഷകർ, പ്രത്യേക അധ്യാപകർ, വിദഗ്ധർ, കൗൺസിലേഴ്സ്, സപ്പോർട്ട്പേഴ്സൺ എന്നിവരുടെ സേവനങ്ങൾക്കായുള്ള വേതനം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖാന്തരം ലഭ്യമാക്കേണ്ടതാണ്;
4. അതിജീവിതർക്ക് ആവശ്യമായ സാമ്പത്തിക സഹായം/ നഷ്ടപരിഹാരം/ആശ്വാസനിധി എന്നിവ ലഭ്യമാക്കുവാനും ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനു വേണ്ടി തിരിച്ചറിയൽ രേഖകൾ ലഭ്യമാക്കുന്നതിനും ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ സഹായിക്കേണ്ടതാണ്;
5. ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ജോലി ചെയ്യുന്ന ലീഗൽ കം പ്രോബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ എന്നിവരെ അത്യാവശ്യ ഘട്ടങ്ങളിൽ സപ്പോർട്ട് പേഴ്സനായി ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി നിയോഗിക്കാവുന്നതാണ്.

## IV. വ്യാഖ്യാതാക്കൾ, പരിഭാഷകർ, പ്രത്യേക അധ്യാപകർ, വിദഗ്ധർ, കൗൺസിലേഴ്സ്, ചൈൽഡ്‌ലൈൻ, എൻ.ജി.ഒ. എന്നിവരുടെ ഉത്തരവാദിത്തങ്ങൾ

1. പരാതി രജിസ്റ്റർ ചെയ്യുന്നതു മുതൽ വിചാരണയിലും പുനരധിവാസ പ്രക്രിയകളിലും അതിജീവിതർക്കും കുടുംബാംഗങ്ങൾക്കും വേണ്ടി നിയമാനുസൃതമായ സേവനം ലഭ്യമാക്കുന്ന സേവനദാതാക്കളുടെ വിശദാംശങ്ങൾ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ തയ്യാറാക്കി രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, മജി

സ്ട്രേറ്റ്, പ്രത്യേക കോടതി എന്നീ വിഭാഗങ്ങളിൽ ആവശ്യ മുള്ള സാഹചര്യത്തിൽ ലഭ്യമാക്കേണ്ടതുമാണ്;

2. കുട്ടിയുടെ മൊഴി/തെളിവുകൾ രേഖപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ്/കോടതിക്ക് ദ്വിഭാഷികളുടെയോ, പരിഭാഷകരുടെയോ സേവനം ആവശ്യമെങ്കിൽ സ്വീക രിക്കാവുന്നതാണ്. വ്യാഖാതാക്കളും വിവർത്തകരും കുട്ടി സംസാരിക്കുന്ന ഭാഷ കൈകാര്യം ചെയ്യുന്നതിൽ പ്രവർത്തി പരിചയം ഉള്ളവരായിരിക്കണം;

3. ആംഗ്യഭാഷ അധ്യാപകർ, പ്രത്യേക അധ്യാപകർ, വിദഗ്ധർ എന്നിവർ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നോ, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യ യിൽ നിന്നോ പ്രാവിണ്യം നേടിയവർ ആയിരിക്കണം;

## V. സപ്പോർട്ട് പേഴ്സന്റെ ഉത്തരവാദിത്തങ്ങൾ

1. നിയമ നടപടികളിൽ ഉടനീളം ആവശ്യമായ ഇടപെടലു കൾ ഉറപ്പുവരുത്തേണ്ടതാണ്;

2. കുട്ടിയുടെ പുനരധിവാസവും, ക്ഷേമവും സംജാതമാ ക്കേണ്ടതാണ്;

3. കുട്ടിയുമായോ കേസുമായോ ബന്ധപ്പെട്ട കാര്യങ്ങളിൽ രഹസ്യാത്മകത കാത്തുസൂക്ഷിക്കേണ്ടതാണ്;

4. കോടതി നടപടിക്രമം, നഷ്ടപരിഹാര തുകയുടെ ലഭ്യത, കേസിന്റെ അന്വേഷണത്തിന്റെ പുരോഗതി, കുറ്റവാളിയുടെ അറസ്റ്റ്/ജാമ്യം, കുറ്റവിമുക്തനാക്കൽ, അല്ലെങ്കിൽ തടവിലാ ക്കൽ, വിചാരണശേഷം വിധി പ്രസ്താവിക്കൽ, ശിക്ഷ തുട ങ്ങിയ കാര്യങ്ങൾ കുട്ടി/രക്ഷാകർത്താവ്/മാതാപിതാക്കൾ എന്നിവരെ കൃത്യമായി ബോധ്യപ്പെടുത്തേണ്ടതാണ്;

5. പ്രതിയിൽ നിന്നും കുട്ടിക്ക് സുരക്ഷ ഒരുക്കേണ്ടതായിട്ടു ണ്ടെങ്കിൽ ഇക്കാര്യം ബന്ധപ്പെട്ട അധികാരികളെ ബോധ്യ പ്പെടുത്തേണ്ടതാണ്;

6. വിചാരണ നടപടി പൂർത്തിയാക്കുന്നതുവരെ കേസിന്റെ പുരോഗതിയുമായി ബന്ധപ്പെട്ട പ്രതിമാസ റിപ്പോർട്ട്

ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട വസ്തുതകൾ:-

i. കുട്ടിയുടെ മാനസികവും ശാരീരികവും വൈകാരികവുമായ പരിചരണവും, കുടുംബ പശ്ചാത്തലവുമായി ബന്ധപ്പെട്ട് സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികൾ.

ii. ലൈംഗീകാതിക്രമം മൂലം മാനസികനില തകരാറിലായ കുട്ടിയോ/ജന്മനാ മാനസിക വൈല്യമുള്ള കുട്ടിയോ ആണെങ്കിൽ അവരുടെ അവസ്ഥയിലുണ്ടായ പുരോഗതിയും സ്വീകരിച്ച നടപടികളും.

iii. ആരോഗ്യ-മാനസിക പരിചരണം, കൗൺസിലിംഗ്, തുടർവൈദ്യസഹായം, തുടർവിദ്യാഭ്യാസം എന്നിവയിൽ നടത്തിയ ഇടപെടലുകൾ.

iv. കുട്ടിക്ക് അർഹതപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ.

## VI. പ്രത്യേക കോടതി

പോക്സോ ആക്റ്റ് പ്രകാരം ഓരോ ജില്ലയിലും ശിശുസൗഹൃദ അന്തരീക്ഷത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള സജ്ജീകരണങ്ങൾ വിചാരണ നടപടികളിൽ സ്വീകരിക്കണമെന്ന് നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഫസ്റ്റ് ക്ലാസ് അഡീഷണൽ സെഷൻസ് കോടതികളെ കുട്ടികളുടെ പ്രത്യേക കോടതികളായി സംസ്ഥാന -സർക്കാർ നാമകരണം ചെയ്തിരിക്കുന്നു. പോക്സോ കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുക, വിക്ടിം കോമ്പൻസേഷൻ സ്കീം കൃത്യമായി നടപ്പിലാക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ അതിക്രമത്തെ അതിജീവിച്ച കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ പുനരധിവാസ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുവാനും കേസിന്റെ വിചാരണയും നിയമ നടപടികളും ബാലസൗഹൃദവും ഫലപ്രദവുമായ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുവാനും വേണ്ടിയാണ് പ്രത്യേക കോടതികൾ സജ്ജീകരിച്ചിരിക്കുന്നത്. കേസുകളുടെ നടത്തിപ്പിനായി സ്പെഷ്യൽ പബ്ലിക്ക് പ്രോസി

ക്യൂട്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ പോക്സോ കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം കണക്കിലെ ടുത്ത് അതിവേഗ കോടതികളും സംസ്ഥാനത്ത് പ്രവർത്തന സജ്ജമാണ്.

**കോടതിയിൽ കേസ് വിചാരണ നടപടികൾ പരിഗണിക്കുമ്പോൾ:-**

1. കുട്ടിയുടെ കുടുംബാംഗങ്ങൾ/രക്ഷാകർത്താവ്/സുഹൃത്ത്/ ബന്ധുക്കൾ/കുട്ടിക്ക് വിശ്വാസമുള്ളവരുടെ സാന്നിധ്യം എന്നിവ ഉറപ്പുവരുത്തുക;
2. കോടതിയിൽ തെളിവ് നൽകുന്നതിനായി കുട്ടിയെ ആവർ ത്തിച്ച് വിളിപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക;
3. കുട്ടിയുടെ അന്തസ്സിന് ഹാനികരമാകുന്ന രീതിയിലോ, പ്രകോപനപരമായ രീതിയിലോ, സ്വഭാവഹത്യ ചെയ്യുന്ന രീതിയിലോ ഉള്ള ചോദ്യങ്ങൾ അനുവദിക്കാൻ പാടില്ല;
4. കുട്ടിയെ തിരിച്ചറിയുന്ന വിവരങ്ങൾ (വ്യക്തി വിവരങ്ങൾ) അന്വേഷണ സമയത്തോ, വിചാരണ വേളയിലോ വെളി പ്പെടുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തുക;
5. മാനസികവും ശാരീരികവുമായ പിന്തുണയ്ക്കായി സ്പെ ഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുക;
6. കുട്ടിയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടെ തെളിവ് ശേഖരിക്കാവു ന്നതും മൊഴി രേഖപ്പെടുത്താവുന്നതുമാണ്;
7. രക്ഷിതാക്കളുടെയോ കുട്ടിക്ക് വിശ്വാസമുള്ള വ്യക്തിയുടെ യോ സാന്നിധ്യത്തിൽ കോടതി നടപടികൾ ഇൻ ക്യാമറ യായി നടത്തേണ്ടതാണ്;
8. കേസിനെ സംബന്ധിച്ച തെളിവ് കോടതി കൊഗ്നിസൻസ് എടുത്ത് 30 ദിവസത്തിനുള്ളിലും വിചാരണ നടപടി ഒരു വർഷത്തിനുള്ളിലും പൂർത്തീകരിക്കേണ്ടതാണ്;
9. കേസിന്റെ വിചാരണ കാലയളവിൽ ഇടക്കാല നഷ്ടപരി ഹാരം കുട്ടിക്ക് ലഭ്യമാക്കേണ്ടതാണ്;
10. കുട്ടി തെളിവ് നൽകുന്ന സമയത്ത് പ്രതിയുടെ/പ്രതിക

ളുടെ അസാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്;

11. വിചാരണയ്ക്ക് മുമ്പും വിചാരണ ഘട്ടത്തിലും തെളിവുകൾ രേഖപ്പെടുത്തുന്നതിന് കുട്ടികളെ സഹായിക്കുവാൻ വിദഗ്ധരുടെ/സപ്പോർട്ട്പേഴ്സന്റെ സേവനം സ്വീകരിക്കാവുന്നതാണ്;
12. വിചാരണ സമയത്ത് കുട്ടിക്ക് വേണമെങ്കിൽ ഇടവേളകൾ അനുവദിക്കാവുന്നതാണ്;
13. കുട്ടിക്ക് അനുഭവിക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ, പരിക്കുകൾ, ശാരീരികവും മാനസികവുമായ ആരോഗ്യം വീണ്ടെടുക്കുന്നതിനുള്ള ചികിത്സാ ചെലവുകൾ, തുടർ വിദ്യാഭ്യാസത്തിനുള്ള ക്രമീകരണം, വൈകല്യങ്ങൾ, കുട്ടി ഗർഭിണിയാണെങ്കിൽ, കുട്ടിക്ക് ലൈംഗികരോഗങ്ങളായ എച്ച്.ഐ.വി, എയ്ഡ്സ് മുതലായവ ബാധിച്ചിട്ടുണ്ടെങ്കിൽ അവ പരിഗണിച്ച് പ്രത്യേക കോടതി പുനരധിവാസത്തിനും സംരക്ഷണത്തിനുമായുള്ള നഷ്ടപരിഹാര തുകയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

## VII. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ

പോക്സോ ആക്റ്റ് നടത്തിപ്പിനായി സംസ്ഥാന സർക്കാർ ഓരോ സ്പെഷ്യൽ കോടതിയിലും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കേണ്ടതാണ്. ഏഴ് വർഷത്തിൽ കുറയാതെ അഭിഭാഷകവൃത്തിയിൽ പ്രവർത്തന പരിചയമുള്ള വരെയായിരിക്കണം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കേണ്ടത്.

1. പോക്സോ ആക്റ്റ് പ്രകാരം പ്രതികൾ ചെയ്ത കുറ്റങ്ങൾക്കുള്ള ജാമ്യാപേക്ഷ പരിഗണിക്കുമ്പോൾ ന്യായമായ വിചാരണയ്ക്കുള്ള എല്ലാ സാഹചര്യങ്ങളും കണക്കിലെടുക്കേണ്ടതാണ്. കൂടാതെ പ്രതിക്ക് ജാമ്യത്തിനായുള്ള അപേക്ഷയുടെ മുൻകൂർ നോട്ടീസ് കുട്ടിയെയോ, മാതാപിതാക്കളെയോ കുട്ടിക്ക് വിശ്വാസമുള്ളവരെയോ ബോധ്യപ്പെടുത്തേണ്ടതാണ്;

2. കുട്ടിക്ക് മനസ്സിലാവുന്ന ഭാഷയിൽ കോടതിയുടെ തീരുമാനമോ, നടപടിയോ, വിധിയോ, നഷ്ടപരിഹാരത്തിന്റെ വിശദാംശമോ, കുട്ടിയോടോ, മാതാപിതാക്കളോടോ, കുട്ടിക്ക് വിശ്വസ്തരായവരോടോ വിശദീകരിക്കേണ്ടതാണ്;
3. കേന്ദ്ര–സംസ്ഥാന സർക്കാർ നൽകുന്ന നഷ്ടപരിഹാര പദ്ധതി തുകകൾ കുട്ടിക്ക് ലഭിക്കുന്നതിന് വേണ്ട എല്ലാ നടപടിക്രമങ്ങളും സ്വീകരിക്കേണ്ടതാണ്.

## VIII. ഡോക്ടേഴ്സ്/ആരോഗ്യ വിദഗ്ധർ

ഒരു കുട്ടി ലൈംഗിക അതിക്രമം നേരിട്ടു എന്നറിഞ്ഞാൽ പോലീസ് കേസ് രജിസ്റ്റർ നടപടി ആരംഭിക്കുന്നതിന് മുമ്പ് തന്നെ പോക്സോ ആക്റ്റ് പ്രകാരം കുട്ടിയുടെ വൈദ്യപരിശോധന/പരിചരണം അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. കുട്ടിക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനായി നിയമപരമായ ഉത്തരവുകളോ, നടപടിക്രമങ്ങളോ ആവശ്യമില്ല.

1. കുട്ടിയുടെ സ്വകാര്യത നിലനിർത്തി വിശ്വാസമുള്ള ആളുകളുടെ സാന്നിദ്ധ്യത്തിൽ ആയിരിക്കണം വൈദ്യസഹായം/പരിശോധന ലഭ്യമാക്കുവാൻ;
2. അതിജീവിത പെൺകുട്ടിയാണെങ്കിൽ വൈദ്യപരിശോധന വനിതാ ഡോക്ടർ നിർവഹിക്കേണ്ടതാണ്. രക്ഷാകർത്താവിന്റെയോ അല്ലെങ്കിൽ കുട്ടിക്ക് വിശ്വാസമുള്ള വ്യക്തിയുടേയോ അസാന്നിധ്യത്തിൽ ആശുപത്രി മേധാവി നിയോഗിക്കുന്ന വനിതയുടെ സാന്നിധ്യത്തിലായിരിക്കണം വൈദ്യപരിശോധന നിർവഹിക്കപ്പെടേണ്ടത്;
3. ഒരു അംഗീകൃത ഡോക്ടറുടെ നേതൃത്വത്തിൽ കുട്ടിക്ക് ഉണ്ടായ മുറിവുകൾ, ലൈംഗികാവയവത്തിലെ പരിക്കുകൾ എന്നിവ അടിയന്തരമായി പരിശോധിച്ച് ചികിത്സ നൽകേണ്ടതാണ്. കൂടാതെ ലൈംഗികരോഗങ്ങൾ വരുവാനുള്ള സാധ്യത തടയൽ, എച്ച്.ഐ.വി എയ്ഡ്സ് രോഗബാധ തടയുന്നതിനുള്ള പ്രതിരോധങ്ങൾ, കുട്ടി ഗർഭം ധരിക്കുവാൻ സാധ്യത ഉണ്ടെങ്കിൽ പ്രതിരോധ നടപടികൾ, മാനസിക–ശാരീരിക–ആരോഗ്യം വീണ്ടെടുക്കുന്നതിനുള്ള

നടപടികൾ, കുട്ടി മയക്കു മരുന്നിനു വിധേയമായിട്ടുണ്ടെങ്കിൽ ഡീ-അഡിക്ഷൻ സെന്ററിന്റെ സേവനങ്ങൾ വൈദ്യപരിശോധനയോടൊപ്പം തന്നെ അടിയന്തരമായി കുട്ടിക്ക് നൽകുവാനുള്ള നടപടികൾ ആരോഗ്യ പ്രവർത്തകർ സ്വീകരിക്കേണ്ടതാണ്;

4. കുട്ടിയുടെ വൈദ്യപരിശോധന റിപ്പോർട്ടിന്റെ പകർപ്പ് 24 മണിക്കൂറിനുള്ളിൽ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിനോ/ലോക്കൽ പോലീസിനോ നൽകേണ്ടതാണ്;
5. അടിയന്തര വൈദ്യസഹായം നൽകുന്ന സാഹചര്യത്തിൽ ഫോറൻസിക് തെളിവുകൾ സമയബന്ധിതമായി ശേഖരിക്കേണ്ടതാണ്;
6. കുട്ടി ഗർഭണിയാണെന്ന് കണ്ടെത്തിയാൽ, മെഡിക്കൽ പ്രാക്ടീഷണർ മുഖേന കുട്ടി/മാതാപിതാക്കൾ/രക്ഷാകർത്താക്കൾ എന്നിവർക്ക് മാനസിക പിന്തുണ നൽകുന്നതിനോടൊപ്പം തന്നെ നിയമപ്രകാരം ലഭ്യമാക്കേണ്ട സാധ്യതകളെക്കുറിച്ച് ബോധ്യമാക്കേണ്ടതുമാണ്;
7. ലൈംഗിക അതിക്രമത്തിന് വിധേയമായത് ശാരീരിക/മാനസിക വൈകല്യമുള്ള കുട്ടിയാണെങ്കിൽ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ആക്റ്റ്, 2016 പ്രകാരം കുട്ടിക്ക് ഉചിതമായ പരിചരണവും നടപടികളും സ്വീകരിക്കേണ്ടതാണ്.

**വൈദ്യപരിശോധനയിൽ ഡോക്ടേഴ്സ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. വൈദ്യപരിശോധനയുടെ മുന്നോടിയായി രക്ഷിതാവിന്റെയോ/കുട്ടിയുടെയോ സമ്മതപത്രം ആവശ്യപ്പെടേണ്ടതാണ്;
2. വൈദ്യപരിശോധന ആരംഭിക്കുന്നതിന്റേയും അവസാനിപ്പിക്കുന്നതിന്റെയും കൃത്യമായ സമയം റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്;
3. വൈദ്യപരിശോധനയ്ക്ക് കുട്ടിയെ കൊണ്ടുവന്ന വ്യക്തിയുടെ പേര്, വിലാസം കൂടാതെ കുട്ടിയുടെ പ്രായം,

ഡി.എൻ.എ. പരിശോധനയ്ക്കായി കുട്ടിയിൽ നിന്നും എടുത്ത സാമ്പിളുകളുടെ വിവരണം, കുട്ടിക്കുണ്ടായ പരിക്കുകളുടെ അടയാളങ്ങൾ, കുട്ടിയുടെ മാനസികവസ്ഥ തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്;

4. വൈദ്യപരിശോധനയിൽ ശേഖരിച്ച തെളിവുകൾ പായ്ക്ക് ചെയ്ത് സീൽ ചെയ്യേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം പോലീസിന് കൈമാറേണ്ടതുമാണ്;
5. കുട്ടിയുടെ വൈദ്യപരിശോധനയുടെയും/പരിചരണത്തിന്റെയും തുടർനടപടികൾ യഥാക്രമം ആരോഗ്യവിദഗ്ധർ സ്വീകരിക്കേണ്ടതാണ്.

**വൈദ്യപരിശോധനയിൽ ആരോഗ്യ വിദഗ്ധർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ലൈംഗിക പീഡനത്തിനെ അതിജീവിച്ച കുട്ടിയുടെ ശാരീരിക-മാനസിക ആഘാതങ്ങൾ, പിരിമുറുക്കങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടായിരിക്കണം;
2. ലൈംഗിക പീഡനത്തെ സംബന്ധിച്ച വിശദാംശങ്ങൾ മുൻവിധികൾ കൂടാതെ അതീവ ശ്രദ്ധയോടുകൂടി മെഡിക്കൽ റെക്കോർഡുകളിൽ രേഖപ്പെടുത്തേണ്ടതാണ്;
3. കുട്ടിയുടെ ശരീരത്തിൽ ഉണ്ടായ തീവ്രമായതും ദീർഘനാളായിട്ടുള്ളതുമായ മുറിവുകൾ തിരിച്ചറിഞ്ഞ് പരിചരണം നൽകേണ്ടതാണ്. കൂടാതെകുട്ടി പ്രത്യേകമായ ലൈംഗിക ചേഷ്ടകൾ, സ്വഭാവ വൈകല്യങ്ങൾ പ്രകടിപ്പിക്കുകയാണെങ്കിൽ അവ പരിഗണിക്കേണ്ടതാണ്;
4. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ശുപാർശകൾ ഉൾപ്പെടുത്തി വിശദമായ മെഡിക്കൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്;
5. കോടതിയുടെ ആവശ്യമനുസരിച്ച് സാക്ഷിയായി ആരോഗ്യ വിദഗ്ധർ ഹാജരാകേണ്ടതാണ്.

## IX. നിയമ സേവന അതോറിറ്റിയുടെ നടപടിക്രമങ്ങൾ:

കുട്ടികൾക്ക് സർക്കാർ തലത്തിൽ നിയമസഹായം ലഭ്യമാ

ക്കുന്ന സംവിധാനമാണ് നിയമ സേവന അതോറിറ്റി (Legal ServicesAuthority). 14 ജില്ലകളിലും നിയമ സേവന അതോറിറ്റി യുടെ സേവനം ലഭ്യമായിവരുന്നു. കുട്ടികളുടെ കേസുകൾ കൈ കാര്യം ചെയ്ത് പ്രാഗത്ഭ്യമുള്ള അഭിഭാഷകരുടെ പാനൽ തയ്യാ റാക്കി നിയമ സേവന അതോറിറ്റി കോടതിയ്ക്ക് കൈമാറേണ്ട താണ്. വിക്ടിം കോമ്പൻസേഷൻ നൽകുന്നതിനുള്ള ചുമതല ജില്ലാ ലീഗൽ സർവീസ് അതോറിറ്റിക്കാണ്. പോക്സോ ആക്റ്റ് പ്രകാരം പ്രത്യേക കോടതിയിൽ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുന്നു. ജില്ലാ ലീഗൽ സർവീസസ് അതോ റിറ്റിക്കു ലഭിക്കുന്ന അപേക്ഷ പ്രകാരമോ, കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലോ നഷ്ടപരിഹാര തുക കുട്ടി ക്കോ, കുടുംബത്തിനോ നൽകിവരുന്നു. ഇതിന്റെ ക്രോഡീ കരണം നടപ്പാക്കുന്നത് കേരള സംസ്ഥാന നിയമ സേവന അതോറിറ്റി ആണ്.

**ലഭ്യമാക്കേണ്ട സേവനങ്ങൾ**

1. നിയമ സേവന അതോറിറ്റി ആക്റ്റ് പ്രകാരം കുട്ടിക്ക് സൗജന്യ നിയമ സേവനവും മറ്റ് നിയമ ആനുകൂല്യ ങ്ങളും നിയമ സേവന അതോറിറ്റി ലഭ്യമാക്കേണ്ടതാണ്;
2. ഭക്ഷണം, വസ്ത്രം, യാത്രാചെലവ്, കുട്ടിക്ക് അടിയന്തര ആവശ്യത്തിനായി ലഭിക്കേണ്ട തുക എന്നിവ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ജില്ലാ നിയമ സേവന അതോറിറ്റി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് നൽകാവുന്നതാണ്;
3. പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത ശേഷം ഏതു ഘട്ടത്തിലും കുട്ടിക്ക് നൽകുന്ന ഇടക്കാല നഷ്ട പരി ഹാര തുക അന്തിമ നഷ്ടപരിഹാര തുകയിൽ ക്രമീകരി ക്കാവുന്നതാണ്.

## മാധ്യമങ്ങൾ

ലൈംഗിക കുറ്റകൃത്യത്തിന് വിധേയരായ കുട്ടികളുടെ പേര്, മേൽവിലാസം, ഫോട്ടോ, കുടുംബ വിശദാംശങ്ങൾ, വിദ്യാലയം, സമീപ സ്ഥലം തുടങ്ങിയ കാര്യങ്ങളോ കുട്ടിയെ

തിരിച്ചറിയുന്ന തരത്തിലുള്ള മറ്റേതെങ്കിലും വിവരങ്ങളോ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ പാടുള്ളതല്ല. കുട്ടിയെ തിരിച്ചറിയാൻ ഉതകുന്ന വിവരങ്ങൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്ന ഏതൊരു വ്യക്തിക്കും പോക്സോ ആക്റ്റ് പ്രകാരം 6 മാസത്തിൽ കുറയാത്തതും ഒരു വർഷംവരെയാ കാവുന്നതുമായ തടവു ശിക്ഷയോ പിഴയോ രണ്ടും ഒന്നിച്ചോ ലഭിക്കാവുന്നതാണ്. ഇത്തരത്തിൽ വെളിപ്പെടുത്തൽ നടത്തുന്ന ജീവനക്കാരുടെ വീഴ്ചയ്ക്ക് പോക്സോ ആക്റ്റ് പ്രകാരം മാധ്യമത്തിന്റെ പ്രസാധകനും ഉടമയും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദിയായിരിക്കും. കുട്ടിയുടെ ഉത്തമതാല്പര്യം പരിഗ ണിച്ച് ഇത്തരം വിവരങ്ങൾ വെളിപ്പെടുത്തേണ്ടത് അനിവാര്യ മാണെങ്കിൽ ആയത് പ്രത്യേക കോടതിക്കോ മറ്റ് നിയമാനു സൃത സ്ഥാപനങ്ങൾക്കോ അനുവദിക്കാവുന്നതാണ്.

**കുട്ടികളെ ഉപയോഗിച്ച് അശ്ലീല സന്ദേശവും വീഡിയോയും പ്രചരിപ്പിക്കുന്നതിനെതിരെയുള്ള നിയമ നടപടികൾ**

1. കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങ ളിലൂടെയോ ഇന്റർനെറ്റിലൂടെയോ പ്രചരിപ്പിക്കുകയോ മറ്റേതെങ്കിലും ഇലക്ട്രോണിക് ഉപകരണങ്ങൾ മുഖേന പരസ്യപ്പെടുത്തുകയോ വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുകയോ ചെയ്യുന്നത് പോക്സോ ആക്റ്റ് പ്രകാരം ശിക്ഷാർഹമാണ്. കുട്ടികളുടെ ലൈംഗികാവയവ ങ്ങൾ പ്രദർശിപ്പിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ/ വീഡിയോയുടെ പ്രചരണങ്ങൾ, കുട്ടികളെ പല വിധ മായ ലൈംഗിക പ്രവർത്തികളിൽ ഏർപ്പെടുത്തിക്കൊണ്ട് ദൃശ്യങ്ങൾ ചിത്രീകരിക്കൽ, കുട്ടിയെ നീചമായ അശ്ലീല വേഴ്ചകളിൽ ഉൾപ്പെടുത്തി സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കൽ എന്നിവ ഈ ആക്റ്റിന്റെ പരിധിയിൽ വരുന്നു. കുട്ടികൾ ഉൾപ്പെടുന്ന അശ്ലീല ചിത്രീകരണങ്ങളോ ശബ്ദ സന്ദേശങ്ങളോ അച്ചടിച്ച പതിപ്പോ ഇലക്ട്രോണിക് കമ്പ്യൂട്ടർ മുഖേനയോ മറ്റേതെങ്കിലും സാങ്കേതിക

മാധ്യമങ്ങളിലൂടെയോ പ്രസിദ്ധീകരിക്കുന്നതും വിതരണം ചെയ്യുന്നതും പോക്സോ നിയമപ്രകാരം ശിക്ഷ അർഹിക്കുന്നതും പിഴ ഈടാക്കാവുന്നതുമാണ്. കുറ്റകൃത്യത്തിന്റെ വ്യാപ്തി അനുസരിച്ച് ശിക്ഷയുടെ കാലാവധി ദീർഘിപ്പിക്കാവുന്നതാണ്.

2. കുട്ടികളുടെ അശ്ലീല ചിത്രീകരണങ്ങൾ കൈമാറുന്നത് ഇടനിലക്കാരിൽ കൂടിയാണെങ്കിൽ ഐ.റ്റി. നിയമപ്രകാരം ഇടനിലക്കാരനിൽ നിന്നും അത്തരം വസ്തുക്കൾ ശേഖരിക്കുകയും ഇവയുടെ ഉറവിടം കണ്ടെത്തി ലോക്കൽ പോലീസ്/എസ്.ജെ.പി.യു./സൈബർ ക്രൈം പോർട്ടലിൽ ഉൾപ്പെടുത്തുകയും കാലാകാലങ്ങളിൽ സർക്കാർ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇത്തരം കേസുകളിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്;

3. അശ്ലീല ചിത്രീകരണം അടങ്ങിയ ഇലക്ട്രോണിക് ഉപകരണം എവിടെ നിന്നും കണ്ടെത്തിയെന്നതും അതിൽ എന്തെല്ലാം ഉള്ളടക്കം ചെയ്തിരിക്കുന്നു എന്നതും കൃത്യമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്;

4. ഒരു വ്യക്തി കുട്ടിയുമായി ഗൗരവതര പ്രവേശിത ലൈംഗികാതിക്രമത്തിൽ ഏർപ്പെടുന്നതിനെ ചിത്രീകരണം ചെയ്യുകയും അത് പ്രചരിപ്പിക്കുകയും ചെയ്താൽ ആ വ്യക്തി ജീവപര്യന്ത തടവിനും പിഴയ്ക്കും ശിക്ഷാർഹനാണ്;

5. കുട്ടികളെ ഉപയോഗിച്ചുള്ള അശ്ലീല ചിത്രീകരണങ്ങൾക്കും ഇലക്ട്രോണിക്ക് ഉപകരണങ്ങളിലൂടെയുള്ള അശ്ലീല ചിത്രീകരണങ്ങളുടെ പ്രചാരണത്തിനുമെതിരെ കേന്ദ്ര-സംസ്ഥാന സർക്കാർ ഒത്തൊരുമയോടെ പ്രവർത്തിച്ച് സമൂഹത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

## ലൈംഗിക കുറ്റകൃത്യങ്ങളും ശിക്ഷയും

| കുറ്റം | വകുപ്പ് | ശിക്ഷ |
|---|---|---|
| അന്ത: പ്രവേശ ലൈംഗികാക്രമണം (Penetrative Sexual Assault) | 3, 4 | പത്തുവർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ തടവും പിഴയും. പതിനാറ് വയസ്സിൽ താഴെയുള്ള കുട്ടിയാണെങ്കിൽ ഇരുപത് വർഷം വരെ ആകാവുന്നതുമായ തടവും പിഴയും. |
| കഠിനതരമായ അന്ത:പ്രവേശ ലൈംഗികാക്രമണം (Aggravated Penetrative Sexual Assault) | 5, 6 | ഇരുപത് വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ തടവും പിഴയും അല്ലെങ്കിൽ വധശിക്ഷയും |
| ലൈംഗികാക്രമണം (Sexual Assault) | 7, 8 | മൂന്ന് വർഷത്തിൽ കുറയാത്തതും അഞ്ച് വർഷം വരെ ആകാവുന്നതുമായ തടവും പിഴയും |
| കഠിനതരമായ ലൈംഗിക ആക്രമണം (Aggravated Sexual Assault) | 9, 10 | അഞ്ച് വർഷത്തിൽ കുറയാത്തതും ഏഴ് വർഷം വരെ ആകാവുന്നതുമായ തടവും പിഴയും |
| ലൈംഗിക പീഡനം (Sexual Harassment) | 11, 12 | മൂന്ന് വർഷം വരെ ആകാവുന്ന തടവും പിഴയും |
| അശ്ലീല കാര്യങ്ങൾക്ക് കുട്ടിയെ ഉപയോഗിക്കുന്നത് (Using Child for Pornographic Purposes) | 13, 14 (1) | അഞ്ച് വർഷത്തിൽ കുറയാത്ത തടവും പിഴയും (കുറ്റം ആവർത്തിച്ചാൽ ഏഴ് വർഷത്തിൽ കുറയാത്ത തടവും പിഴയും) |

| | | |
|---|---|---|
| അശ്ലീല ചിത്രീകരണത്തിന് വേണ്ടി കുട്ടിയെ ഉപയോഗിക്കുന്ന ആൾ ആക്റ്റിന്റെ 3, 5, 7, 9 എന്നീ വകുപ്പുകളിൽ പരാമർശിക്കുന്ന കുറ്റം ചെയ്താൽ | 13, 14 | വകുപ്പ് 14 (1) -ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയ്ക്ക് പുറമെ യഥാക്രമം 4, 6, 8, 10 എന്നീ വകുപ്പുകൾ പ്രകാരവും ശിക്ഷിക്കപ്പെടുന്നതാണ്. |
| കുട്ടി ഉൾപ്പെടുന്ന അശ്ലീല ചിത്രീകരണ സംഗതി സൂക്ഷിച്ചു വെയ്ക്കുക/ശേഖരിച്ചു വയ്ക്കുക | 15 (1) | 5000/- രൂപയിൽ കുറയാത്ത പിഴയും, കുറ്റകൃത്യം ആവർത്തിച്ചാൽ 10,000/- രൂപയിൽ കുറയാത്ത പിഴയും |
| കുട്ടി ഉൾപ്പെടുന്ന അശ്ലീലസാഹിത്യമോ, വസ്തുക്കളോ പ്രചരിപ്പിക്കുകയോ, പ്രദർശിപ്പിക്കുകയോ, വിതരണം ചെയ്യുന്നതിനോ വേണ്ടി സൂക്ഷിച്ചു വയ്ക്കുക | 15 (2) | മൂന്ന് വർഷം വരെ ആകാവുന്ന തടവും പിഴയും അല്ലെങ്കിൽ രണ്ടും കൂടിയോ |
| വാണിജ്യ ആവശ്യത്തിനായി കുട്ടി ഉൾപ്പെടുന്ന അശ്ലീല സാഹിത്യമോ, വസ്തുക്കളോ കൈവശം വെയ്ക്കുകയോ/ സൂക്ഷിക്കുകയോ ചെയ്താൽ | 15 (3) | മൂന്ന് വർഷത്തിൽ കുറയാത്തതും അഞ്ച് വർഷം വരെ ആകാവുന്നതുമായ തടവും പിഴയും അല്ലെങ്കിൽ രണ്ടും. കുറ്റം ആവർത്തിച്ചാൽ അഞ്ച് വർഷത്തിൽ കുറയാത്തതും ഏഴ് വർഷം വരെ ആകാവുന്നതുമായ തടവും പിഴയും |

| | | |
|---|---|---|
| ആക്റ്റിൽ പരാമർശിക്കുന്ന കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്താൽ | 17 | കുറ്റകൃത്യത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള അതേ ശിക്ഷ |
| ആക്റ്റിൽ പരാമർശിക്കുന്ന ലൈംഗിക കുറ്റകൃത്യം ചെയ്യാൻ ശ്രമിച്ചാൽ | 18 | ബന്ധപ്പെട്ട കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള പരമാവധി തടവിന്റെ പകുതിയോ, പിഴയോ രണ്ടും കൂടിയോ. |
| കുറ്റകൃത്യം റിപ്പോർട്ട് ചെയ്യാൻ/ രേഖപ്പെടുത്താൻ വീഴ്ച വരുത്തിയാൽ | 21 (1) | 6 മാസംവരെ ആകാവുന്ന തടവോ പിഴയോ രണ്ടും കൂടിയോ |
| കീഴുദ്യോഗസ്ഥൻ ചെയ്ത കുറ്റം റിപ്പോർട്ട് ചെയ്യുന്നതിൽ സ്ഥാപനത്തിന്റെയോ കമ്പനിയുടെയോ ചുമതലയുള്ള ആൾ വീഴ്ച വരുത്തിയാൽ | 21 (2) | ഒരു വർഷം വരെ ആകാവുന്ന തടവും പിഴയും |
| വ്യാജ പരാതിയോ വിവരമോ നൽകിയാൽ | 22 (1) | ആറുമാസം വരെ ആകാവുന്ന തടവോ പിഴയോ രണ്ടും കൂടിയോ |

| | | |
|---|---|---|
| കുട്ടിയല്ലാത്ത ആൾ കുട്ടിക്കെതിരെ പോക്സോ ആക്റ്റ് പ്രകാരമുള്ള കുറ്റം കളവായി ആരോപിച്ച് വ്യാജ പരാതിയോ വിവരങ്ങളോ നൽകി യാൽ | 22 (3) | ഒരു വർഷം വരെ ആകാവുന്ന തടവോ പിഴയോ രണ്ടും കൂടിയോ |
| കുറ്റകൃത്യത്തി നിരയായ കുട്ടിയെ തിരിച്ചറിയുന്ന വിവരങ്ങൾ മാധ്യമ ങ്ങളിലൂടെ വെളിപ്പെ ടുത്തിയാൽ | 23 (4) | ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ തടവോ പിഴയോ രണ്ടും കൂടിയോ |

ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 15(3)-ൽ കുട്ടികൾക്ക് പ്രത്യേകം പരിരക്ഷ നൽകുന്ന നിയമങ്ങൾ നിർമ്മിക്കുവാൻ രാഷ്ട്രത്തിന് അധികാരം നൽകിയിട്ടുണ്ട്. സുരക്ഷിതമായ അന്തരീക്ഷത്തിൽ ജീവിക്കുക എന്നത് കുട്ടികളുടെ മൗലികാവകാശമാണ്. കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ശക്തമായ വ്യവസ്ഥകളും ശിശു സൗഹാർദപരമായ നടപടിക്രമങ്ങളുമാണ് പോക്സോ ആക്റ്റിലുള്ളത്.

**പോക്സോ ആക്റ്റിന്റെ നിരീക്ഷണ ഉത്തരവാദിത്തങ്ങൾ**

ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ നിരീക്ഷണ ചുമതല കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിനായി പോക്സോ നിരീക്ഷണ സെൽ കമ്മീഷനിൽ (POCSO Monitoring Cell) പ്രവർത്തിച്ചുവരുന്നു.

1. ലൈംഗീകാതിക്രമത്തിന് വിധേയരാകുന്ന കുട്ടികൾക്ക് നിയമസംരക്ഷണം, വൈദ്യ-നിയമ-സാമ്പത്തിക സഹായങ്ങൾ, കൗൺസിലിംഗ് എന്നിവ ലഭിക്കുന്നുണ്ടോ എന്നും;
2. വിചാരണയ്ക്കുള്ള പ്രത്യേകകോടതികൾ സ്ഥാപിക്കൽ;
3. സർക്കാർ തലത്തിലുള്ള സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ
4. 2012-ലെ പോക്സോ നിയമപ്രകാരവും 2020ലെ ചട്ടങ്ങൾ പ്രകാരവും ജില്ലാതല കർത്തവ്യവാഹകരായ പ്രത്യേക കോടതികൾ, പോലീസ്, ചൈൽഡ് വെൽഫയർ കമ്മിറ്റികൾ (CWC), ജില്ലാ ലീഗൽ സർവീസ് അതോറിറ്റി തുടങ്ങിയവ സ്വീകരിക്കുന്ന നടപടികൾ നിരീക്ഷിക്കുക.
5. പോക്സോ ആക്റ്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും കൃത്യമായി പാലിക്കുന്നുണ്ടോയെന്നും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുക.;
6. ആക്റ്റ് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണവും നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി സംവാദങ്ങൾ സംഘടിപ്പിക്കലും നിയമത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ട ശുപാർശകൾ സർക്കാരിന് സമർപ്പിക്കലും അവ നിരീക്ഷിക്കലും;
7. പോലീസ് സ്റ്റേഷനുകളിൽ പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന പോലീസിൽ നിന്നും (എസ്.സി. ആർ.ബി) ശേഖരിക്കൽ.

പോക്സോ ആക്റ്റ് പ്രകാരം പോലീസോ മറ്റു ബന്ധപ്പെട്ട വകുപ്പുകളോ നടപടികൾ സ്വീകരിക്കാത്തപക്ഷം പരാതികൾ ഓൺലൈനായോ നേരിട്ടോ തപാൽ മുഖേനെയോ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന് സമർപ്പിക്കാവുന്നതാണ്. ഇതിന് അപേക്ഷാഫീസ് ഒടുക്കേണ്ടതില്ല.

ലൈംഗിക കുറ്റകൃത്യത്തിന് വിധേയരായ കുട്ടികൾക്ക് ലഭിക്കേണ്ട സേവനങ്ങളും വിവരങ്ങളും (പോലീസ്: ഫോം - എ), പ്രാഥമിക മൂല്യ നിർണ്ണയ വിവരം (പോലീസ്: ഫോം - ബി) **(അനുബന്ധം 2 പേജ് നം. 121-124)**

# III

## സൗജന്യവും നിർബന്ധിതവുമായ
## വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്,
## 2009 (ആർ.റ്റി.ഇ.ആക്റ്റ്, 2009)

ഭരണ ഘടനയുടെ പ്രാരംഭം മുതൽ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ലഭ്യമാക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. 2002 –ൽ ഭരണഘടനയുടെ അനുച്ഛേദത്തിൽ കൂട്ടിച്ചേർക്കപ്പെട്ട അനുച്ഛേദം 21 A പ്രകാരം 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം മൗലികാവകാശമായിട്ടുണ്ട്. ഈ അവകാശം നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്തം സംസ്ഥാനങ്ങളിൽ നിക്ഷിപ്തമാണ്. ഈ അവകാശപ്രകാരം ഓരോ കുട്ടിയുടെ യും പ്രാഥമിക വിദ്യാഭ്യാസം തൃപ്തികരവും ന്യായവുമായ നിലവാരം കൈവരിക്കുന്ന രീതി ലക്ഷ്യമാക്കേണ്ടതാണ്.

2009 ആഗസ്റ്റ് മാസമാണ് എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശങ്ങൾ വ്യവസ്ഥ ചെയ്യുന്ന ആക്റ്റ് ഇന്ത്യൻ പാർലമെന്റ് പാസാക്കിയത്. 2010–ൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നപ്പോൾ വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും മൗലികവകാശമായ 135 രാജ്യങ്ങളിൽ ഒന്നായി ഇന്ത്യമാറി.

'ഈ ആക്റ്റ് പ്രകാരം ആറ് മുതൽ പതിനാല് വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിത വുമായ വിദ്യാഭ്യാസത്തിന് അവകാശമുണ്ട്'

## ആക്റ്റിലെ പ്രധാന വ്യവസ്ഥകൾ

1. അയൽപക്കത്തെ/സമീപ പ്രദേശത്തെ സ്കൂളുകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് സൗജന്യവും നിർബ ന്ധിതവുമായ വിദ്യാഭ്യാസം നൽകുക;
2. കുട്ടികളുടെ സ്കൂൾ പ്രവേശനം, ഹാജർ, പ്രാഥമിക വിദ്യാ ഭ്യാസം പൂർത്തിയാക്കൽ എന്നിവ ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണെന്ന് ആക്റ്റിൽ പ്രതിപാദി ക്കുന്നു;
3. ഈ ആക്റ്റ് പ്രകാരം 'സൗജന്യം' എന്ന വാക്ക് സൂചിപ്പി ക്കുന്നത് – വിദ്യാഭ്യാസം നേടുന്നതിനും അത് പൂർത്തിയാ ക്കുന്നതിനും പ്രത്യേക ഫീസ് നൽകേണ്ടതില്ല എന്നാണ്;

4. കുട്ടിയെ അവന്റെ / അവളുടെ പ്രായത്തിനനുസരിച്ചുള്ള ക്ലാസിൽ പ്രവേശിപ്പിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു;
5. കുട്ടിയുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ സർക്കാരിന്റെയും പ്രാദേശിക അധികാരികളുടെയും രക്ഷിതാക്കളുടെയും ഉത്തരവാദിത്വത്തെക്കുറിച്ച് ഈ നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്;
6. ടീച്ചർ, അടിസ്ഥാന സൗകര്യം, കെട്ടിടം, സ്കൂളിന്റെയും അധ്യാപകരുടെയും പ്രവൃത്തി ദിവസങ്ങൾ എന്നിവയുടെ മാനദണ്ഡങ്ങൾ വിശദീകരിച്ചിട്ടുണ്ട്;
7. അധ്യാപകരുടെ യോഗ്യതയും അവർക്ക് നൽകേണ്ട പരിശീലനവും എന്നിവയെപറ്റി പരാമർശിക്കുന്നു;
8. മാനസിക-ശാരീരിക ശിക്ഷ പാടില്ലാ എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു;
9. സ്കൂൾ പ്രവേശന സ്കീനിംഗ് നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്;
10. അധ്യാപകരുടെ സ്വകാര്യ ട്യൂഷൻ പാടില്ല എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു;
11. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്;
12. ഭരണഘടനയുടെ മൂല്യങ്ങൾക്ക് അനുസൃതമായി പാഠ്യപദ്ധതി തയ്യാറാക്കേണ്ടതും കുട്ടിയുടെ വികസനത്തിന് ശ്രദ്ധ നൽകേണ്ടതുമാണ്;
13. കുട്ടിയുടെ അറിവ്, സ്വതസിദ്ധ കഴിവുകൾ എന്നിവ വർദ്ധിപ്പിക്കുന്ന രീതിയിൽ ആഘാതം, ഭയം, ഉത്കണ്ഠ എന്നിവ കൂടാതെ ശിശുസൗഹൃദമായ രീതിയിൽ കുട്ടിയെ വളർത്താൻ നിയമം പ്രതിപാദിക്കുന്നു.

**ആക്റ്റിന്റെ പ്രസക്തി**

ഒരു കുട്ടിയുടെ മൗലികാവകാശങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന കേന്ദ്ര സർക്കാരുകൾക്ക് നിയമപരമായ ബാധ്യത നൽകുന്നു. വിദ്യാർഥി-അധ്യാപക അനുപാതത്തിന് ഈ നിയമം പ്രത്യേക മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നു.

1. കുട്ടികൾക്കെതിരെ ഉണ്ടാകുന്ന പീഡനവും, വിവേചന വും ഈ ആക്റ്റിൽ പ്രത്യേകമായി പ്രദിപാദിച്ചിട്ടുണ്ട്;
2. പ്രവേശനത്തിനുള്ള സ്ക്രീനിംഗ് നടപടിക്രമങ്ങളുടെ നിരോധനം, ജാതി, മതം, ലിംഗഭേദം എന്നിവ കുട്ടിക ളോട് പാടില്ല എന്ന് നിയമം ഉറപ്പാക്കുന്നു;
3. എട്ടാം ക്ലാസ് വരെ ഒരു കുട്ടിയെയും തടങ്കലിൽ വെയ്ക്കരു തെന്ന് നിയമം പ്രതിപാദിക്കുന്നു;
4. എല്ലാ പ്രാഥമിക വിദ്യാലയങ്ങളിലും കുട്ടികളുടെ പങ്കാളിത്തവും നടപടികളും പ്രോത്സാഹിപ്പിക്കുന്നതി നായി ഒരു സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരി ക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. ഈ കമ്മിറ്റികൾക്ക് സ്കൂളിന്റെ പ്രവർത്തനം നിരീക്ഷിക്കാനും വികസന പദ്ധതികൾ തയ്യാറാക്കാനും അധികാരമുണ്ട്;
5. നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്തപ്പോൾ നടപടി യെടുക്കാൻ ഒരു പരാതി പരിഹാര സംവിധാനമുണ്ട്;
6. എല്ലാ സ്വകാര്യ സ്കൂളിലും സാമൂഹ്യ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 25% സ്വീറ്റുകൾ സംവരണം ചെയ്യുന്നു എന്ന് നിയമം അനുശാസിക്കുന്നു;
7. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം;
8. വിദ്യാഭ്യാസം നൽകുന്നത് സർക്കാരിന്റെ നിയമപരമായ ബാധ്യതയാണ്;
9. പ്രത്യേക ടോയിലറ്റ് സൗകര്യം, ക്ലാസ്റൂം സാഹചര്യ ങ്ങൾക്ക് മതിയായ നിലവാരം, കുടിവെള്ള സൗകര്യം;
10. പ്രായ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ പ്രവേശനം നിഷേ ധിക്കുന്നില്ല;
11. അധ്യാപക ഒഴിവുകൾ നികത്തൽ;
12. വിദ്യാഭ്യാസേതര ആവശ്യങ്ങൾക്ക് അധ്യാപകരെ നിയോ ഗിക്കുന്നത് തടയുക;
13. എല്ലാ സ്കൂളുകളിലും പാഠ്യപദ്ധതി ഭരണഘടന മൂല്യ ങ്ങൾക്ക് അധിഷ്ഠിതമായിരിക്കണം;

14. വാർഷിക പരീക്ഷയുടെ അടിച്ചമർത്തൽ ഇല്ലാത്ത മൂല്യ നിർണ്ണയം നിർബന്ധമാക്കുക;

15. ബാലവേല, ബാലവിവാഹം, ചൂഷണം, വിവേചനം, ദുരുപയോഗം, അവഗണനന, അക്രമം എന്നിവയിൽ നിന്ന് സംരക്ഷിക്കുക.

## കർത്തവ്യവാഹകരുടെ ചുമതലകൾ

### സ്കൂളുകളുടെ ഉത്തരവാദിത്തങ്ങൾ

1. എല്ലാ സർക്കാർ സ്കൂളുകളും സൗജന്യവും നിർബന്ധി തവുമായ വിദ്യാഭ്യാസം നൽകുക;
2. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശ പ്രകാരം വിദ്യാർത്ഥി - അദ്ധ്യാപക അനുപാതവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും അധ്യാപകന് കുട്ടികളുടെഎണ്ണം, ക്ലാസ്മുറിയിൽ, പെൺ–ആൺ ട്രാൻസ്ജെൻഡർ കുട്ടികൾ ക്കും പ്രത്യേക ടോയിലെറ്റുകൾ, കുടിവെള്ള സൗകര്യം, സ്കൂൾ ജോലി ചെയ്യുന്ന ദിവസങ്ങളുടെ എണ്ണം, അധ്യാകപരുടെ ജോലിസമയം മുതലായ കാര്യങ്ങൾ വിദ്യാഭ്യാസ അവകാശ ആക്റ്റും ചട്ടവും നിലനിർത്തി പാലിക്കുന്നുണ്ടോ എന്ന് വിലയിരുത്തണം;
3. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടിക്ക് സർട്ടി ഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്;
4. ഓരോ മൂന്ന് വർഷവും സ്കൂൾ അടിസ്ഥാന സൗകര്യ ങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്, അല്ലാത്തപക്ഷം അംഗീ കാരം റദ്ദാക്കപ്പെടും;
5. ആറുവയസ്സിനു ശേഷമാണ് കുട്ടി സ്കൂളിൽ പ്രവേശനം നേടുന്നതെങ്കിൽ മറ്റ് കുട്ടികളുടെ ഒപ്പം എത്തുന്നതിന് വേണ്ട പ്രത്യേക പരിശീലനം നൽകേണ്ടതാണ്;
6. വയസ്സിന് അനുപാതികമായിട്ടാണ് സ്കൂൾ പ്രവേശനം നൽകുന്നതെങ്കിൽ ആ കുട്ടികൾക്കും പ്രത്യേക പരിശീ ലനം ലഭ്യമാക്കേണ്ടതാണ്;
7. വിടുതൽ സർട്ടിഫിക്കന്റെ അഭാവത്തിൽ കുട്ടിയുടെ സ്കൂൾ പ്രവേശനം നിഷേധിക്കരുത്;

8. സമീപ പ്രദേശത്തെ ദുർബ്ബലവും പ്രതികൂല അവസ്ഥ യിൽപ്പെട്ട കുട്ടികളെ 1–ാം ക്ലാസിലെ പ്രവേശനത്തിനായി അനുമതി നൽകേണ്ടതാണ്;

9. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിലോ വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന സമയത്തോ കുട്ടിയുടെ സ്കൂൾ പ്രവേശനം ഉറപ്പുവരുത്തേണ്ടതും, ഈ കാലയളവിനു ശേഷം പ്രവേശനം തേടുന്നവർക്ക് സൗകര്യം ലഭ്യമാക്കേണ്ടതുമാണ്;

10. പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ കുട്ടിയുടെ ക്ലാസ് കയറ്റം, തടയുകയോ, കുട്ടിയെ പുറത്താക്കുകയോ ചെയ്യാൻ പാടില്ല;

11. എല്ലാ സ്കൂളിലും കുട്ടികളുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി പരാതിപ്പെട്ടി സ്ഥാപിക്കണം;

12. അംഗീകാരം ലഭിക്കാത്ത സ്കൂൾ പ്രവർത്തിക്കാൻ പാടില്ല. അംഗീകാരം പിൻവലിച്ചതിനുശേഷവും പ്രവർത്തിക്കുകയാണെങ്കിൽ പിഴത്തുക ഈടാക്കുന്നതാണ്. ഇത് സ്കൂൾ അധികാരികൾ നൽകേണ്ടതാണ്;

13. വിദ്യാഭ്യാസ അവകാശ ആക്റ്റ്, 2009 പ്രകാരം നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത സ്കൂൾക്ക് അംഗീകാരം നൽകാൻ പാടില്ല;

14. മതം, ഭാഷ (ന്യൂനപക്ഷങ്ങൾ) അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്കൂളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ഉപദേശക ചമുതല മാത്രം നിർവഹിക്കുക;

15. സ്കൂൾ–പി.ടി.എ, എം.പി.ടി.എ മീറ്റിംഗുകളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്;

16. പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്ന കുട്ടിക്ക് നിർണ്ണയിച്ചിരിക്കുന്ന മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്;

17. കുട്ടിയുടെ വിദ്യാഭ്യാസ അവകാശ ലംഘനം സംബന്ധിച്ചിട്ടുള്ള പരാതിയിൽ ഏതൊരാൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാതി നൽകാവുന്നതാണ്.

പരാതി പ്രകാരം3 മാസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## അധ്യാപകരുടെ ഉത്തരവാദിത്തങ്ങൾ

1. വിടുതൽ സർട്ടിഫിക്കറ്റ് മറ്റു സ്കൂളുകളിൽ പ്രവേശനത്തിനായി ആവശ്യപ്പെട്ടാൽ ഉടൻ നൽകേണ്ട താണ്. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്ന അധ്യാപകന്/പ്രഥമ അധ്യാപകന് എതിരെ സർവീസ് ചട്ടമനുസരിച്ച് നടപടി എടുക്കുന്നതാണ്;
2. കുട്ടിയെ ശാരീരികമോ - മാനസികമായോ ശിക്ഷിക്കുകയോ പീഡിപ്പിക്കുകയോ ചെയ്താൽ സർവീസ് ചട്ടപ്രകാരമുള്ള ശിക്ഷയ്ക്ക് വിധേയരാകുന്നതാണ്;
3. എല്ലാ അധ്യാപകരും സ്കൂളിൽ ഹാജരാകുന്നതിൽ സമയനിഷ്ഠയും, കൃത്യനിഷ്ഠയും പാലിക്കേണ്ടതാണ്;
4. അധ്യാപകൻ കുട്ടികളുടെ പാഠ്യപദ്ധതി നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്;
5. കുട്ടിയുടെ പഠന നിലവാരം വിലയിരുത്തി ആവശ്യമെങ്കിൽ അധിക പഠന സമയം സജ്ജീകരിക്കേണ്ടതാണ്;
6. മാതാപിതാക്കളുമായും, രക്ഷാകർത്താവുമായും കൂടികാഴ്ച നടത്തുകയും കുട്ടികൾ ക്ലാസിൽ ഹാജരാകേണ്ടതിന്റെ ആവശ്യകത പഠനിലവാരം, പഠനപുരോഗതി, കുട്ടിയെ സംബന്ധിച്ച മറ്റു വിവരങ്ങൾ ബോധ്യപ്പെടുത്തേണ്ടതാണ്;
7. അധ്യാപകർക്കുണ്ടാകുന്ന പരാതികൾ സ്കൂൾ തലത്തിൽ പരിശോധിക്കുകയും പരിഹരിക്കേണ്ടതുമാണ്;
8. മുകളിൽ പരാമർശിച്ചിരിക്കുന്ന ചുമതലകളിൽ വീഴ്ച വരുത്തിയാൽ സർവീസ് ചട്ടപ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയനാകുന്നതാണ്;
9. കനേഷുമാരി, ദുരന്തനിവാരണ ചുമതലകൾ, പാർലമെന്റ് നിയമസഭ - തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് ചുമതല ഒഴികെയുള്ള വിദ്യാഭ്യാസ കാര്യങ്ങൾക്ക് അധ്യാപകരെ നിയോഗിക്കാൻ പാടില്ല;

10. സ്വകാര്യ ട്യൂഷനോ, സ്വകാര്യ അധ്യാപനമോ അധ്യാപകർ നടത്താൻ പാടില്ല;

11. പ്രധാനദ്ധ്യാപകൻ അധ്യാപനരംഗത്ത് 12 വർഷം പ്രവൃത്തി പരിചയമുള്ളവരും ഡിപ്പാർട്ട്മെന്റ് പരീക്ഷയും കേരളവിദ്യാഭ്യാസ ആക്റ്റിനെ സംബന്ധിച്ച പരീക്ഷ വിജയിച്ചവരായിരിക്കണം;

12. വകുപ്പ് സംഘടിപ്പിക്കുന്ന പരിശീലനത്തിൽ സ്കൂൾ മാനേജ്മെന്റും, ഭരണ നിർവഹണം തുടങ്ങിയ വിഷയങ്ങളിൽ പ്രധാനദ്ധ്യാപകരും പങ്കെടുക്കണം;

13. വിദ്യാഭ്യാസ കലണ്ടറിനെ ആധാരമായി സ്കൂൾ അക്കാദമിക് കലണ്ടർ തയ്യാറാക്കണം;

14. ഒരു സ്കൂളിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമായ ക്ലാസ്മുറികൾ, സാധനസാമഗ്രികൾ, വൃത്തിയുള്ള ശുചിമുറികൾ, കുടിവെള്ളം, കളിസ്ഥലം എന്നിവ കാലാവസ്ഥാവ്യതിയാനങ്ങൾക്ക് യോജിച്ച രീതിയിൽ സ്കൂൾ കെട്ടിടം സുരക്ഷിതമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങൾ**

1. എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക;

2. ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക. ആയതിന് വേണ്ട ക്രിയാത്മകമായ നടപടി സ്വീകരിക്കേണ്ടതാണ്;

3. തദ്ദേശസ്വയംഭരണ സ്ഥാപനം തങ്ങളുടെ അധികാര പരിധിക്കുള്ളിൽ താമസിക്കുന്ന കുട്ടികളുടെ രേഖകൾ, സ്കൂൾ പ്രവേശനം, ഹാജരും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും ഉറപ്പ് വരുത്തേണ്ടതും നിരീക്ഷിക്കേണ്ടതുമാണ്

4. എല്ലാ കുട്ടികൾക്കും - ദുർബല-പിന്നോക്ക-കൂടിയേറ്റ കുടുംബങ്ങളിലെ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസ പ്രവേശനം, ഹാജർ എന്നിവ ഉറപ്പ് വരുത്തുക

5. കുട്ടികൾക്ക് സ്കൂളിൽ ജാതി-മത-വർഗ്ഗ-ലിംഗ വേർതിരിവോ മറ്റ് അസൗകര്യങ്ങളോ ഇല്ലാ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

6. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ/സമീപ പ്രദേശത്ത് സ്കൂൾ പ്രവർത്തിക്കുന്നില്ല എങ്കിൽ പുതിയ സ്കൂൾ തുടങ്ങുന്നതിനുവേണ്ട ഇടപെടൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പാക്കുക;

7. സ്കൂൾ സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ വാർഡ്/ഡിവിഷൻ അംഗം സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയിലെ അംഗമായിരിക്കും;

8. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ രൂപീകരണവും പ്രവർത്തനവും വിലയിരുത്തുക;

9. 3 വയസ്സ് വരെയുള്ള കുട്ടികളുടെ വിശദവിവരങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ ശേഖരിക്കേണ്ടതാണ് (മാതാപിതാക്കളുടെ പേര്, ജനനതീയതി, ലിംഗം, അംഗൻവാടി, പ്രീ-സ്കൂൾ പ്രവേശനം...)

10. 3–6 വയസ്സ് വരെയുള്ള കുട്ടികളുടെ വിശദവിവരങ്ങൾ ശേഖരിക്കേണ്ടതാണ്; (സ്കൂളിൽ ചേർന്നവരുടെയും ചേർന്നിട്ടില്ലാത്തവരുടെയും)

11. സ്കൂൾ കെട്ടിടം, അധ്യാപകർ, പഠനോപകരണങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അദ്ധ്യായനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഉറപ്പ് വരുത്തണം;

12. സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് ഉറപ്പ് വരുത്തണം;

13. അറ്റകുറ്റ പണികൾ യഥാസമയം നടത്തുന്നുണ്ടെന്നും പഠനാവശ്യങ്ങൾക്ക് മാത്രമാണ് സ്ഥാപനം ഉപയോഗിക്കുന്നതെന്ന് ഉറപ്പ് വരുത്തുക;

14. യൂണിഫോം, പാഠപുസ്തകങ്ങൾ, പഠനസാമഗ്രികൾ, ലൈബ്രറി, തുടങ്ങിയ കാര്യങ്ങൾ വർഷാരംഭത്തിൽ തന്നെ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതാണ്;

15. കുടിവെള്ള സൗകര്യം, പ്രത്യേക ശുചിമുറികൾ ഇവയുടെ ശുചിത്വം അതിന്റെ പരിപാലനത്തിലും നിരീക്ഷണം ചെയ്യേണ്ടതാണ്;

16. അടിസ്ഥാന സൗകര്യം, നിർമ്മാണ പ്രവർത്തികൾ ലഭ്യമാകുന്ന തുക SMC നിരീക്ഷിക്കേണ്ടതും ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതുമാണ്;

17. അധ്യാപകരുടെ ലഭ്യത/അപാകതകൾ ഉണ്ടെങ്കിൽ ഉന്നത അധികാരികളെ അറിയിക്കേണ്ടതാണ്;

18. വിദ്യാർത്ഥി-അധ്യാപക അനുപാതം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ആവശ്യമെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്;

19. സ്കൂളിൽ നിന്ന് വിട്ടുനിൽക്കുന്ന കുട്ടികളെ തുടർച്ചയായി അവരെ സ്കൂളിൽ എത്തിക്കുന്നതിനായി മാതാപിതാക്കളെയും രക്ഷിതാക്കളെയും ബോധവത്കരിക്കേണ്ടതാണ്;

20. കുട്ടികളുടെ അവകാശം, സംസ്ഥാന സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനം/വിദ്യാലയം, രക്ഷിതാക്കൾ ഇവരുടെ ചുമതലകളെ കുറിച്ച് ബോധവത്കരണ നടപടി സ്വീകരിക്കേണ്ടതാണ്;

21. ഗുരുതരമായ വൈകല്യമുള്ള കുട്ടികൾക്ക് സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനവും ഗൃഹകേന്ദ്രീകൃതമായ വിദ്യാഭ്യാസ രീതികൾ പോലുള്ള അധിക സഹായം ലഭ്യമാക്കേണ്ടതാണ്;

22. വൈകല്യമുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനു അവർക്ക് പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കാൻ സുരക്ഷിതമായ ഗതാഗത ക്രമീകരണങ്ങൾ സർക്കാർ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം സജ്ജീകരിക്കേണ്ടതാണ്;

23. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള അംഗീകാരം ലഭിച്ചിട്ടുള്ള സ്കൂളുകളുടെ പട്ടിക തയ്യാറാക്കി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. അംഗീകാരം ലഭിക്കാത്ത സ്കൂൾ പ്രവർത്തിക്കാൻ പാടില്ല;

24. സ്കൂളിന്റെ സമഗ്ര വികസനം മുൻനിർത്തി വികസന പദ്ധതി തയ്യാറാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കും ഗ്രാന്റുകൾക്കുമായി സമർപ്പിക്കേണ്ടതുമാണ്.

## രക്ഷിതാക്കളുടെ ഉത്തരവാദിത്തങ്ങൾ

1. പ്രാഥമിക വിദ്യാഭ്യാസത്തിനായി അംഗീകാരമുള്ള അടുത്തുള്ള സ്കൂളിൽ തങ്ങളുടെ കുട്ടികളെ ചേർക്കേണ്ടതും കുട്ടികളെ മുടങ്ങാതെ സ്കൂളിൽ അയ്ക്കേണ്ടതും മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ്;
2. രക്ഷിതാക്കൾ സ്കൂളിന്റെ അംഗീകാരം ഉറപ്പാക്കിയതിനു ശേഷം വേണം കുട്ടികളെ സമീപ സ്കൂളിൽ പ്രവേശിപ്പിക്കേണ്ടതാണ്;
3. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ എല്ലാ സർക്കാർ സ്കൂളുകളിലും രൂപീകരിക്കേണ്ടതാണ്. കുട്ടികളുടെ മാതാപിതാക്കളും, അധ്യാപകരും, തദ്ദേശാധികാര സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയും ഉൾപ്പെടെയുള്ളവർ ചേർന്ന് വേണം ഈ കമ്മിറ്റി രൂപീകരിക്കാൻ.

## സർക്കാരിന്റെ ഉത്തരവാദിത്തങ്ങൾ

1. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 പ്രകാരം ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ 3 വർഷത്തിനുള്ളിൽ സ്കൂൾ ആരംഭിക്കേണ്ടതാണ്;
2. കേന്ദ്രസർക്കാർ - ദേശീയ പാഠ്യപദ്ധതിയുടെ ചട്ടക്കൂട് വികസിപ്പിക്കേണ്ടതും, അധ്യാപകരുടെ പരിശീലന നിലവാരം മെച്ചപ്പെടുത്തേണ്ടതും, നൂതന രീതികളിൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ സഹായം നൽകേണ്ടതാണ്;
3. ദുർബല വിഭാഗത്തിലുള്ളതോ, പ്രതികൂലാവസ്ഥയിൽ കഴിയുന്നതോ ആയ കുട്ടികൾക്ക് എതിരെ വിവേചനം കാണിക്കാതെ പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനും

അത് പൂർത്തീകരിക്കുന്നതിനും അവരെ തടസ്സപ്പെടുത്തുന്നില്ല എന്ന് സർക്കാർ ഉറപ്പ് വരുത്തേണ്ടതാണ്;

4. അപകട സാധ്യതയുള്ള പ്രദേശം, മണ്ണിടിച്ചിൽ, വെള്ളപൊക്കം സാധ്യതയുള്ള സ്ഥലങ്ങൾ, റോഡിന്റെ അഭാവമുള്ളയിടം, കുട്ടികൾക്ക് അപകടസാധ്യതയോ ഭീഷണിയോ ഉള്ളയിടമാണെങ്കിൽ അപകടസാധ്യതയും, ദൂരപരിധിയും മനസ്സിലാക്കി അനുയോജ്യമായ സ്ഥലത്ത് സ്കൂൾ സ്ഥാപിക്കാവുന്നതാണ്;

5. ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനും, പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും, സുരക്ഷിതമായ ഗതാഗത ക്രമീകരണങ്ങൾ സർക്കാർ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം ഒരുക്കേണ്ടതാണ്;

6. ഗുരുരതരമായ വൈകല്യമുള്ള കുട്ടിക്ക് ഗൃഹകേന്ദ്രീകൃത അദ്ധ്യായനരീതി സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനം ഒരുക്കേണ്ടതാണ്;

7. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം നിരീക്ഷിക്കുകയും 5% പഠന ഫലങ്ങൾ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് പോലുള്ള ഏജൻസി മുഖാന്തിരം നിരീക്ഷിക്കുകയും സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസ നിലവാരത്തെ സംബന്ധിച്ച് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി വിലയിരുത്തൽ നടത്തണം;

8. മൂന്ന് വയസ്സിനു മുകളിലുള്ള കുട്ടികളെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനു സജ്ജരാക്കുന്നതുവരെ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സൗജന്യമായി പ്രീ-പ്രൈമറി വിദ്യാഭ്യാസം ക്രമീകരിക്കേണ്ടതും ആറ് വയസ്സ് പൂർത്തിയാക്കുന്നവർക്ക് പ്രാഥമിക സംരക്ഷണവും വിദ്യാഭ്യാസവും ഉറപ്പ് വരുത്തേണ്ടതാണ്;

9. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പ്രീപ്രൈമറിക്ലാസുകൾ, വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ, സ്വകാര്യ ഏജൻസി

നടത്തുന്ന നഴ്സറി/കിൻഡർഗാർഡൻ എന്നീവയിൽ പ്രീപ്രൈമറി വിദ്യാഭ്യാസം ഏകീകരിച്ചു ചിട്ടപ്പെടുത്താൻ സർക്കാർ കേരള പ്രീ-പ്രൈമറി സ്കൂൾ പാഠ്യപദ്ധതി അംഗീകരിച്ചിട്ടുണ്ട്;

10. സ്കൂൾ പ്രവേശനത്തിന് തലവരിപ്പണം വാങ്ങുകയോ രക്ഷിതാവിനെയോ, കുട്ടിയെയോ സ്ക്രീനിംഗ് നടപടിക്ക് വിധേയരാക്കുകയോ ചെയ്യരുത്. തലവരിപ്പണം സ്വീകരിച്ചാൽ നിയമലംഘനത്തിന് പിഴ ചുമത്തുന്നതാണ്;

11. ജനന സർട്ടിഫിക്കറ്റിന്റേയോ, മറ്റു രേഖകളുടെയോ അടിസ്ഥാനത്തിൽ സ്കൂൾ പ്രവേശനം അനുവദിക്കാവുന്നതാണ്. ജനനസർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ പ്രവേശനം നിഷേധിക്കാൻ പാടില്ല;

12. സർക്കാർ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ വികസനത്തിന് അറിവും പ്രായോഗിക പരിജ്ഞാനവുമുള്ള ആളുകളിൽ നിന്ന് 15 അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സംസ്ഥാന ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്;

13. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള പാഠ്യപദ്ധതി വിലയിരുത്തൽ നടത്തേണ്ടതും തുടർനടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതും സർക്കാരിന്റെ അധികാരത്തിൽ നിക്ഷിപ്തമാണ്.

## ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പങ്ക്

1. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 17 -ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ആർ.റ്റി.ഇ ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പ് നിരീക്ഷിക്കുകയും, അതത് സമയങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ശുപാർശകൾ സർക്കാരിന് നൽകുകയും ചെയ്യുന്നു. കൂടാതെ കുട്ടിയുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട

പരാതികളിൻമേൽ അന്വേഷണം നടത്തി തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിൽ പരാതിയുള്ള ഏതൊരാൾക്കും സംസ്ഥാന ബാലാവകാശ കമ്മീഷനിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

3. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 പ്രകാരം നിരീക്ഷണ അധികാരം നിർവഹിക്കുമ്പോൾ, 2005 –ലെ ബാലവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും കമ്മീഷൻ വിനിയോഗിക്കുന്നതാണ്.

## (അനുബന്ധം – 1)
## ബാല–കൗമാരവേല (നിരോധനവും നിയന്ത്രണവും) ആക്റ്റ് (ഭേദഗതി), 2016

## അപകടകരമായ തൊഴിലുകളുടെയും പ്രക്രിയയുടെയും പട്ടിക

### അപകടകരമായ തൊഴിലുകൾ

1. റെയിൽവേ വഴിയുള്ള യാത്രക്കാരുടെയോ ചരക്കുകളുടെയോ മെയിലുകളുടെയോ ഗതാഗതം;
2. തീക്കനൽ/കരിക്കട്ട എടുക്കൽ, ചാരക്കുഴി വൃത്തിയാക്കൽ അല്ലെങ്കിൽ റെയിൽവേ പരിസരത്തുള്ള കെട്ടിടത്തിലെ ജോലി;
3. റെയിൽവേയിൽ കാറ്ററിംഗ് ജോലികൾ;
4. റെയിൽവേ സ്റ്റേഷനുകൾ, റെയിൽവേ ലൈനുകൾ തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങളിൽ;
5. തുറമുഖവുമായി ബന്ധപ്പെട്ട ജോലികളിൽ കുട്ടികളെ ഉൾപ്പെടുത്താൻ പാടില്ല;
6. പടക്ക നിർമ്മാണവും, വിൽക്കുന്നതുമായി ബന്ധപ്പെട്ട ജോലികളിൽ;
7. അറവുശാലകൾ;
8. ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകളും ഗാരേജുകളും;
9. ലോഹമുരുക്കുന്ന ഇടങ്ങളിൽ;
10. വിഷകരമായതോ, കത്തുന്നതോ, സ്ഫോടക വസ്തുക്കളോ കൈകാര്യം ചെയ്യുന്ന ജോലികൾ;
11. കൈത്തറി, പവർലൂം വ്യവസായ മേഖലകൾ;
12. ഖനികളിലോ ക്വാറികളിലോ;
13. പ്ലാസ്റ്റിക് യൂണിറ്റുകളിലും ഫൈബർഗ്ലാസ് വർക്ക്ഷോപ്പുകളിലും;
14. കുട്ടികളെ വീട്ടുജോലിയ്ക്കോ സർവന്റായോ ഉപയോഗിക്കരുത്;

15. വഴിയോര ഭക്ഷണശാലകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, സ്പാകൾ അല്ലെങ്കിൽ മറ്റ് വിനോദ കേന്ദ്രങ്ങളിൽ ജോലിയിൽ ഏർപ്പെടുത്തുന്നത്;
16. ഡ്രൈവിംഗ്;
17. ആനയുടെ പരിപാലനം;
18. സർക്കസിൽ ജോലി ചെയ്യുന്നത്;

**പ്രക്രിയകൾ**

1. ബീഡി നിർമ്മാണം;
2. പരവതാനി-നെയ്ത്തും തുടർ നടപടികളും;
3. സിമന്റ് നിർമ്മാണവും പാക്കിംഗ്;
4. തുണി നെയ്ത്ത്/പ്രിന്റിംഗ്, ചായം ചേർക്കൽ എന്നിവ ഉൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ;
5. തീപ്പെട്ടികൾ, സ്ഫോടകവസ്തുക്കൾ, പടക്കങ്ങൾ എന്നിവയുടെ നിർമ്മാണം;
6. ലോഹം മുറിക്കുക;
7. ഷെല്ലക്ക് നിർമ്മാണം;
8. സോപ്പ് നിർമ്മാണം;
9. ടാനിംഗ്;
10. കമ്പിളി വൃത്തിയാക്കൽ;
11. കെട്ടിട നിർമ്മാണ വ്യവസായം - ഗ്രാനൈറ്റ് കല്ലുകളുടെ സംസ്കരണവും, മിനുക്കലും;
12. സ്ലേറ്റ് പെൻസിലുകളുടെ നിർമ്മാണം (പാക്കിംഗ് ഉൾപ്പെടെ);
13. വൈഡൂര്യ നിർമ്മാണം;
14. വിഷ ലോഹങ്ങൾ, ലെഡ്, മെർക്കുറി, മാംഗനീസ്, ക്രോമിയം, കാഡ്മിയം, ബെൻസീൻ, കീടനാശിനികൾ, ആസ്ബറ്റോസ് തുടങ്ങിയ പദാർത്ഥങ്ങളും ഉപയോഗിച്ചുള്ള നിർമ്മാണ പ്രക്രിയകൾ;
15. 'അപകടകരമായ പ്രക്രിയകൾ' 2 (സിബി) പ്രകാരവും, 1948 -ലെ ഫാക്ടറീസ് ആക്ട് സെക്ഷൻ 87 (1948-ലെ

63) പ്രകാരം 'അപകടകരമായ പ്രവർത്തനം' നിർവചിച്ചി രിക്കുന്നു;

16. 1948(1948-ലെ 63) ഫാക്ടറി നിയമത്തിലെ സെക്ഷൻ 2(k) (iv)-പ്രകാരം പ്രിന്റിംഗ് നിർവചിച്ചിരിക്കുന്നു;
17. കശുവണ്ടി നീക്കം ചെയ്യലും സംസ്കരണവും;
18. ഇലക്ട്രോണിക് വ്യവസായങ്ങളിലെ സോൾഡറിംഗ് പ്രക്രിയകൾ;
19. അഗർബത്തി നിർമ്മാണം;
20. ഓട്ടോമൊബൈൽ വെൽഡിംഗ്, ലേയ്ത്ത് ജോലികൾ, ഡെന്റ് ബീറ്റിംഗ്, പെയിന്റിംഗ് എന്നിങ്ങനെ ആക്സമിക മായ അറ്റുകറ്റപ്പണികൾ;
21. ഇഷ്ടിക ചൂള, മേൽക്കൂര-ടൈൽ നിർമ്മാണം;
22. കോട്ടൺ വസ്ത്രങ്ങളുടെ ഉത്പാദനം;
23. ഡിറ്റർജന്റ് നിർമ്മാണം;
24. ഫാബ്രിക്കേഷൻ വർക്ക്ഷോപ്പുകൾ; (ഇരുമ്പടങ്ങിയ/ഇരു മ്പടങ്ങാത്ത)
25. രത്ന നിർമ്മാണ ജോലികൾ;
26. ക്രോമൈറ്റ്, മാംഗനീസ് അയിരുകൾ കൈകാര്യം ചെയ്യൽ;
27. ജൂട്ട് തുണി നിർമ്മാണവും കയർ നിർമ്മാണവും;
28. കുമ്മായ ചൂളകളിലെ നിർമ്മാണം;
29. ലോക്ക് നിർമ്മാണം;
30. പ്രാഥമികവും ദ്വിതീയവുമായ ഉരുകൽ, ലെഡ്-പെയിന്റ് ചെയ്ത ലോഹനിർമ്മാണങ്ങളുടെ വെൽഡിംഗ്, മുറിക്കൽ, ഗാൽവാനൈസ്ഡ് അല്ലെങ്കിൽ സിങ്ക് സിലി ക്കേറ്റ്, പോളി വിനൈൽ ക്ലോറൈഡ്, ക്രിസ്റ്റൽ ഗ്ലാസ് മിശ്രിതം (കൈകൊണ്ട്) കലർത്തൽ, ലെഡ് പെയിന്റ് മണൽ അല്ലെങ്കിൽ സ്ക്രാപ്പിംഗ് തുടങ്ങിയ ലെഡ് എക്സ്പോഷർ ഉള്ള നിർമ്മാണ പ്രക്രിയകൾ, ഇനാ മലിംഗ് വർക്ക്ഷോപ്പുകളിൽ ലെഡ് കത്തിക്കുന്നത്, ലെഡ് മൈനിംഗ്, പ്ലംബിംഗ്, കേബിൾ നിർമ്മാണം, വയറിംഗ്

പേറ്റന്റിംഗ്, ലെഡ് കാസ്റ്റിംഗ്, പ്രിന്റിംഗ് ഷോപ്പുകളിൽ തരം കണ്ടെത്തിൽ, സ്റ്റോർ തരം ക്രമീകരണം കാറുകളുടെ അസംബ്ലിംഗ്, ഷോട്ട് നിർമ്മാണം, ലെഡ് ഗ്ലാസ് ഊതൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ;

31. സിമന്റ് ഉൽപ്പന്നങ്ങൾ മറ്റ് അനുബന്ധ ജോലികൾ;

32. ഗ്ലാസ്, കുപ്പിവളകൾ, ഫ്ലോറസെന്റ് ട്യൂബുകൾ, ബൾബുകൾ, മറ്റ് ഗ്ലാസ് ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണം;

33. ചായങ്ങളുടെ നിർമ്മാണം;

34. കീടനാശിനികളുടെ നിർമ്മാണം അല്ലെങ്കിൽ കൈകാര്യം ചെയ്യൽ;

35. മെറ്റൽ ക്ലീനിംഗ്, ഫോട്ടോ കൊത്തുപണി, സോൾഡറിംഗ് തുടങ്ങിയ ഇലക്ട്രോണിക് വ്യവസായ സ്ഥാപനങ്ങളിലെ വിനാശകരമായതും വിഷലിപ്തവുമായ വസ്തുക്കളുടെ നിർമ്മാണം അല്ലെങ്കിൽ സംസ്കരണം, കൈകാര്യം ചെയ്യൽ;

36. കൽക്കരി തീ കത്തിക്കുവാൻ ഉപയോഗിക്കുന്ന വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണങ്ങളിൽ ഏർപ്പെടുന്നത്;

37. സിന്തറ്റിക് വസ്തുക്കൾ, രാസവസ്തുക്കൾ, തുകൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള കായിക വസ്തുക്കളുടെ നിർമ്മാണം;

38. ഫൈബർഗ്ലാസ് പ്ലാസ്റ്റിക്ക് എന്നിവയുടെ നിർമ്മാണവും സംസ്കരണവും;

39. എണ്ണ ശുദ്ധീകരണശാലയിലെ പ്രവർത്തനങ്ങൾ;

40. പേപ്പർ നിർമ്മാണം;

41. മൺപാത്രങ്ങളുടെയും സെറാമിക്കുകളുടെയും വ്യവസായം;

42. പിച്ചള വസ്തുക്കളുടെ മിനുക്കൽ, മോൾഡിംഗ്, കട്ടിംഗ്, വെൽഡിംഗ് നിർമ്മാണം;

43. ട്രാക്ടറുകൾ, മെതിക്കൽ, വിളവെടുപ്പ് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രക്രിയകൾ;

44. സോ മിൽ - എല്ലാ പ്രക്രിയകളും;

45. പട്ടുനൂൽ കൃഷിയുമായി ബന്ധപ്പെട്ടത്;
46. തുകൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പ്രക്രിയകൾ;
47. കല്ല് പൊട്ടിക്കലുമായി ബന്ധപ്പെട്ട ജോലികൾ;
48. പുകയിലയുടെ നിർമ്മാണം, പുകയില പേസ്റ്റ്, പുകയില കൈകാര്യം ചെയ്യൽ തുടങ്ങിയ പ്രക്രിയകളിൽ ഏർപ്പെടുന്നത്;
49. ടയർ നിർമ്മാണം, നന്നാക്കൽ, റീ-ട്രെഡിംഗ്, ഗ്രാഫൈറ്റ്, പാത്രങ്ങളുടെ നിർമ്മാണം, മിനുക്കുപണികൾ, മെറ്റൽ ബഫിംഗ് തുടങ്ങിയ ജോലികൾ;
50. 'സാരി' നിർമ്മണം (എല്ലാ പ്രക്രിയകളും);
51. വൈദ്യുതി ഉപയോഗിച്ചുള്ള സ്വർണ്ണമോ വെള്ളിയോ പൂശൽ;
52. ഗ്രാഫൈറ്റ് പൊടിക്കലും തുടർ നടപടികളിൽ ഏർപ്പെടു ന്നതും;
53. ലോഹങ്ങൾ പൊടിക്കലും മിനുക്കലും;
54. വജ്രം മുറിക്കലും മിനുക്കലും;
55. ഖനികളിൽ നിന്ന് സ്ലേറ്റ് വേർതിരിച്ചെടുക്കൽ;
56. ജീർണ്ണ വസ്തുക്കൽ എടുക്കലും വൃത്തിയാക്കലും;
57. അമിതമായ ചൂടും (ഉദാഹരണത്തിന്, ചൂളയ്ക്ക് സമീപം പ്രവർത്തിക്കുന്നത്) തണുപ്പും ഉൾപ്പെടുന്ന പ്രക്രിയകൾ;
58. യന്ത്രവത്കൃത മത്സ്യബന്ധനം;
59. ഭക്ഷ്യ സംസ്കരണം;
60. മദ്യ വ്യവസായം;
61. തടി കൈകാര്യം ചെയ്യലും ലോഡിംഗും;
62. യന്ത്രങ്ങൾക്കൊണ്ടുള്ള പ്രവർത്തനങ്ങൾ;
63. ഗോഡൗണുകളിലെ ജോലികൾ;
64. സ്ലേറ്റ്, പെൻസിൽ വ്യവാസായം, സ്ലേറ്റ് കല്ല് ഖനനം,
65. കല്ല് ക്വാറികൾ, കല്ല് പൊടിക്കൽ, അഗേറ്റ് വ്യവസായം തുടങ്ങിയ സ്വതന്ത്ര സിലിക്കയുമയി സമ്പർക്കം പുലർത്തുന്ന പ്രക്രിയകൾ.

## അനുബന്ധം -2

## ഫോം - എ

## ലൈംഗിക കുറ്റകൃത്യത്തിന് വിധേയരായ കുട്ടികൾക്കു ലഭിക്കേണ്ട സേവനങ്ങളും വിവരങ്ങളും

1. എഫ്.ഐ.ആർ. ന്റെ കോപ്പി
2. പോലീസിൽ നിന്നും മതിയായ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുക.
3. അടിയന്തര വൈദ്യസഹായം സൗജന്യമായി സിവിൽ/ പ്രാഥമിക ആരോഗ്യ കേന്ദ്രം ആശുപത്രികളിൽ നിന്നും ലഭ്യമാക്കുക.
4. മാനസികാരോഗ്യം വീണ്ടെടുക്കുവാൻ ഉതകുന്ന തരത്തിലുള്ള കൗൺസിലിംഗും പരിചരണവും നൽകുക.
5. കുട്ടിയുടെ വീട്ടിലോ കുട്ടിക്ക് താല്പര്യമുള്ള മറ്റേതെങ്കിലും സ്ഥലത്തുവച്ചോ വനിതാ പോലീസ് ഉദ്യോഗസ്ഥ കുട്ടിയുടെ മൊഴി രേഖപ്പെടുത്തേണ്ടതാണ്.
6. ലൈംഗിക കുറ്റകൃത്യത്തിന് വിധേയമായ കുട്ടിക്ക് കുറ്റകൃത്യം നടന്നത് വീട്ടിലോ അല്ലെങ്കിൽ കൂട്ടുകുടുംബത്തിലോ ആണെങ്കിൽ ആ കുട്ടിയെ ഏതെങ്കിലും ശിശു സംരക്ഷണ സ്ഥാപനത്തിൽ പാർപ്പിക്കേണ്ടതാണ്.
7. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അടിയന്തിര സഹായം കുട്ടിക്ക് ലഭ്യമാക്കുക.
8. കേസന്വേഷണത്തിലും വിചാരണ വേളയിലും പ്രതിയിൽ നിന്നും കുട്ടിയെ മാറ്റി പാർപ്പിക്കേണ്ടതാണ്.
9. വിവർത്തകന്റേയും വ്യാഖ്യാതാവിന്റേയും സേവനം ആവശ്യമെങ്കിൽ ഉറപ്പു വരുത്തുക.
10. ഭിന്നശേഷിയുള്ള കുട്ടിയാണെങ്കിൽ പ്രത്യേക അധ്യാപകരുടെ സേവനം ലഭ്യമാക്കുക.
11. സൗജന്യ നിയമ സേവനം ഉറപ്പാക്കുക.
12. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ശുപാർശയുടെ

അടിസ്ഥാനത്തിൽ സപ്പോർട്ട് പേഴ്സനെ നിയമിക്കുക

13. തുടർ വിദ്യാഭ്യാസം ഉറപ്പു വരുത്തുക.
14. കേസിന്റെ സ്വകാര്യത ഉറപ്പു വരുത്തുക
15. പോലീസ് സൂപ്രണ്ട് കൂടാതെ ജില്ലാ മജിസ്ട്രേറ്റ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളുടെ ഫോൺ നമ്പരുകൾ കുട്ടിക്ക് ലഭ്യമാക്കുക.

തീയതി:

ഡ്യൂട്ടി ഓഫീസർ
(പേര് & സ്ഥാനപ്പേര്)

എനിക്ക് ഫോം എ. യുടെ ഒരു പകർപ്പ് ലഭിച്ചിരിക്കുന്നു.
(ഒപ്പ് : കുട്ടി/മാതാപിതാക്കൾ/രക്ഷിതാവ്)

## ഫോം – ബി

## പ്രാഥമിക മൂല്യനിർണ്ണയ വിവരം

| ഘടകങ്ങൾ | | |
|---|---|---|
| 1. | കുട്ടിയുടെ വയസ്സ് | |
| 2. | കുറ്റം ചെയ്തയാളുമായി കുട്ടിയ്ക്കുള്ള ബന്ധം | |
| 3. | കുറ്റകൃത്യത്തിന്റെ സ്വഭാവവും ആഘാതവും | |
| 4. | കുട്ടിക്ക് സംഭവിച്ച ശാരീരിക ആഘാതത്തിന്റേയും മാനസിക പീഡനത്തിന്റേയും ലഭ്യമായ വിവരങ്ങൾ | |
| 5. | ഏതെങ്കിലും വിധത്തിലുള്ള അംഗവൈകല്യം (ശാരീരികം/മാനസികം) കുട്ടിയ്ക്കുണ്ടോ ? | |
| 6. | കുട്ടിയുടെ മാതാപിതാക്കളുടെ സാമ്പത്തികാവസ്ഥ, കുടുംബത്തിലെ മൊത്തം കുട്ടികളുടേയും മറ്റ് അംഗങ്ങളുടേയും എണ്ണം, മാതാപിതാക്കളുടെ ജോലിയും മാസവരുമാനവും. | |
| 7. | കേസിനാസ്പദമായ കുറ്റകൃത്യത്തിന്റെ ആഘാതത്തിന് കുട്ടിക്ക് ചികിത്സ ലഭിക്കുന്നുണ്ടോ ? അല്ലെങ്കിൽ കുട്ടിക്ക് ചികിത്സ ആവശ്യമാണോ ? | |

| | | |
|---|---|---|
| 8. | മാനസിക പിരിമുറുക്കം ശരീരത്തിൽ മുറിവുകൾ, വൈദ്യചികിത്സ, അന്വേഷണം, വിചാരണ അല്ലെങ്കിൽ മറ്റ് കാരണങ്ങൾ മൂലം വിദ്യാഭ്യാസ അവസരം നഷ്ടപ്പെട്ടിട്ടുണ്ടോ ? | |
| 9. | കുറ്റകൃത്യം നടന്നത് ഒറ്റപ്പെട്ട സംഭവമാണോ അല്ലെങ്കിൽ ഒരു നിശ്ചിത കാലയളവിൽ സംഭവിച്ചതാണോ ? | |
| 10. | കുട്ടിയുടെ മാതാപിതാക്കൾ ഏതെങ്കിലും ചികിത്സയ്ക്ക് വിധേയരാണോ? അല്ലെങ്കിൽ മറ്റെന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങളുണ്ടോ ? | |
| 11. | കുട്ടിക്ക് ആധാർ നമ്പർ ഉണ്ടെങ്കിൽ അത് രേഖപ്പെടുത്തുക. | |

(ഒപ്പ്)

തീയതി : സ്റ്റേഷൻഹൗസ് ഓഫീസർ

## കുട്ടിയുടെ നിർവ്വചനം

| നിയമവും | നിർവചനവും |
|---|---|
| ഇന്ത്യൻ മെജോറിറ്റി ആക്റ്റ് | 18 വയസ്സ് |
| ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ) ആക്റ്റ് | 18 വയസ്സ് വരെ |
| ബാലവിവാഹ നിരോധന ആക്റ്റ് (കുട്ടി/പ്രായപൂർത്തി യാകാത്തവർ) | 18 വയസ്സ് പെൺകുട്ടികൾ ക്കും 21 വയസ്സ് ആൺകുട്ടി കൾക്കും |
| സൗജന്യവും നിർബന്ധിത വുമായ വിദ്യാഭ്യാസ ത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് | 14 വയസ്സ് വരെ |
| ബാലവേല (നിരോധനവും ക്രമപ്പെടുത്തലും) ആക്റ്റ് | 14 വയസ്സ് (നിരോധനം)<br>18 വയസ്സ് |
| ലൈംഗിക കുറ്റകൃത്യങ്ങ ളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് | 18 വയസ്സ് വരെ |

## കേരള സംസ്ഥാനബാലാവകാശ
## സംരക്ഷണ കമ്മീഷൻ

ഐക്യരാഷ്ട്രസഭയുടെ 2002 മെയ് മാസത്തിൽ കൂടിയ കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക സമ്മേളനം 'കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം' എന്ന ശീർഷകത്തോടു കൂടിയ രേഖ അംഗീകരിച്ചതിന്റെ വെളിച്ചത്തിലാണ് 2005 –ൽ കേന്ദ്ര സർക്കാർ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2005 പാസാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ബാലാവകാശ കമ്മീഷൻ സ്ഥാപിതമായി.

2013 ജൂൺ മൂന്നാം തീയതിയാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിലവിൽ വന്നത്. ചെയർപേഴ്സണും ആറ് അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷന്റെ ഘടന. കുട്ടികൾക്കായുള്ള ക്ഷേമ പദ്ധതികളും സുരക്ഷാ സംവിധാനങ്ങളും പരിശോധിക്കുകയും ബാലാവകാശ ലംഘനങ്ങൾ അന്വേഷണ വിചാരണ ചെയ്യുകയും അങ്ങനെയുള്ള കേസുകളിൽ നടപടികൾക്കാവശ്യമായ ശുപാർശകൾ നൽകുകയും ചെയ്യുക എന്നിവയാണ് കമ്മീഷന്റെ പ്രധാന ചുമതലകൾ.

കൂടാതെ സംസ്ഥാനത്ത് ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009, ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 എന്നിവയുടെ നിരീക്ഷണ ചുമതല സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് പ്രകാരം കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള ദേശീയ കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന കമ്മീഷനോ ഈ ആക്റ്റിൽ നിഷ്കർ

ഷിച്ചിട്ടുള്ള ചുമതലകൾക്ക് പുറമേ ആക്റ്റിലെ വ്യവസ്ഥകൾ അനുശാസിക്കുന്ന തരത്തിൽ നിരീക്ഷണം നടത്തേണ്ടതുമാണ്.

ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും കുറ്റകൃത്യവുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങളിൽ ദേശീയ കമ്മീഷനും അതാത് സംസ്ഥാന കമ്മീഷനുകളും 2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് പ്രകാരം നിക്ഷിപ്തമായ അതേ അധികാരങ്ങൾ തന്നെ ഉണ്ടായിരിക്കുന്നതാണ്.

| അടിയന്തര സഹായത്തിന് ബന്ധപ്പെടേണ്ട നമ്പറുകൾ | |
|---|---|
| പോലീസ് കൺട്രോൾ റൂം | 100 |
| എമർജൻസി ഹെൽപ്പ് ലൈൻ | 112 |
| ചൈൽഡ് ലൈൻ | 1098 |
| വനിതാ ഹെൽപ്പ് ലൈൻ | 1091 |
| സൈബർ പോലീസ് | 0471-2556179 |
| സൈബർ ക്രൈം ഹെൽപ്പ് ലൈൻ | 1930 |
| റെയിൽവേ പോലീസ് അലർട്ട് | 9846200100 |
| റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് (ആർ.പി.എഫ്) | 1322 |
| ഹൈവേ പോലീസ് ഹെൽപ്പ് ലൈൻ | 9846100100 |
| ക്രൈം സ്റ്റോപ്പർ | 1090 |
| ഷീ ടാക്സി 24 x 7 കോൾ സെന്റർ | 8590000543 |
| ആന്റി റാഗിംഗ് ഹെൽപ്പ് ലൈൻ | 1800 180 5522 (ടോൾ ഫ്രീ) |
| നിർഭയ ടോൾ ഫ്രീ നമ്പർ | 1800 425 1400 |
| ഫുഡ് അഡൽറ്ററേഷൻ ഹെൽപ്പ് ലൈൻ (ഭക്ഷ്യസുരക്ഷ) | 1800 425 1125 (ടോൾ ഫ്രീ) |
| മിത്ര | 181 |
| ദിശ | 1056 (ടോൾ ഫ്രീ) |
| 0471 255 2056 | |

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS


**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ**

റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ.

തിരുവനന്തപുരം – 695034, ഫോൺ: 0471– 2326603, 2326604, 2326605

ഇ–മെയിൽ: childrights.cpr@kerala.gov.in

വെബ്: www.kescpcr.kerala.gov.in